ങ്ങലത്തു പരമേശ്വരൻ വാസുദേവൻ.

(വിളങ്ങിപ്പേരു എക്സ്ട്രാക്റ്റു്)

കൈ എഴുതിയ ക്ലാർക്ക് സുബ്രഹ്മണ്യയ്യൻ, (ഒപ്പു്).

കുഡുംബപ്പൊരുതി സ്പെഷ്യൽ ആഫീസിൽ (ഒപ്പു്).

ഒത്തുനോക്കി ക്ലാർക്ക് ഹരിഹരയ്യൻ (ഒപ്പു്).

(സി. വി. റിക്കാർഡ്)

ക്യൂറേറ്റർ, വി. ധർമ്മരാജയ്യർ, (ഒപ്പു്).

(ശരിപകർപ്പു്)

Document No. XII (b)

ഇരാമചെയം.

വഞ്ചിയൂർ മേൽകണക്കാനം തിരുവനന്തപുരംദേശം.

കരവേലം കളംവകപുരയടം അനുഭോഗം.

കാരകോട്ടുവീട്ടിൽ കാളി തേവി മുതൽ പേർ പേർക്കു നങ്ങേലി കാളി മുതൽ പേർ പേരിൽ

൯൯൨-ാമാണ്ട്.

കാരകോട്ടുവീട്ടിൽ കാളി തേവി മുതൽപേർക്കു നങ്ങേലി കാളി മുതൽപേർ കരവേലം കളംവകപുരയടം അനുഭോഗം. വഞ്ചിയൂർ അധികാരത്തിൽ തിരുവനന്തപുരംദേശത്തു കോട്ടയ്ക്കകത്തു വലിയകോയിക്കൽവകത്തു വ്യൻ-ൽ കാരകോട്ടുവിളാകം പുരയടം ഒന്നുക്കു എതൃക. തെൻവടൽ രാജവഴിക്കു മേക്കു ആസ്ത്തറക്കും ഇടവഴിക്കും വടക്കു കോയിക്കൽവിളാകത്തിനും വലിയകോയിക്കൽ മുററവെളിക്കും കിഴക്കു വടക്കെ മണ്ഡപത്തുംവാതുക്കൽ മുററവെളിക്കും തെക്കു മാക ടി പുരയടം ഒന്നുക്കു മുൻപാട്ടം പണം ൧൩ മുക്കാലേഅരക്കാലുക്കു ടി പുരയടത്തിനു നാള്ളത്തു കണ്ട തെങ്ങു ൫൭-ൽ കുഴി വ്യ-ം തൈ ൻ-ം കൊന്ന രണ്ടും ആകെ തെങ്ങു ൧൯-ം നീക്കി തെങ്ങു ൩൩-ക്കു ഒന്നാംതരം തെങ്ങു മൂന്നുക്കു പാട്ടം പണം ൩-ം രണ്ടാംതരം തെങ്ങു ൧൦-ക്കു പാട്ടം പണം ൭അരയും മൂന്നാംതരം തെങ്ങു ൧൪-ക്കു പാട്ടം പണം വ്യമുക്കാലും നാലാംതരം തെങ്ങു ൻ-ക്കു പാട്ടം പണം ൪അരയും ആക തെങ്ങു ൩൩-ക്കു പാട്ടം പണം ൨൩മുക്കാലും മൂന്നാംതരം പ്ലാവു ൧-ക്കു പാട്ടം പണം അരഅരയ്ക്കാലും തൈ കമുകു രണ്ടും ടി പുരയിടം ൧-ക്കു പാട്ടം കണ്ട പണം ൨൪ കാലഅരയ്ക്കാലുക്കു,

ടിക്കു മുന്നാം ൻ൨൪-ാമാണ്ടു ആനിമാസം ൻ-൩- കരവേലംകുളം ശ്രീപണ്ടാരത്തിൽനിന്നും കാരകാട്ടുവീട്ടിൽ മാതേവി ചക്കിക്കും ഉണിക്കാളി ഈച്ചിക്കും കൂടി ടി പുരയടത്തിനും ടിയാഠം കരവേലംകുളം പൂജക്കു നാളൊന്നുക്കു അളവു ഉണക്കൽഅരി ൧ പറ ൨ അരയ്ക്കു ഇരട്ടിയാൽ നെല്ലു ൨ പറ അഞ്ചും നീക്കി കുത്തുകൂലി നെല്ലു ൩-കാലും ഉച്ചപ്പൂജക്കിടാരത്തിൽ ചോറു മട ആറും അത്താഴപ്പൂജയിൽ ചോറു മട ൩-ം ആക ചോറു മട ൻ-ം കൂടി എഴുതിക്കൊടുത്ത തിരുവടയാളം ചാത്തിയ അനുഭോഗ ഓലപ്പടി. ടി പുരയിടത്തിന മുന്നിരുപ്പും പടിക്കു ആറിലൊന്നു മിച്ചവാരം ൨ പണം അരയ്ക്കാലുക്കു ൻൻ൨

മുന്നൊട്ടിൻപടി ൻ൩ ൪-ാമാണ്ടു പൈങ്കുനിമാസം ൧൧-നു- ശ്രീപാദമൂലയിൽകാര്യകാട്ടു വീട്ടിൽ കാളിദേവി മുതൽപേർ പേക്കു ടി പുരയടത്തിനു എഴുതികൊടുത്ത പതിവു ചീട്ടുംപടി മുന്നിരുപ്പിൽ കൂടിയ പണം ൨ അരേഅരയ്ക്കാലും

ആ കവകരണ്ടിനാൽ മുന്നിരുപ്പു പണം ൨ മുക്കാലുക്കു

നാളതു പാട്ടം കണ്ട പണം ൨ ൪കാലേഅരയ്ക്കാലുക്കു

മുന്നിരുപ്പുപടി ആറിൽ ഒന്നു മിച്ചവാരം പണം ൪ മാകാണിക്കു

മുന്നിരുപ്പു പണം ൨ മുക്കാലും

കണ്ടെഴുതി കൂടുതൽ പണം ൧ കാലേമാകാണിയും

ആകെ വക ൨-നാൽ ആണ്ടൊന്നുക്കു അനുഭവമിച്ചവാരം പണം ൪ മാകാണി.

(വിളങ്ങിപ്പേരു എക്സ്ട്രാക്ട്)

കൈ എഴുതിയ ക്ലാർക്ക് സുബ്രഹ്മണ്യൻ (ഒപ്പ്.)

കുഡുംബപ്പൊരുതി സ്പെഷ്യൽ ആഫീസിൽ.

ഒത്തുനോക്കി ക്ലർക്കു ഹരിഹരയ്യൻ (ഒപ്പ്)

(സി. വി. റിക്കാർഡ്)

ക്യൂറേറർ, വി. ധമ്മരാജയ്യർ (ഒപ്പ്.)

(ശരിപകർപ്പ്)

Document No. XII (c)

ഇരാമചെയം.

വഞ്ചിയൂർ മേൽക്കങ്കാണം. വഞ്ചിയൂർ അധികാരം. തിരുവനന്തപുരം ദേശം.

കരുവേലം കുളംവക അനുഭോഗം.

മൂഴിക്കരവീട്ടിൽ പെരുമാറ കാളിപേരിൽ

ൻൻ൨ ാമാണ്ടു.

മൂഴിക്കരവീട്ടിൽ പെരുമാറ കാളിപേരിൽ കരുവേലംകുളംവക പുരയടം അനുഭോഗം. വഞ്ചിയൂർ അധികാരത്തിൽ കോട്ടയ്ക്കകത്തു വടക്കം ഗോപുരംവട്ടത്തു ൨ ൪ ൧-ൽ മൂഴിക്കരവിളാകം പുരയടം ൧-ക്കു എൽക. മേടവിളാകത്തിനും മന്തിരത്തുവിളാകത്തിനും മേക്കു ചെക്കാലവിളാക

ത്തിനും വടക്ക തെരുവിനും കിഴക്ക മേടവിളാകത്തിനും നടന്താടി മട വിളാകത്തിനും തെക്കുമാക ടി പുരയിടം ഒന്നുക്ക മുൻപാട്ടം പണം ൨ൻ അരയ്ക്ക നാളുള്ള കണ്ട തെങ്ങ ൰൦൨-ൽ തൈ ൬ൻ-ം കൊന്ന രണ്ടും ആകതെങ്ങ ൪൰·൦ നീക്കി തെങ്ങ ൬൰ ക്ക ഒന്നാംതരം തെങ്ങ ൦൰-ക്ക പാട്ടം പണം ൰൰-ം

രണ്ടാംതരം തെങ്ങ ൨൬-ക്ക പാട്ടം പണം ൰ൻ അരയും
മൂന്നാംതരം തെങ്ങ ൰൪-ക്ക പാട്ടം പണം വ്യമുക്കാലും
നാലാംതരം തെങ്ങ ൰൦-ക്ക പാട്ടം പണം ൩-ം
ആകതെങ്ങ ൬൰-ക്ക പാട്ടം പണം ൪൪ കാലും
തൈപ്പാവു ൪-ം
കമുക ൯൰-ൽ തൈ കമുക ൨൰·൦ നീക്കി കമുക ൰൦-ക്ക
മൂന്നാംതരം കമുക നാലുക്ക പാട്ടം പണം അരയും
നാലാംതരം കമുക ൬-ക്ക പാട്ടം പണം കാലേഅരയ്ക്കാലും
ആക കമുക ൰൦-ക്ക പാട്ടം പണം മുക്കാലേ അരയ്ക്കാലും

ആക പുരയിടം ഒന്നുക്ക പാട്ടം കണ്ട പണം ൪൩ അരയ്ക്കാലുക്ക ടി പുരയിടത്തിൽ മുൻ ൻ൨ ൪-ാമാണ്ട ആനിമാസം ൻ-ൻ- കരുവേലംകുളം ശ്രീപണ്ടാരക്കാര്യം ചെയ്യാർകളേം. ടി വീട്ടിൽ ഈച്ചി പെരുമാറം പേർക്ക എഴുതികൊടുത്ത അനുഭോഗ ഓല ഒന്നിൽ ടി പുരയിടത്തിനും ടി യാറം പൂജക്ക അളവു അരി ൧ അരയ്ക്കും ഇരട്ടി നെല്ല ൰പറ ൩-ം നീക്കി കുത്തുകൂലി നെല്ല് ൯മുക്കാലും ഉച്ചപൂജകിടാരത്തിൽ ചോറുമട ൧-ം കരുവേലംകുളം പൂജകിടാരത്തിൽ ചോറു മട ൰-ം രാമൻ ചോറു ചിലവിൽ ചോറു മട ഒന്നും ആക ചോറു മട ൻ-ക്കും കൂട എഴുതിക്കൊടുത്ത അനുഭവഓലപ്പടിക്ക ടി പുരയിടം ഒന്നുക്ക മുണിറുപ്പു പണം ൨ കാലുക്ക

(വിളങ്ങിപ്പേര എക്സ്ട്രാക്ട്)

കൈ എഴുതിയ ക്ലർക്ക് സുബ്രഹ്മണ്യയ്യൻ (ഒപ്പ്.)
കഢംബപ്പേറുതി സ്പെഷ്യൽ ആഫീസിൽ
ഒത്തുനോക്കി ക്ലർക്ക് ഹരിഹരയ്യൻ (ഒപ്പ്.)
(സി. വി. റിക്കാഡ്)
ക്യൂറേട്ടർ, വി. ധർമ്മരാജയ്യർ (ഒപ്പ്.)
(ശരിപകർപ്പ്)

Document No. XII (d)
ചുരുണനാമ്പ്ര ർൻ.

൧൦൧൨-ാമാണ്ടത്തെ പുരയടം വക വിളങ്ങിപ്പേരത്

രാമജയം.

കരുവേലം കുളംമറംവക പുരയടം അനാലോഗം ആയിരുന്നതു നാളത്തു ടി വക പാട്ടം.

ചെന്തിട്ടതെരുവിൽ കോമുട്ടി കൃഷ്ണൻ ചെട്ടിയാർ കുപ്പൻചെട്ടിയാർ മുതൽപേർ പേരിൽ

൧൦൧൨-മാണ്ടു.

ചെന്തട്ടതെരുവിൽ കോമുട്ടി കൃഷ്ണൻ കുപ്പൻ ചെട്ടിയാർ മുതൽ പേർ പേരിൽ കരുവേലംകുളംമറംവക പുരയടം പാട്ടം. വെള്ളക്കോട്ടു ദേശത്തു ചാലയിൽ മുറിയിൽ നമ്പ്ര-ൽ വലിയവിളപുരയടം തിരുമല രാമസ്വാമികടിയിരിപ്പിനം മേക്കു തട്ടുപുരയടം ൧-ം അളന്നു കണ്ടതാക കിഴമേൽ കമ്പു ന്നു മുക്കാലും തെൻവടൽ കമ്പു ൫-ം ഒള്ള തട്ടു ൧ ക്കു മുൻപാട്ടം പണം ൧-ക്കു നാളത്തു ടി പുരയടത്തിൽ വൃക്ഷം ഇല്ലാഴ്കിക കൊണ്ടു പെരുക്കം നമ്പ മുക്കാലുക്കു പയറവുപാട്ടം ഇടങ്ങഴി അരേഅര മാഹാണിക്കു പാട്ടം പണം അരയ്ക്കാലക്കു

പണ്ടാരവകക്കു വൃൽ ഒന്നു ഇറപ്പു പണം മാഹാണിക്കു

വിളങ്ങിയവക.

മുന്നിറപ്പുപണം അരക്കാലു കുറവു പണം മാഹാണിയും നീക്കി ഇറപ്പുപണം മാഹാണി.

(വിളങ്ങിപ്പേരിനു പകർപ്പു)
കൈ എഴുതിയകഡംബപ്പെറുതി സ്പെഷ്യലാപ്പീസിൽ
ക്ലാർക്ക് സുബ്രഹ്മണ്യയ്യൻ (ഒപ്പ്)
ഒത്തുനോക്കി. സെൻട്രൽ റിക്കാർട്ടിൽ ക്ലാർക്ക് ഹരിഹരയ്യൻ (ഒപ്പ്)
ക്യൂറേറർ വി. ധർമ്മരാജയ്യർ (ഒപ്പ്.)

DOCUMENT No. XIII.

Before

Dewan Bahadur C. Vencobachariar, Chief Justice,

and

Mr. Justice Kunhiraman Nair.

MADHAVAN PADMANABHAN (Plaintiff), Appellant,

v.

MATHEVAN NARAYANAN and 5 others (Defendants), Respondents.

S. N. Krishna Iyer, Vakil for Appellant.

G. Sankara Pillai, .. Respondents.

Service Inam lands, called *Kudumbaporuthi* · Future and past service—Section 7 A, Civil Procedure Code—Hereditary Servants—Sripadmanabhaswami Pagoda.

There are two sorts of Kudumbaporuthi grants, (1) granted in consideration of past services of meritorious conduct and (2) granted in consideration of future services agreed to be rendered. The first kind of grant is not resumable or recoverable by the grantor: while the second, intended simply as wages for future services, may be resumed under certain circumstances and is intended by the Legislature to be brought within the purview of Section 7 A, Civil Procedure Code.

The fact that certain grantees are hereditary servants of Sri Padmanabhaswami Pagoda and have to perform services for which there are also special perquisities allowed is no conclusive proof of their grants having been made for future services alone.

JUDGMENT.

The plaintiff, a Hindu Vellala, brought the original suit in the Munsiff's Court for partition of the immovable property specified in the plaint, alleging that he followed the ordinary Hindu Law of Inheritance, Makkatayam, and is entitled to a share in the plaint property belonging to the undivided family of which he and the defendants are members. The main defence was that the family followed the Marumakkatayam Law of Inheritance and that no partition can be enforced, but the Munsiff over-ruled the defence and gave a decree substantially in favour of the plaintiff. On appeal the Second Judge of the Trivandrum District Court reversed this decree and dismissed the suit on the sole ground that the Civil Courts are incompetent to take cognisance of this suit as it related to a land held on Service Inam tenure, the cognizance of such suits without the previous sanction of Government having been prohibited by the provisions of Section 7 A, of the Civil Procedure Regulation. The Judge below, however, seems to have overlooked the explanation to Section 7 A,

which shows clearly that cognizance of suits relating to lands granted as a reward for past services was not intended to be barred, and the Judge seems further to have jumped to the conclusion that because the land is admitted to have been originally granted by the Sirkar as the representative of Sripadmanabhaswami temple on Kudumbaporuthi tenure to the family of a third party from whom the ancestors of the parties obtained it on Otti Kuzhikanom Mortgage, the land must be treated as a Service Inam land within the meaning of Section 7 A. There are two sorts of Kudumbaporuthi grants (1) granted in consideration of past services or meritorious conduct, and (2) granted in consideration of future services agreed to be rendered. The first kind of grant is not resumable or recoverable by the grantor, but the second kind, intended simply as wages for future services may be resumed under certain circumstances. The latter kind of Kudumbaporuthi grant alone and not the first kind was intended to be brought within the purview of Section 7 A, is clear from the explanation attached thereto, and the Judge below ought to have determined whether the grant was for past services or future services before applying the provisions of this section. The Judge below referred in his judgment to an admission made by the plaintiff's Vakil, but as no record of the admission was to be found on the record, the Judge was called upon for explanation and the parties were granted time for the production of evidence as to the nature of the Kudumbaporuthi grant. The explanation since received from the Lower Court and the Vakil's statements now sent up show that the Judge must have acted under a misapprehension of what the Vakil said. His admission was simply that the grant was made to support the dignity (Stanom) of the family, and it is quite consistent with this admission that the grant was for past services. The extract from the Grandha Vari kept in the Sripadmanabhaswami Pagoda now filed as Exhibit No. 9 does not enable as to find distinctly the grant was for future services alone, and the fact that the grantees are hereditary servants of the pagoda and have to perform services for which there are also special perquisites allowed in the shape of an allowance of boiled rice &c., is no conclusive proof of this grant having been made for future services alone. It seems, however, needless to pursue the inquiry on the point further in this case to which neither the grantor nor the grantee is a party and in which the original grant itself is not produced. The parties to this suit claim under a mortgage from the grantee of Sripadmanabhaswami Devaswom, and the mortgage would not be valid if the grant was one made for future services alone. Lands granted for future services are inalienable, and the present suit being one for partition of the rights of the mortgagees which alone the family of these parties hold on the land, the defendants who claim under the mortgage on the footing of its being valid cannot at the same time be permitted to say that the mortgagor held on condition of performing future services. As between the parties to this suit, the land in question may, we think, be properly held to be of the description covered by the explanation to Section 7 A, and the cognizance of

this suit must, therefore, be held not barred. The Zilla Judge's decision on the preliminary point will be reversed and the case remanded to the Zilla Court for decision of the appeal on the merits, the Munsiff having decided the suit on the merits. The costs of this appeal will be provided for in the revised decree.

XVI. T. L. R. 31.

(True extract.)

K. N. KESAVA PILLAI,
Special Officer.

Document No. XIV.

കുടുംബപ്പെരുതി ചുരുണ നമ്പ്ര തിരിവു. ൨൭.

ശ്രീരാമജയം.

൧൦൧൭-മാണ്ടു മാശിമാസം ൨൩-നു തിരുവനന്തപുരം മതിലകത്തു തിരുമേനികാവൽ കാത്തുപോന്ന ഉള്ളാട്ടുവീട്ടിൽ കല്പറ അയ്യപ്പൻ പത്മനാഭൻ മുതൽപേരു ൧൦൦൯-ാമാണ്ടു വഞ്ചികയിൽ പണം ഇടുമ്പോൾ പണം മോഷ്ടിച്ചസംഗതിക്കും ൧൦൧൪-ാമാണ്ടു ആടിമാസം ൨൭-നു ശ്രീമുഖമണ്ഡപത്തിൽ തൂക്കിയിരുന്നതിൽ രണ്ടു വെള്ളി തൂക്കുവിളക്കു മോഷണംപോയ സംഗതിക്കും കൂട ടിയാൻ മുതൽപേരെ തിരുമേനികാവൽ സ്ഥാനത്തിങ്കൽ നിന്നും നീക്കം ചെയ്തു മെല്പടി സ്ഥാനത്തിലും തറവാട്ടിലും ഉടയതാക തിരുവനന്തപുരം വടക്കു മണ്ടപത്തുംവാതുക്കൽ ചേന്ന വട്ടിയൂർക്കാവു അധികാരത്തിൽ ചിറ്റാറ്റുകരദേശത്തു നള്ളത്തുവീട്ടിൽ നാരായണൻ രാമൻ മുതൽപേരെ ൧൦൧൭-ാമാണ്ടു മാശിമാസം ൧൭-നു മുതൽ വീട്ടുവച്ചു അകത്തു അറിവിച്ചു വട്ടകപ്രസാദം കൊടുത്തു തിരുമേനികാവൽ ആക്കി അനുവിട്ടവകക്കു മെല്പടിവീട്ടിൽ തിരുമേനികാവൽ ഉൾപ്പെട്ട പ്രവൃത്തിക്കു കൊടുത്തിരിക്കുന്ന കുടുംബപ്പെരുതി നിലം പുരയിടം കുടിയിരിപ്പു ഉൾപ്പെട്ട അനുഭോഗങ്ങളും മെല്പടിയാൻകൾക്കു കൊടുപ്പിക്കുന്നവകക്കു കണക്കു ഗ്രന്ഥവരി മുതലായതു ശോധനചെയ്തു എഴുതിയ വയ്യോല.

തിരുമേനികാവൽവഴിയിൽ ഉള്ളാട്ടുവീട്ടിൽ കല്പറ പെരുമാൻ ചെന്നൻ പേരിൽ ൯൨൭-ാമാണ്ടു കരുവേലം കളംവക മുട്ടത്തറ ശ്രീപണ്ടാരവകയിലിവാരം തിരുവനന്തപുരംദേശത്തു മുട്ടത്തറ ഏലായിൽ

ഉള്ളാട്ടുകോണത്തു ൧൯൯-ൽ മൂലയിൽ കണ്ടം തടി ൧ നിലം ൩ പറ യിൽ ൯൨൩-മാണ്ടു കാംഭം കോട്ട വെട്ടിക്കുറവു നിലം ൧ പറ ൩-ം നീക്കി തടി ൧ നിലം ൧ പറ ൩-ം, മെല്പടിയിൽ ൧൯൪-ൽ തെക്കു മ്മുറി തടി ൧ നിലം ൨ പറ ൩-ം ആകത്തടി ൨ നിലം ൪ പറക്കു ടിയിൽ കണ്ടം തടി ൧ നിലം ൩ പറയും ആകത്തടി ൩ നിലം ൭ പ റക്കു എട്ടുക. ഉള്ളാട്ടുപുരയടത്തിനും മൂലയിൽ കൊത്തളത്തിനും മേ ക്കു പുനവൂർ വയലിനും മേടയടിക്കും വടക്കു മേല്പടിയിൽ തോട്ടുവരമ്പു പുരയടത്തിനും കിഴക്കു മേല്പടി തോട്ടുവരമ്പു പുരയടത്തിനും തെക്കുമാക മേല്പടി തടി ൩ നിലം ൭ പറക്കു പാട്ടം നെൽ മേല്പടിയിൽ ൨൯൭-ൽ ചവരിക്കുഴി തടി ൧ നിലം ൧ പറ ൧-ം കോട്ടവെപ്പാക കാവു മേല്പടിയിൽ ശ്രീവരാഹക്കരവട്ടത്തു ൧൭൧-ൽ

മുന്നൊട്ടുംപടി മേല്പടിയിൽ ൧൪൦-ൽ കതമ്പാക്കുഴി തടി ൧ നി ലം ൧ പറയും ആകത്തടി ൪ നിലം ൩ പറ ൩൭ ക്കു എൽക കണ്ട റക്കം.

ശേഷം വസ്തുവിവരം തുടൎന്നു എഴുതികാണുന്നു.

ഹെഡ് ക്ലാൎക്ക പരമേശ്വരൻപിള്ള (ഒപ്പു്.)

മതിലകം ആ. കാൎയ്യക്കാർ (ഒപ്പു.)

Document No. XV.

ശേഖരിപ്പു.

മുദ്ര.

നീട്ടു്.

തിരുവനന്തപുരംദേശത്തു ശ്രീപാദം (പൊടിവു്) നാലുവീട്ടുവക യിൽ കല്ലാലത്തു വീട്ടിൽ നിന്നും പെരുമാൾ ശ്രീപത്മനാഭപ്പെരുമാൾ ക്ഷേത്രത്തിൽ നടത്തുവാനുള്ള പ്രവൃത്തികൾ വളരെക്കാലമായി അവർ നടത്താതെ ഒഴിഞ്ഞിരിക്കുന്നതിനാൽ ആ വീട്ടിൽനിന്നും നടത്തിവന്ന പ്രവൃത്തികൾക്കും സ്ഥാനമാനങ്ങൾക്കും തിരുവനന്തപുരം മണ്ഡപത്തും വാതുക്കൽ പാൽക്കുളങ്ങര അധികാരത്തിൽ ഉദയാദിച്ചപുരത്തു കുഞ്ചുവീ ട്ടിൽ നിന്നും വഞ്ചിയൂർ അധികാരത്തിൽ അത്താണിയിൽ കുഴിവിളാക ത്തുവീട്ടിൽ പാൎക്കുന്ന നാരായണി കുഞ്ചുലക്ഷ്മിയേയും കല്ല്യാണി ജാനകി

യെയും കുഞ്ഞി നാരായണിയേയും കുഞ്ഞി കൊച്ചുപാർവതിയേയും കുഞ്ഞുലക്ഷ്മിയുടെ മകൾ കമലാക്ഷിയേയും ജാനകിയുടെ മകൾ ഭാഗീരഥിയേയും നാരായണിയുടെ മകൻ നാരായണൻ ശങ്കരനേയും ദത്തവകാശമാക്കി കൊടുക്കണമെന്നാടി കുഞ്ഞുലക്ഷ്മി മുതൽപേരു സങ്കടം വച്ചു സാധിക്ക എഴുതി അയച്ചിരുന്നതിനെ എഴുന്തയച്ചിരുന്നതിലെയ്ക്കു വിചാരണ നടത്തിയതിൽ ഇവർ ഇല്ലക്കാറരും പൂർവകുഡുംബത്തിലെ അവകാശം പിരിച്ചു ദത്തവകാശമാക്കുന്നതിൽ വിരോധമില്ലാത്തതുമാ (പൊടിവു) വനന്തപുരം താലൂക്കിൽ നിന്നും എഴുതിച്ചെന്നി (പൊടിവു) വരത്തിന തിരുവനന്തപുരം ഡിവിഷനിൽനിന്നും എഴുതിയ സാധനം ചെല്ലുകയാൽ റിക്കാർഡുകളയച്ചു ഹജൂരിൽനിന്നും എഴുതിയ മറുപടി വന്നിരിക്കുന്നതിന്മണ്ണം മേലെഴുതിയ നാരായണി കുഞ്ഞുലക്ഷ്മി മുതൽ പേരെ അവരുടെ പൂർവകുഡുംബത്തിലെ അവകാശം വിട്ടൊഴിച്ചു കല്ലാലത്തുവീട്ടിൽ നിന്നും നടത്തിവന്ന പ്രവൃത്തികൾക്കും സ്ഥാനമാനത്തിനും പ്രവൃത്തിക്കുള്ള കുട്ടം ബപ്പോരുതി വസ്തുവായ കല്ലാലത്തു വീട്ടുപേരു വച്ചു ൧൦൮൮-ാമാണ്ടു ചിങ്ങമാസം ൨൦-ാനു അവകാശമാക്കുകയാൽ നാളതുമുതൽ ആചന്ദ്രതാരമെ സന്തതിപ്രവേശമെ കല്ലാലത്തുവീട്ടിൽനിന്നും കീഴ്മര്യാദനടന്നുവന്ന സംബന്ധവും സ്ഥാനമാനവും നടത്തി, ആവകയ്ക്കുള്ള അവകാശവും പററി പെരുമാറം ശ്രീപത്മനാഭപ്പെരുമാൾക്ഷേത്രത്തിൽ സംബന്ധത്തിനും അതിലേക്കു (പൊടിവു) രുതിയായുള്ള വസ്തുക്കൾക്കും ഉടയതായി നടന്നു (പൊടിവ്) ചെയ്ക.

ഇതു ൧൦൮൮-ാമാണ്ടു ചിങ്ങമാസം ൨൦-ാനു
കല്പിത്തമെയ്ക്കു നാരായണി കുഞ്ഞുലക്ഷ്മി മുതൽപേർക്കു നീട്ടു എഴുതിവിട്ടു എന്നു തിരുവുള്ളമായ നീട്ടു.

തിരുവടയാളം.

(ശരിപകർപ്പ്.)

Document No. XVI.

വഞ്ചിയൂർ അധികാരത്തിൽ ചെങ്ങഴശ്ശേരി പകുതിയിലെ
പേർപിടിക്കലുള്ള വിചാരണപുസ്തകം. ൫൭

൧	കേസ് നമ്പർ		൭൰൬൯
൨	തടസ്സക്കാരൻ / പാട്ടക്കാരന്റെ പേർ	നമ്പർ	
		പേർ	റ.യ്യാമ്പല വീട്ടിൽ കാളി മാതേവിയും മഹേശി നങ്ങേലിയും
൩	പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ	നമ്പർ	
		പേർ	പാൽക്കുളങ്ങര അധികാരത്തിൽ വൈയ്യാമ്പല മുറിയിൽ വൈദ്യാമ്പല വീട്ടിൽ കണക്ക നാരായണൻ പത്മനാഭൻ
൪	ജന്മിയുടെ പേർ		വഞ്ചിയൂർ അധികാരത്തിൽ ആറന്തർ പരമ്പടി വീട്ടിൽ കാളി പത്മനാഭൻ
൫	വിസ്താരക്ഷേൻ പടി	നമ്പർ	ഫന്പർ ൧
		ലക്ക്	ബി
൬	ഇനം		പണ്ടാരമഠം വക കുടുംബപ്പാട്ടം
൭	നിലമോ പുരയിടമോ എന്നും ഒഴികഴിവ് പടി മുക്കവും പേരും		ആറന്തർമറി ഫന്പ ൧-ൽ വാരവിളാകവും ഫന്പ ൮-ൽ മണ്ണടിപ്പറമ്പ് പുരയിടവും ഫന്പ ൯-ൽ ആറരവരമ്പും കണ്ണേറ തോട്ടവരമ്പും പുരയിടം

വഞ്ചിയൂർ അധികാരത്തിൽ ചെങ്ങഴശ്ശേരി പകുതിയിൽ
ചേർപ്പാക്കിയിട്ടുള്ള [illegible] പ്രസ്സ് - ൦. ൭൫ (തുടർച്ച)

ക്രമനമ്പർ	വിസ്തീർണ്ണം				രേഖകളുടെ സംക്ഷിപ്തവും സ്വഭാവം	അധ്യായവും മറ്റു സാക്ഷ്യം
	മുൻകണക്കിൻ പടി		സർവ്വേയിൻ പടി			
	ഏ.	സെ.	ഏ.	സെ.		
	൮				൯	൧൦
൧൩൩൬	...	൭൧			൧ - മതു കാലത്തിൽ പറയുന്ന പ്രസ്സ - തന്റെ വയസ്സ്‌ അമ്മയുടെ കാളി [illegible] ... [illegible] ... അവർ മരിച്ചതിൽ പിന്നീട എന്റെ അമ്മയുടെ ഓറി കെട്ടുന്ന ഓറിക്കാരൻ അനുഭവിച്ചുവരുന്നു. മരിക്കുന്ന എന്റെ അമ്മയും മരിച്ചുപോയി അവകാശിയായി ഞാൻ അല്ലാതെ വേറെ ആരുമില്ലാ ഇതിന്മേൽ ബോധ്യപ്പെടുത്തുവാൻ സർക്കാർ കണക്കല്ലാതെ വേറെ പ്രമാണം യാതൊന്നും ഇല്ലാ ആ വക പ്പട്ടി എന്റെ പേർക്കു പട്ടയം തരുവിപ്പാറാകണം. മൊഴി കെട്ട ശരി പാൽക്കുളങ്ങര അധികാരത്തിൽ ചെറുവക്കലൂർ വീട്ടിൽ കണക്ക നാരായണൻ പത്മനാഭൻ (ഒപ്പ്) ൧൦൩൫-ാമാണ്ട മാർകഴിമാസം ൨൧-ന	൧൦൩൨-ാമാണ്ട വൈകാശിമാസം ൩-ാം- തന്നെപ്പോലെ കാരായ്മ കാളി [illegible] പേർ വകക്ക നിർത്തി പണം കരം തീർത്തു മടക്ക ഇനം കാണിക്കുന്നു

വഞ്ചിയൂർ അധികാരത്തിൽ വെങ്ങഴശ്ശേരി പകുതിയിലെ
പേർപിടിക്കുള്ള വിചാരണപുസ്തകം. ൩൭ (തുടർച്ച)

കേസ്നമ്പർ	പേർപിടിക്ക സംബന്ധിച്ച കക്ഷികളുടെ സമ്മതപത്രം ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തുള്ള ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
	൧൧	൧൨
൧൩൬൬	൧-ാമതു കോളത്തിൽ എഴുതിയിരിക്കുന്ന വസ്തുക്കൾ ൧൦൩൪-ാമാണ്ടു വിളങ്ങിയപ്പു തണക്കിൽ വയ്യാമൂല വീട്ടിൽ കാളി മാതേവിയും മാതേവി നങ്ങലിയും മൂന്നു പേർ പേരിൽ പതിഞ്ഞിട്ടുള്ളതായി കാണുന്നു ഇവർക്കുള്ള വിളങ്ങിയപ്പിൽ വിവരം വിളങ്ങിയിട്ടുള്ളതായി കാണുന്നില്ല ൧൦൩൪-ാമാണ്ടു ആനിമാസം ൨൯-ാംനു- വഞ്ചിയൂർ അധികാരത്തിൽ കണക്ക എഴുത്തു വെലുപ്പിള്ള (ഒപ്പു) തണ്ടപ്പേരിൽ പതിവും ഉന്നവും ലക്കവും ശരി ഈ വസ്തുക്കളുടെ സംബന്ധപ്രമാണം തിയാകുന്നു ൧൦൩൪-ാമാണ്ടു പുരട്ടാതിമാസം ൨൧-ാംനു- വഞ്ചിയൂർ അധികാരത്തിൽ കണക്ക എഴുത്തു വെലുപ്പിള്ള (ഒപ്പു്) ഈ വസ്തു പേരുമാറി പതിക്കുന്നതിലേക്കു സർക്കാർ സംബന്ധമായി യാതൊരു വിരോധവും പേരെ ഒന്നും കാണുന്നില്ല വഞ്ചിയൂർ അധികാരത്തിൽ കണക്ക വെലുപ്പിള്ള (ഒപ്പു്)	൧-ാമതു കോളത്തിൽ എഴുതിയിരിക്കുന്ന വസ്തു തണ്ടപ്പേരുകാരനിൽ മാതേവി കാളി ൧൦൩൬-ാമാണ്ടു കാർത്തികമാസം ൧൮-ാംനു- ൨൦൧൧ നമ്പർ അത്തം പിച്ച രജിസ്റ്റർ മാർഗ്ഗം എന്റെ പേർക്ക് എഴുതി തന്നിട്ടുള്ള ഒറ്റിയും കുഴിക്കാണവും ആധാരങ്ങളും പടി ഈ വസ്തു ഞാൻ അനുഭവിച്ചുകരാറിൽ നടന്നുവരുന്നു തണ്ടപ്പേരുകാർ രണ്ടുപേരും ഇപ്പോൾ മരിച്ചുപോയി അവകാശിയായി കണക്ക നാരായണൻ പത്മനാഭൻ നെല്ലമൺ അധികാരത്തിൽ ആറാംകാലിൽ കാഞ്ചീപുരത്തു വീട്ടിൽ താമസിക്കുന്നു ഒറ്റിയും കുഴിക്കാണവും ആധാരം ബോധപ്പെട്ടതിനെ തിരിച്ചു വാങ്ങിച്ചിരിക്കുന്ന അനുഭവക്കാരനായ വഞ്ചിയൂർ അധികാരത്തിൽ ആറന്നൂർ പറയടിവീട്ടിൽ കാളി പത്മനാഭൻ (ഒപ്പ്) ൧൦൩൪-ാമാണ്ടു ആവണിമാസം ൨൮-ാംനു- ഒറ്റി മൊഴി വാങ്ങിച്ചു -ഡി-സ്റ്റ ഇൻസ്പെക്ടർ മാതവൻപിള്ള (ഒപ്പ്) അപേക്ഷക്കാരനെയും അപേക്ഷവസ്തുവിനെയും അറിയും തണ്ടപ്പേരുകാർ രണ്ടുപേരും അപേക്ഷക്കാരനു വല്യമ്മയാണ അവരും മരിച്ചുപോയി ൧൨-മതു കോളത്തിൽ പറയും മാതേവി കാളിയും അമ്മതന്നെ അവരും മരിച്ചുപോയി അവകാശിയായി അപേക്ഷക്കാരനല്ലാതെ വേറെ ആരും അവകാശികളില്ലാ അപേക്ഷപ്പടി പട്ടയം കൊടുക്കുന്നതിൽ യാതൊരു വിരോധവുമില്ലാ സാക്ഷിക്കാരനായ പേർ കുളങ്ങര അധികാരത്തിൽ കുഴിവിളാകത്തു വീട്ടിൽ പാർക്കുന്ന പരമേശ്വരൻ നാരായണൻ (ഒപ്പ്) ടി അധികാരത്തിൽ വെയ്യാമൂല മുറിയിൽ പുത്തൻവീട്ടിൽ നാരായണൻ കൃഷ്ണൻ (ഒപ്പ്)

ചാലിയൂർ അധികാരത്തിൽ ചെമ്മരക്കുടി പകുതിയിലെ
പേർവഴിക്കുള്ള വിചാരണ പുസ്തകം ൧൩ (തുടർച്ച)

കേസ് നമ്പർ	അഭിപ്രായം	അവസാനതീർച്ച
	൨൩	൨൪
൧൭൩	൧൦൬൯-ാമാണ്ട് മാർകഴിമാസം ൨൯-ാംനു ൧൭ മിഥുനത്തെ അധ്യായം ൧൦൯-ാമത് നമ്പർ പരസ്യം പ്രകാരം	൧-ാമത്തു കക്ഷിതന്നെ പറയുന്നവസ്തു കമ്പോളപ്പുറമ്പോക്കാണെന്നും അതു കൊണ്ടു ഈ കേസ് തീർച്ചയാക്കി ഇവിടെ വരുത്തപ്പെട്ട തണ്ടപ്പേരിൽ പതിച്ചുകൊടുത്തതായി എന്നും അവർക്ക് അപേക്ഷക്കാരനും അയാളുടെ ചിറ്റമ്മ നാരായണി കല്യാണിയും അവകാശി എന്നും അവർക്ക് പട്ടയം കിട്ടേണ്ടതാണെന്നും ൧൧൦൬-ാമത നമ്പർ കേസിൽ അപേക്ഷിച്ചിട്ടുണ്ട് അതിലെക്ക അതു സത്യമായി സാക്ഷികളും പറയുന്ന വസ്തു ഒഴിക്കാൻ അനുവദിച്ചു വരുന്നതായി കാണിക്കുന്ന ൧൦൮൬-ാമാണ്ടത്തെ വിളംബരപ്പരസ്യത്തിലും വരുത്തിയതിലും തണ്ടപ്പേരുകാരനുമുതൽ പേർപേരിൽ വിളങ്ങിയിട്ടുള്ളതായി കാണുന്നതു പഴയ്ക്കം ചെയ്തു അവധികഴിഞ്ഞിരിക്കുന്നതായും കാണുന്നു അതിനാൽ ഡിമാർക്കേഷൻ ൧൦൬൭-ാമത നമ്പർ ബി ചാർട്ടിൽ കാണുന്ന വസ്തുവിനെ അപേക്ഷക്കാരായ പള്ളിയിലവീട്ടിൽ കണക്ക നാരായണൻ പത്മനാഭന്റെയും നാരായണി കല്യാണിയുടെയും പേർക്ക് പണ്ടാരവക കമ്പോളപ്പുറമ്പോക്കായി പതിച്ചു പട്ടയം കൊടുക്കണം. കണ്ടെഴുത്തു ഡിപ്പുടി പേഷ്കാർ, സുബ്ബനാരായണയ്യർ (ഒപ്പ്) ൧൭ ൧൦൬൯-ാമാണ്ട് ആനിമാസം ൩൧-ാംനു (ശരിപകർപ്പ്)

ഈ വകവസ്തു ൻ ൧ വു-ാമാണ്ട ടി വീട്ടിലെയ്ക്കു കുഡുംബപ്പ്രവൃത്തിയായ്ട്ടു പതിച്ചു കൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്നു പ്രവൃത്തിവിവരം ടിയിൽ കാണുന്നില്ലാ ടി വീട്ടുകാറര മതിലകത്തു ദിവസന പൂജക്കു നെല്ലുകുത്തു അരിഅളവു ചാക്കാപ്പു കൂടി ഈ വക ജോലികളും ചെയ്തുവരുന്നു മതിലകത്തു ശ്രീപണ്ടാര കണക്ക അയ്യപ്പൻ ഗോവിന്ദൻ (ഒപ്പ്)

൧൦൭൦-ാമാണ്ട ചിത്തിരമാസം ൨൯-ാനു-

വഞ്ചിയൂർ അധികാരം ചെ[illegible]ഴന്തേരി പകുതിയിലെ പേർപ്പെടിക്കുള്ള
വിചാരണപുസ്തകം.

കേസ് നമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേർ		പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻ പറ്റി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	മാറ്റം
൧	൨		൩		൪	൫	
൧൮൭൪	൩൩൪	വയ്യാമൂല വീട്ടിൽ കാളി മാതേവിയും മാതേവി നങ്ങേലിയും		പാൽക്കുളങ്ങര അധികാരത്തൽ വൈയ്യാമൂല മുറിയിൽ വെയ്യാമൂലവീട്ടിൽ കണക്ക നാരായണൻ പത്മനാഭൻ	വഞ്ചിയൂർ അധികാരത്തിൽ ദേവാറന്നൂർ മുറിയിൽ വരയടിവീട്ടിൽ കാളി പത്മനാഭൻ	൨൦൭൮	...

വഞ്ചിയൂർ അധികാരം ചെങ്ങഴശ്ശേരി പകുതിയിലെ പേർപാട്ടിക്കുള്ള
വിചാരണപുസ്തകം (തുടർച്ച)

കേസ് നമ്പർ	ഇനം	നിലമോ പുരയിടമോ എന്നും ഏതു കരയിലുള്ളതെന്നും	വിസ്തീർണ്ണം — മുൻകണക്കിൻപടി ഏ.	വിസ്തീർണ്ണം — മുൻകണക്കിൻപടി സെ.	വിസ്തീർണ്ണം — സർവ്വേയിൻപടി ഏ.	വിസ്തീർണ്ണം — സർവ്വേയിൻപടി സെ.	ബാദ്ധ്യതയുടെ സ്വഭാവവും സാരവും
	൩	൧	൨				൬
൫൨൧൪	പണ്ടാരവക കാണംപാട്ടംപ്രവൃത്തി	ആറാട്ടുപുഴയിൽ കൈതേകാട്ടുംമുറി ൧൦ ൽ കുന്നൻ ആലവാരം തുണ്ടു പുരയിടം	...	൪	...	൨	൧–ാമതു കാളത്തിൽ എഴുതിയിരിക്കുന്ന വസ്തു തണ്ടപ്പേർകാരനായ മരിച്ചുപോയ രണ്ടുപേരും എന്റെ അമ്മുമ്മയും വല്യ അമ്മുമ്മയും പേരിൽ തണ്ടപ്പേരിൽ കാണിട്ടുള്ളതാകുന്നു ഈ വസ്തു മരിച്ചുപോയ എന്റെ അമ്മുമ്മ ഒററി എഴുതി കൊടുത്തു ൫–ാമതു കാളത്തിൽ എഴുതിയിരിക്കുന്ന കാളി പത്മനാഭൻ അനുഭവിച്ചു വരുന്നതു ശരിതന്നെ. ഈ വസ്തു മതിലകത്തു പ്രവൃത്തിക്കായി വിട്ടിട്ടുള്ളതാണ് അതു് എന്റെ തറവാട്ടിൽനിന്നു ഞാൻതന്നെ പ്രവൃത്തി നടത്തിച്ചുവരുന്നു. ഇപ്പോൾ തറവാട്ടിലുള്ളതും ഗൃഹഭരണവും എനിക്കാണ് സമാവകാശികളായി വേറെയാരുമില്ല ബോധ്യപ്പെടുത്തുവാൻ സർക്കാർ കണക്കുതന്നെയാകുന്നു. ജന്മബാദ്ധ്യതയ്ക്കു എന്റെ പേരിൽ പട്ടയം തരുവിപ്പാറാകണം. മെഴുകെട്ടുശേരി പാൽക്കുളങ്ങര അധികാരത്തിൽ വെള്ളാപ്പുമുറിയിൽ വെള്ളാമ്പു വീട്ടിൽ കണക്ക നാരായണൻ പത്മനാഭൻ (ഒപ്പ്) ൫൦൩൨–ാമാണ്ടു മകരമാസം ൫൬–

വഞ്ചിയൂർ അധികാരം ചെങ്ങഴശ്ശേരിപകുതിയിലെ പേർപിടിക്കുള്ള
വിചാരണപുസ്തകം (തുടർച്ച)

ആധാരമൂലമായ നമ്പ്ര്	പേർപിടിക്കുസമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
൧൦	൧൧	൧൨
	൭-ാമതുകാലത്തിൽ എഴുതിയിരിക്കുന്ന വസ്തു ൧൦൧൨-ാമാണ്ട വള്ളങ്ങിപ്പെരുകണക്കിൽ വയ്യാറ്റുപീട്ടിൽ കാളിമാതേവിയും മാതവിനങ്ങേലിയു മുതൽപേർ പേരിൽ പതിഞ്ഞിട്ടുള്ളതായി കണക്കു കാണുന്നു. ഈ വിളങ്ങിപ്പേരിൽ വിളങ്ങികാണുന്നില്ല. ൧൦൯൨-ാമാണ്ട ആനിമാസം ൨൯-നു വഞ്ചിയൂർ അധികാരത്തിൽ കണക്ക എഴുത്തു് വേലുപ്പിള്ള (ഒപ്പ്) തണ്ടപ്പേരിൽ പതിവും ഇനവും ലക്കവും ശരി ഈ വസ്തു പേരുമാറി പതിക്കുന്നതിൽ വെച്ചു സർക്കാർ സംബന്ധമായി യാതൊരു വിരോധവും ഉള്ളതായി കാണുന്നില്ല. ൧൦൯൨-ാമാണ്ട മാശിമാസം ൪-നു വഞ്ചിയൂർ അധികാരത്തിൽ കണക്ക വേലുപ്പിള്ള (ഒപ്പ്.)	൭-ാമതുകാലത്തിൽ എഴുതിയിരിക്കുന്ന ൧൨൫-ൽ ആറു പറമ്പു പുരയിടവും വേറെ വസ്തുക്കളുമായി തണ്ടപ്പേരിൽ പതിവുകാരരിൽ മാതവികളിൽ ൧൦൩൭-ാമാണ്ടു കാർത്തികമാസം ൧൪-നു ൧൦൧൧ നമ്പർ ആധാരം രജിസ്റ്റർ മാർഗ്ഗം ടി.യെൻറപേക്ക എഴുതിയിട്ടുള്ള ഒററിയും കുഴിക്കാണവും ആധാരത്തിൻപടി ഈ വസ്തു ഞാൻ അനുഭവിച്ചു കരവും തീർത്തു നടന്നുവരുന്നു. തണ്ടപ്പേരുകാരരു രണ്ടുപേരും ഇപ്പോൾ മരിച്ചുപോയി അവകാശിയായി കണക്ക നാരായണൻ പത്മനാഭൻ [illegible]ന്നൊരുത്തൻ പള്ളിക്കുളങ്ങര അധികാരത്തിൽ [illegible] മുറിയിൽ [illegible]വീട്ടിൽ താമസിക്കുന്ന [illegible]ൻറ പേക്കുള്ള ഒററിയാധാരം ബോധപ്പെടുത്തി തിരിച്ചുവാങ്ങിച്ചിരിക്കുന്നു എന്നു മൊഴി കേട്ടെഴുതി. വഞ്ചിയൂർ അധികാരത്തിൽ മേലാറന്നൂർ മുറിയിൽ വരമ്പടി വീട്ടിൽ കാളിപത്മനാഭൻ (ഒപ്പ്.) ൧൦൯൨-ാമാണ്ട മാർകഴിമാസം ൨൨-നു അപേക്ഷക്കാരനെയും വസ്തുവിനെയും ഞങ്ങൾ അറിയും ഈ വസ്തു അപേക്ഷക്കാരൻറെ അമ്മയും വലിയമ്മയും പേരിൽ തണ്ടപ്പേരിൽകൊണ്ട അമ്മ ഒററികൊടുത്തു ഒററിക്കാരൻ അനുഭവിച്ചുവന്നതു ശരിതന്നെ ഈ വസ്തു മതിലകത്തു അടിച്ചുതളിക്ക അപേക്ഷക്കാരൻറെ കുടുംബത്തിലേക്ക വിട്ടുകൊടുത്തിട്ടുള്ളതാണ തറവാട്ടിൽനിന്നും അപേക്ഷക്കാരർ പ്രവൃത്തി നടത്തിച്ചുവരുന്നതിനാൽ തണ്ടപ്പേരുകാരരുടെ അവകാശിയും തറവാട്ടുമൂപ്പും അപേക്ഷക്കാരൻതന്നെ വേറെ സമഅവകാശിയായി ആരുമില്ലാത്ത അപേക്ഷക്കാരൻറെ പേക്ക പട്ടയം കൊടുക്കുന്നതിൽ യാതൊരു വിരോധവുമില്ല. അയൽക്കാരരായ പള്ളിക്കുളങ്ങര അധികാരത്തിൽ [illegible]മുറിയിൽ മേടയുംവീട്ടിൽ [illegible]ൻ നാരായണൻ (ഒപ്പ്.) നെല്ലുമൺ അധികാരത്തിൽ [illegible]യിൽ ആനത്താനത്തുവീട്ടിൽ കൃഷ്ണൻ നാരായണൻ (ഒപ്പ്.) ൧൦൯൨-ാമാണ്ട് തൈ ൧൯-നു

ചുഞ്ചിയൂർ അധികാരം ചെങ്ങഴശ്ശേരി പകുതിയിലെ പേർപിടികളുടെ
വിചാരണപുസ്തകം (തുടർച്ച.)

കേസ്‌നമ്പർ	അഭിപ്രായം	അവസാനതീർച്ച
	൧൩	൧൪
൧൨൭൪		൧-ാമതു കാളത്തിൽ പറയുന്ന വസ്തു കുഡുംബപ്പേരിലേക്കു ആക്കിക്കൊണ്ടു ഈ കേസ് തീർച്ചക്കായി ഇവിടെ വരപ്പെട്ടു. രണ്ടാപ്പേരിൽ പതിവുകാരൻ മരിച്ചുപോയെന്നും അവർക്ക് അപേക്ഷക്കാരനും അയാളുടെ ചിററമ്മ നാരായണി കല്യാണിയും അവകാശിയെന്നും അവർക്ക പട്ടയം കിട്ടേണ്ടതെന്നും അപേക്ഷിച്ചിട്ടുണ്ട്. അതിലേക്ക അനുസരണയായി സാക്ഷികളും പറയുന്നു. വസ്തു ഒററിക്കാരൻ അനുഭവിച്ചുവരുന്നതായി കണ്ടിരിക്കുന്നു. ൧൦ ൧൨-ാമാണ്ടത്തെ വിളങ്ങിപ്പേരു തിട്ടംവരുത്തിയതിലും രണ്ടാപ്പേരുകാരൻ മുൻപേർപേരിൽ വിളങ്ങിയിട്ടുള്ളതായി കാണുന്നു. ഈ പേരന്ത്യം ഒഴിഞ്ഞതായി കഴിഞ്ഞിരിക്കുന്നതായും കാണുന്നു. അതിനാൽ ഡിമാക്കെയിൻ ൨൦ ൧൭-ാമത നമ്പരിൽകണ്ട വസ്തുവിനെ അപേക്ഷക്കാരരായ വെള്ളാമ്പലവീട്ടിൽ കണക്ക നാരായണൻ പത്മനാഭന്റെയും നാരായണി കല്യാണിയുടെയുംപേർക്ക് ചേന്നാണവരൊംവക കുഡുംബപ്പേരുതിയായി പതിച്ചു പട്ടയംകൊടുക്കണം. കാണെഴുത്ത് ഡിപ്പ്യൂട്ടി പേഷ്ക്കാർ, സൂര്യനാരായണഅയ്യർ (ഒപ്പ്) ശരിപകർപ്പ്. അസൽ ഒത്തുനോക്കി പകർത്തി ക്ലാർക്ക് സുബ്രഹ്മണ്യയ്യൻ, (ഒപ്പ്) ഒത്തുനോക്കി കെ. ജി. ബാസ്കര മേനോൻ (ഒപ്പ്) കെ. എൻ. കേശവപിള്ള (ഒപ്പ്) സ്പെഷ്യൽ ആഫീസർ.

ഈ വസ്തു ൻ൨ ൮-ാമാണ്ടു ടി വീട്ടിലെ കുഡുംബപ്പൊറുതിയായിട്ടു പതിച്ചുകൊടുത്തതായി ഗ്രന്ഥവരിയിൽകാണുന്ന പ്രവൃത്തിവിവരം ടിയിൽ കാണുന്നില്ലാ. ടി വീട്ടുകാറർ മതിലകത്തു ദിവസേന പൂജക്കു നെല്ലുകുത്തു അരിഅളവു് മാക്കാപ്പുഇടി ഈവകജോലികളും ചെയ്തുവരുന്നു.

മതിലകത്തു ശ്രീപണ്ടാര കണക്കു അയ്യപ്പൻ ഗോവിന്ദൻ (ഒപ്പു്)

൧൦൭൦-ാമാണ്ടു് ചിത്തിരമാസം ൨ൻ-നു-

നൃ൨. ചിത്തിര ൮.

അപേക്ഷക്കാറനായ നാരായണൻ പത്മനാഭൻ
ബോധിപ്പിച്ച മൊഴി

൭-ാമതുകാളത്തിൽ പറയുന്ന വസ്തു എന്റെപെക്കു പതിച്ചു പട്ടയം തരവിക്കണമെന്നു മുമ്പിൽ എഴുതിവച്ചിട്ടുണ്ടു്. ഈ വസ്തുവിനു എന്റെ ചിററമ്മ നാരായണി കല്യാണിയുടെയും പെക്കുകൂടി പട്ടയംകൊടുക്കുന്നതിൽ വിരോധമില്ലാത്തതാകുന്നു.

നാരായണൻ പത്മനാഭൻ (ഒപ്പു്.)

വഞ്ചിയ്യൂർ അധികാരത്തിൽ ചെങ്ങഴശേരി പകുതിയിലെ പേർ പിടിക്കുള്ള
വിചാരണ പുസ്തകം.

കേസ് നമ്പർ	തണ്ടപ്പേരിൽ പതിവു കാരന്റെ പേർ		പേർപിടിക്കാൻ അപേക്ഷകന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻപടി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	പേർ
൧	൨		൩		൪	൫	
൧൯൦൩		വെയ്യാമ്മേല വീട്ടിൽ കാളി മാതേവിയും മാതേവി നാഴങ്ങലിയ്യ.			വഞ്ചിയ്യൂർ അധികാരത്തിൽ പഴവങ്ങാടിയിൽ വടവിള്ളാകത്തു വീട്ടിൽ കാളിയമ്മപ്പിള്ളയുടെ മണിപ്പിള്ള തങ്കച്ചി ടിയാളുടെ വക്കീൽ ചെമ്പന്നൂർ തെവിള്ള വീട്ടിൽ കണക്കു കൃഷ്ണൻ നാരായണൻ	൨൦൪൮	ഷ്ഠ

വഞ്ചിയൂർ അധികാരത്തിൽ ചെങ്ങഴശ്ശേരി പകുതിയിലെ ദേവർ ചിട്ടികളുള്ള
വിചാരണ പുസ്തകം (തുടർച്ച.)

ഇനം	നിലമോ പുരയിടമോ എന്ന് ഒഴികെംപടി ലക്കവും പേരും	വിസ്തീർണ്ണം				ബാദ്ധ്യതയുടെ സ്വഭാവവും സാരവും
		മുൻ കണക്കിൻ പടി		സർവെയിൻ പടി		
		ഏ.	സെ.	ഏ.	സ.	
൧	൨	൩				൪
പഞ്ചാണ്ടമറ്റംവക കണ്ഡബാപ്പാറുതി	ആറന്നൂർമുറി കരന്നു- ന്നൊടനിത്തു കട്ടക്കാൽ പുരയിടം.	...	[illegible]	...	...	

വഞ്ചിയൂർ അധികാരത്തിൽ ചെങ്കഴൂശ്ശേരി പകുതിയിലെ പേർ പിടിക്കുള്ള
വിചാരണ പുസ്തകം (തുടർച്ച.)

കേസ് നമ്പർ	ആധാരമൂലമായ സാക്ഷ്യം	പേർ പിടിക്ക സമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തുള്ള ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
	൧൦	൧൧	൧൨
൧൪൦൯	൧൦൩൨-ാമാണ്ടു ആനിമാസം ൨൧-ാംനു ൧-ാമതു കാളത്തിൽ പറയുന്ന വസ്തുവെയും ഈ നില്ക്കുന്ന അമ്മച്ചിയേയും ഞങ്ങൾ അറിയും. ഈ വസ്തു അമ്മച്ചി തന്നെ അനുഭവിച്ചു വരുന്നു. അവർ ഒററി വാങ്ങിച്ചാണ് അനുഭവിച്ചുവരുന്നതു്. ഈ വിവരം ഞങ്ങൾക്ക നല്ലതിന്മണ്ണം അറിയാമെന്നുള്ളതാകുന്നു.	൧൦൩൨-ാമാണ്ടു ആനിമാസം ൨൧-ാംനു വഞ്ചിയൂർ അധികാരത്തിൽ പഴവങ്ങാടിചേരിയിൽ വാറുവിളാകത്തുവീട്ടിൽ തങ്കച്ചി കാളിപ്പിള്ള അശ്മണിപ്പിള്ള വായിപ്പിച്ചുകേട്ട മൊഴി. ൧-ാമതു കാളത്തിൽ പറയുന്നവസ്തു എന്റെ പേർക്ക സബ്ബരായരു അനന്തരായരു ൧൦൩൯-ാമാണ്ടു ചിത്തിരമാസം ൧൫-ാംനു ൨൧൧ പണം അർത്ഥംവെച്ചു വെറുമ്പാട്ടം വസ്തുക്കളോടുകൂടി എഴുതിതന്ന ഉടമ്പടി ആധാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതിൽ ഈവസ്തുമെല്ലാം അനന്തരായരുടെ ജ്യേഷ്ഠന്റെമകൻ (വ്യക്തമല്ല) രാമരായർ രാമചന്ദ്രരായരുടെപേർക്ക അറാകാൽ കാഞ്ചിപുരത്തുവീട്ടിൽ കണക്ക കേശവൻ പാളിയൊട്ടുതെട്ടും ഉള്ളതെന്നും ൧൦൨൧-ാമാണ്ടു വൈകാശിമാസം ൩-ാംനു വെള്ളോലയിൽ എഴുതിയ കച്ചീട്ടു ഒന്നുകാട്ടത്തിരിക്കുന്നു എന്നുവിവരിച്ചു കാണുന്നു വെള്ളോല കച്ചീട്ടിൽ ൩൦ പണംഅർത്ഥംവച്ചു് പാട്ടവും കുഴിക്കാണവും വെള്ളോലയിൽ എഴുതികാണുന്നു. ആരണ്ടാധാരവും ബോധപ്പെടുത്തി തിരിച്ചു വാങ്ങിച്ചിരിക്കുന്നു. ഈ വസ്തുവിനു (വ്യക്തമല്ല)	൧-ാമതു കാളത്തിൽ എഴുതിയിരിക്കുന്ന വസ്തു ൨-ാമതു കാളത്തിൽ പേർ എഴുതിയിരിക്കുന്ന എന്റെ കൈവശം തന്നെ അനുഭവിച്ചു വരുന്നു. ഒററിയായി വിലയായി എന്നു നിശ്ചയമായിട്ടു ബോധിപ്പിക്കുന്നതിലേക്കു ഇപ്പോൾ പ്രമാണങ്ങൾ ഹാജരാക്കീട്ടില്ലാ. പ്രമാണങ്ങളും കൊണ്ടു ഈ വരുന്ന മാശിമാസം ൫-ാംനു-ക്കകം ഹാജരായി ബോധപ്പെടുത്തി വിവരമായി മൊഴിബോധിച്ചുകൊള്ളുന്നു. മൊഴിവായിച്ചു നോക്കി ശരിതന്നെ കാളിയമ്മപിള്ള അശ്മണിപ്പിള്ളയുടെ വക്കീൽ വഞ്ചിയൂർഅധികാരത്തിൽ തമ്പാന്നൂർ തൈതെവിളവീട്ടിൽ കണക്ക കൃഷ്ണൻ നാരായണൻ. ൧൦൩൨-ാമാണ്ടു തൈമാസം ൨൯-ാംനു കണക്ക കൃഷ്ണൻ നാരായണൻ (ഒപ്പു) ൧-ാമതു കാളത്തിൽ എഴുതിയിരിക്കുന്ന വസ്തുവിന്റെ പ്രമാണങ്ങൾ സഹിതം ഹാജരാക്കണമെന്നു എന്റെ പേർക്ക വന്നിട്ടുള്ള സമനിൻ പ്രകാരം ഞാൻ ഹാജരായിരിക്കുന്നു. ഈ കക്ഷിയുടെ വക്കാലത്തു ഞാൻ ഉപേക്ഷിച്ചിരിക്കുന്നതിനാൽ മുക്ക മേലുള്ള സകല നടപടികൾക്കും കക്ഷിക്ക മുടക്ക സമനയച്ചു വരുത്തി കാര്യങ്ങൾ തീർക്കേണ്ടതാകുന്നു. മൊഴികേട്ടു ശരി തമ്പാന്നൂർ തൈതെവിള വീട്ടിൽ കണക്ക കൃഷ്ണൻ നാരായണൻ (ഒപ്പു്) മീനമാസം ൧൪-ാംനു തണ്ടപ്പേരിൽ പതിവും ഇനവും ലക്കവും ശരി ഈ വസ്തുവിന്മേൽ അന്യാധീനപ്പെടുകടിഇല്ല. ൧൦൩൨-ാമാണ്ടു ചിത്തിരമാസം ൨൧-ാംനു വഞ്ചിയൂർ അധികാരത്തിൽ കണക്ക വേലുപ്പിള്ള (ഒപ്പു)

ഈ വസ്തു തണ്ടപ്പേരിൻ പതിവുകാരിടെപേരിൽ ൧൦൧൨-ാമാണ്ടു വിളങ്ങിപ്പുരു കണക്കിൽ പതിഞ്ഞിട്ടുള്ളതായി കണക്ക കാണുന്നു. ൧൦൩൨-ാമാണ്ടു ആനിമാസം ൩൦-ാംനു വഞ്ചിയൂർ അധികാരത്തിൽ കണക്ക് എഴുത്തു വേലുപ്പിള്ള ഒപ്പ്.

വള്ളിയൂർ അധികാരത്തിൽ ചെങ്ങഴശ്ശേരി പകുതിയിലെ പേർ പിടിക്കുള്ള
വിചാരണ പുസ്തകം (തുടർച്ച.)

അഭിപ്രായം	അവസാന തീർച്ച
൧൩	൧൪
൧൯൦൩	൯-ാമതു കാളത്തിൽ പറയുന്നവസ്തു കുഡുംബപ്പൊരുതി ആകകൊണ്ടു ഈ കേസ്സ ഇവിടെ തീർച്ചക്കായി വരപ്പെട്ടു. ഈ വസ്തുരുഗ്മിണി പിള്ള തങ്കച്ചിക്കു ൧൦൨൯-മാണ്ടു സുബ്ബരായരു അനന്തരായരു അനുഭോഗത്തിനു ഉടമ്പടിയും ടി യാളുടെ ജ്യേഷ്ഠന്റെ മകൻ രാമചന്ദ്രരായൎക്കു ൧൦൯൦-മാണ്ടു വെള്ളാലയിൽ തറവാട്ടാൽ കാഞ്ചീപുരത്തു വീട്ടിൽ കണക്ക കേശവൻകാളി പാട്ടവും കുഴിക്കാണവും എഴുതികൊടുത്തു, രുഗ്മിണിപ്പിള്ളതങ്കച്ചി അനുഭവിച്ചുവരുന്നതായി അവളുടെ തിരുവക്കു അനുസരണയായി സാക്ഷിക്കാരും ബോധിപ്പിച്ചു എഴുതി വച്ചിരിക്കുന്നു. തണ്ടപ്പേരു കാരൻ മരിച്ചുപോയെന്നും അവൎക്കു അവകാശിയായി കണക്ക നാരായണൻ പത്മനാഭനും നാരായണികല്യാണിയും ഇപ്പോഴം ഉണ്ടെന്നും ൧൦൭൯-മതു നമ്പർ കേസിനാൽ വെളിവായിട്ടുണ്ടു്. ഈ വസ്തു തണ്ടപ്പേരുകാരരിടെ പേരിൽതന്നെ ആയക്കെട്ടു പതിഞ്ഞിരിക്കുന്നു. എന്നു അധികാരത്തിൽപിള്ള സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അതിനാൽ ഡിമാർക്കേഷൻ ൧൦൭൯-മതു നമ്പരിൽ എ) മാററിൽ കൊണ്ട വസ്തുവിനു മേല്പറഞ്ഞ കണക്ക നാരായണൻ പത്മനാഭന്റെയും നാരായണി കല്യാണിയുടെയും പേൎക്കു പണ്ടാരമാറം വക കുഡുംബപ്പൊരുതിയായി പതിച്ചു പട്ടയം കൊടുക്കണം.

൧൦൩൯-ാമാണ്ടു തുലാമാസം ൧൬-നു കണ്ടെഴുത്തു ഡിപ്പി പെഷ്കാർ,
സൂര്യനാരായണയ്യൻ (ഒപ്പു)

  ശരിപകർപ്പ്

ഈ വസ്തു ൯൨൭ ൦൦ണ്ട ടി വീട്ടിലെക്ക കുഡുംബപ്പൊറുതിയാ യിട്ട പതിച്ചു കൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്നു. പ്രവൃത്തി വിവരം ടി യിൽ കാണുന്നില്ലാ. ടി വീട്ടുകാർ മതിലകത്തു ദിവസേന പൂജക്ക നെല്ലുകുത്തു, അരി അളവു, മാകാപ്പുഇടി ഈ വക ജോലികളും ചെയ്തു വരുന്നു. മതിലകത്തു ശ്രീപണ്ടാരകണക്ക അയ്യപ്പൻ ഗോവിന്ദൻ

(ഒപ്പു്)

൧൦൬൦-മാണ്ട ചിത്തിരമാസം ൨൯-൹

൩൫

ചെങ്ങഴശ്ശേരി പകുതിവക രജിസ്ത്രേഷൻ ൧൩൩൩-൧൭ ൬൪-ം ൧൯൦൩-ം നമ്പ്ര കെസുകൾക്ക രണ്ടാമത്തു തീർച്ച.

ഈ കേസുകളിൽ കൊണ്ട സർവെ ൧൩൯൬-ബി ൨൦൬൭-൨൦൪൭ ഈ നമ്പർ വസ്തുക്കൾ പണ്ടാരവക കുഡുംബപ്പൊറുതി ഇനമാകുന്നു. ഈ വസ്തുക്കൾ വയ്യാമൂലവീട്ടുകാരരിടെ പേരിൽ കുഡുംബപ്പൊറുതി പതിഞ്ഞിട്ടുള്ളതല്ലാതെ പ്രവൃത്തി വിവരം ഗ്രന്ഥവരിയിൽ കാണുന്നില്ലെന്നും ടി വീട്ടുകാർ ദിവസേന മതിലകത്തു പൂജക്ക നെല്ലുകുത്തി അരി അളക്കയും മാക്കാപ്പുഇടിച്ചു കൊടുക്കയും ചെയ്തുവരുന്നതായിട്ടും ശ്രീപണ്ടാരപിള്ള സാക്ഷിപ്പെടുത്തിയിരിക്കുന്നു.

ഈ സംഗതിക്ക തീർച്ചപ്പെടുത്തുന്നവരിൽ ഒരുവനായ കണക്ക നാരായണൻ പത്മനാഭനെ വരുത്തി ചൊദിച്ചതിൽ മെല്പറഞ്ഞ വസ്തുക്കൾ സംബന്ധിച്ചു മതിലകത്തു ദിവസേന പൂജക്ക നെല്ലുകുത്തി അരി അളവു കൊടുക്കുക മാക്കാപ്പു ഇടിച്ചുകൊടുക്കുക കൊടിയേററിനും നിത്യനിദാനം രാത്രി ശീവേലിക്കും കൊടി എടുപ്പിക്കുക ആണ്ടിൽ നാലുമാസം മതിലകത്തു ചിലവുവകക്ക അടിയന്ത്രംകെട്ടുക മാസത്തിൽ നാലുതവണ പൂജക്കുള്ള നെല്ലു അളവേററു അരി ആക്കുന്നതിനു കൊടുക്കുക മുതലായ ജോലികൾ നടത്തിവരുന്നതായി ബൊധിപ്പിച്ചു എന്നു തിരിച്ചറിയുന്നു. അതിനാൽ ഇപ്പൃഴത്തെ നടപ്പു അനുസരിച്ചു പ്രവൃത്തി വിവരം പട്ടയം മുതലായ റിക്കാട്ടുകളിൽ പതിച്ചുകൊടുക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധമായി വാങ്ങിച്ചിട്ടുള്ള മൊഴി അഞ്ചാമട പകുതിവക രജിസ്ത്രേഷൻ -൩൧൪-ാമതു നമ്പ്ര കേസോടുകൂടി ചെത്തിട്ടുണ്ട.

കണ്ടെഴുത്തു ദിവാൻപേഷ്കാർ വി. നാഗമയ്യാ (ഒപ്പു്)

അടയാളം പൊന്നുവയ്യൻ ഒത്തുനോക്കി.

ശരിപകർപ്പു് അസൽകേസുനോക്കി പകർത്തി ക്ലാർക്ക് സുബ്രഹ്മണ്യയ്യൻ.

Document No. XVI. (a)

മുട്ടത്തറ പകുതി.

പേർ പിടിക്കുള്ള വിചാരണപുസ്തകം.

കേസ് നമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേര്		പേർ പിടിക്കാൻ അപേക്ഷകന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻപടി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	[illegible]
൧	൨.		൩.		൪.	൫.	
൧൩൩൪	൧൭൨	കണ്ടച്ചപ്പിള്ളവീട്ടിൽ കണക്കപ്പത്മനാഭൻ കുമാരൻ മുതൽ പേർ		ചെല്ലമ്മൺ അധികാരത്തിൽ മുട്ടത്തറ മുറിയിൽ വിളയിൽ വീട്ടിൽ അരത്തകൊച്ചുകുഞ്ഞു.	അപേക്ഷക്കാരൻ	൧൮൩	...

മുട്ടത്തറ പകുതി.

പേർ പതിച്ചുള്ള വിചാരണപുസ്തകം (തുടർച്ച.)

കേസ് നമ്പർ	ജന്മി	നിലമോ പുരയിടമോ എന്നും ഒഴുകൊട്ടി ലക്കവും പേരും	വിസ്തീർണ്ണം				അവകാശികളുടെ സ്വഭാവവും സാരവും
			മുൻകണക്കിൻപടി		സർവെയിൻപടി		
			ഏ.	സെ.	ഏ.	സെ.	
	൩.	൪.	൫.				൬.
൧൩൩൭	കാഞ്ഞിപ്പറമ്പത്തു മഠംവക കയ്യംബസ്ഥാദി	മുട്ടത്തറ ട്ടത്തു ദേവസ്വം കരക്കാട്ടത്തുവിളാകമാന വിളയിവീട്ടിൽ കം കിഴക്കുമുറി പുരയിടം	൧	൯൭	൧	൧൪	അപേക്ഷവസ്തുവിന്റെ ജന്മപ്പെട്ടവർ മരിച്ചുപോയി. ടിയാളിൽ പത്മനാഭൻ കുമാരൻ എന്റെ വല്യകാരണവനും ഈശ്വരി ഉമയമ്മ വല്യമ്മയും ആകുന്നു. ടിയാർ രണ്ടുപേർക്കു അവകാശികളായി ഞാനും കണക്കപത്മനാഭൻ മാതേവനും കണക്ക പത്മനാഭൻ ശങ്കരനും കണക്ക പത്മനാഭൻ പത്മനാഭനും കണക്കപത്മനാഭൻ പത്മനാഭനും അരത്തകൊച്ചുകുഞ്ഞും കാളി ഈശ്വരിയും അച്ചി ചിന്നമ്മയും അച്ചി ലക്ഷ്മിയും ഉണ്ട്. ഇവരല്ലാതെ വേറെ സമാവകാശികൾ ആരും ഇല്ലാ. ഇവർ എല്ലാപേരും ഈ വീട്ടിൽതന്നെ താമസിച്ചുവരുന്നു. അപേക്ഷവസ്തു അവകാശവഴിക്കു ഞാൻ അനുഭവിച്ചുവരുന്നതിനാൽ എന്റെപേരിൽ പോക്കുവരവുചെയ്തു പട്ടയം തരുമാറാകണം. മൊഴികേട്ടു ശരിയാകുന്നു. ടിക്കു പ്രമാണം ഒറ്റിക്കല്ലാതെ വേറെ പ്രമാണം യാതൊന്നുമില്ല. ടി കണക്ക പത്മനാഭൻ കുമാരൻ (ഒപ്പ്) +

+ ൧൦൩൨-ാമാണ്ടു മാശിമാസം ൧൫-ാനു-, ക്ലാസിഫയർ (വ്യക്തമല്ല) മാതേവൻ (ഒപ്പ്)

മുട്ടത്തറ പകുതി.

പേർപതിക്കുള്ള വിചാരണപുസ്തകം (തുടർച്ച.)

ആധാരമൂലമായ സാക്ഷ്യം	പേർപതിക്ക സമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
൧൦.	൧൧.	൧൨.
ഒടുക്ക കണക്ക. കാരണവർ എഴുതിവച്ചിട്ടുള്ള പോലെ എന്റെ തള്ളയായ അരത്ത കൊച്ചുകുഞ്ഞിന്റെ പേരിൽ പട്ടയം തരുമാറാകണം. മൊഴി കേട്ടു. ശരിതന്നെ. ടി കണക്ക പത്മനാഭൻ കുമാരൻ (ഒപ്പ്) ൧൦൩൩-ാമാണ്ടു ഇടവമാസം ൨൩-ാംനു.	അപേക്ഷാവസ്തുവിന്റെ തണ്ടപ്പേരുകാരൻ മരിച്ചുപോയി അവന്റെ അവകാശികളായി അപേക്ഷയിൽ പറഞ്ഞിട്ടുള്ളവരല്ലാതെ മറ്റാരുമില്ല. അപേക്ഷക്കാരന്റെ പേരിൽ പട്ടയം കൊടുക്കുന്നതു ഞങ്ങൾക്ക പൂർണ്ണസമ്മതമാകുന്നു. മൊഴി കേട്ടു. ശരിതന്നെ. കണക്ക പത്മനാഭൻ നാരായണൻ (ഒപ്പ്) കണക്ക പത്മനാഭൻ പത്മനാഭൻ (ഒപ്പ്) അരത്ത കൊച്ചുകുഞ്ഞു അയ്യി ചിന്നമ്മപ്പിള്ള (ഒപ്പ്) അയ്യി ലക്ഷ്മിപ്പിള്ള (ഒപ്പ്) കാളി ഈശ്വരപ്പിള്ള (ഒപ്പ്) ൧൦൩൩-ാമാണ്ടു മാർകഴിമാസം ൧൭-ാംനു. തണ്ടപ്പേരും ഇനവും ലക്കവും ശരി. പേരുമാറി പതിക്കുന്നതിനു സർക്കാർ സംബന്ധിച്ചു ആക്ഷേപം ഉള്ളതായി സ്ഥലത്തു കണക്കുകളിൽ കാണുന്നില്ല. നെല്ലുമൺ അധികാരത്തിൽ കണക്ക നാരായണപിള്ള (ഒപ്പ്) ൩൯൧൦.	അപേക്ഷവസ്തുവിനെയും അപേക്ഷക്കാരനെയും അറിയും. ഞങ്ങൾ അയൽക്കാരാകുന്നു. അപേക്ഷവസ്തു അപേക്ഷക്കാരൻ തന്നെ അനുഭവിച്ചുവരുന്നു. അപേക്ഷക്കാരൻ എഴുതിവച്ചിട്ടുള്ള സംഗതികൾ ഒക്കെയും ശരിതന്നെ. മൊഴി കേട്ടു. ശരിതന്നെ. മുട്ടത്തറ മുറിയിൽ തുണ്ടുവിളാകത്തുവീട്ടിൽ വീരകണ്ണൻ താണവൻ (ഒപ്പ്) മടത്തുവിളാകത്തുവീട്ടിൽ കണക്ക രാമൻ അയ്യപ്പൻ (ഒപ്പ്) ൧൦൩൩-ാമാണ്ടു മാശിമാസം ൧൫-ാംനു. ആയക്കോട്ടംപെടി വിളയിൽ വീട്ടിൽ ഉമയമ്മ പെരുമാൾ മുതൽപേർ പേരിൽ കുടുംബപ്പേരായി പതിഞ്ഞിട്ടുള്ളതായി കാണുന്നു. നെല്ലുമൺ അധികാരത്തിൽ കണക്ക നാരായണപിള്ള (ഒപ്പ്) ൨൪൮൩.

മുട്ടത്തറ പകുതി.

പേർ പിടിക്കുള്ള വിചാരണപുസ്തകം (തുടർച്ച.)

കേസുനമ്പർ	അഭിപ്രായം	അവസാന തീർച്ച
	൧൩.	൧൪.
൧൩൩൨	൧൦൩൨-ാമാണ്ടു മേടമാസം ൨൦-ാം൹ പരസ്യം അടച്ച അവധി കഴിഞ്ഞു. അവധിക്കകം ആരും തർക്കിച്ചിട്ടില്ല. അപേക്ഷവസ്തു അപേക്ഷക്കാരിയുടെ കുഡുംബത്തിലേക്ക മതിലകത്തു പ്രവൃത്തിക്കായിട്ടു വിട്ടുകൊടുത്തിട്ടുള്ളതെന്നും ആ വക പ്രവൃത്തി ഇപ്പഴും വീഴ്ചകൂടാതെ നടത്തിവരുന്നു എന്നും വിചാരണകളാൽ തെളിവായിരിക്കുന്നതിനാൽ അപേക്ഷക്കാരിയായ വിളയിൽവീട്ടിൽ അരത്ത കൊച്ചുകുഞ്ഞു പേരിൽ പട്ടയം കൊടുക്കാമെന്നു തോന്നുന്നു. ക്ലാസ്ഫയർ, മാതേവൻപിള്ള (ഒപ്പ്) ൩൨-൯-൧൩.	വിചാരണകൾ പരിശോധിച്ചു അപേക്ഷവസ്തു മതിലകം വക പ്രവൃത്തിക്ക കൊടുത്തിട്ടുള്ളതെന്നും ആ പ്രവൃത്തി ഇപ്പഴും വീഴ്ചകൂടാതെ നടത്തിവരുന്നു എന്നും അഭിപ്രായത്തിൽ വിവരിക്കുന്ന ഭാഗം വിചാരണയിൽ വന്നിട്ടില്ലാത്തതു ഒഴികെ ശേഷം അഭിപ്രായം ശരിയെന്നു കാണുന്നതിനാൽ അതിന്മണ്ണം അരത്ത കൊച്ചുകുഞ്ഞു പേരിൽ പോക്കുവരവുചെയ്തു പട്ടയംകൊടുക്കണം. ഡി. സു. നാരായണപിള്ള (ഒപ്പ്) ൧൪-൯-൩൨. (ശരിപകർപ്പ്) അസൽ കേസ് നോക്കി പകർത്തി ക്ലർക്ക്. സുബ്രഹ്മണ്യയ്യൻ (ഒപ്പ്) ഒത്തുനോക്കി കെ. ജി. ഭാസ്കരമേനോൻ (ഒപ്പ്) കെ. എൻ. കേശവപിള്ള (ഒപ്പ്) സ്പെഷ്യൽ ആഫീസർ.

വിളയിൽ വീട്ടിൽ കണക്കു പത്മനാഭൻ മാതേവൻ എഴുതി വച്ചതു്.

അപേക്ഷവസ്തുവിൻെറ തണ്ടപ്പേരുകാരനു അവകാശിയായി അപേക്ഷക്കാരൻ പറഞ്ഞിട്ടുള്ളതു ശരിതന്നെ. അപേക്ഷവസ്തു പൂർവ്വീകന്മാരുടെ പേരിൽ കുഡുംബപ്പൊരുതിയായി പതിഞ്ഞിട്ടുള്ളതാകയാൽ അപേക്ഷക്കാറനായ കണക്കു പത്മനാഭൻ കുമാരൻ പേരിൽ പട്ടയം കൊടുത്തുകൂടാ. അരത്ത കൊച്ചുകുഞ്ഞു മുതൽപേർ പേരിൽ പട്ടയം കൊടുക്കണം. അങ്ങിനെ പട്ടയം കൊടുക്കുന്നതു എനിക്കു സമ്മതം തന്നെ.

ടി കണക്കു പത്മനാഭൻ മാതേവൻ (ഒപ്പ്)

൧൦൩൨-ാമാണ്ടു മാശിമാസം ൧൩-ാനു.

ഈവക വസ്തു ൯൨ വ്യ-ാമാണ്ടു ടി വീട്ടിലേക്കു കുഡുംബപ്പൊരുതിയായിട്ടു പതിച്ചുകൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്ന പ്രവൃത്തി വിവരം ടിയിൽ കാണുന്നില്ലാ. ടി വീട്ടുകാർ മതിലകത്തു ദിവസേന പൂജക്കു നെല്ലുകുത്തു അരിഅളവു മാക്കാപ്പു ഇടി ഈ വക ജോലികളും നടത്തിവരുന്നു.

മതിലകത്തു ശ്രീപണ്ടാര കണക്കു അയ്യപ്പൻ ഗോവിന്ദൻ,
(ഒപ്പ്)

൧൭൧൦-ാമാണ്ടു പൈംകുനിമാസം ൧൪-ാംനു..

൧൦൭൧-ാമാണ്ടു ചിങ്ങമാസം ൨൯-ാംനു.

കണ്ടെഴുത്തു സെൻട്ലോപ്പീസു മുമ്പാകെ നെല്ലുമൺ അധികാരത്തിൽ മുട്ടത്തറ മുറിയിൽ വിളയൽ വീട്ടിൽ അരത്ത കൊച്ചുകുഞ്ഞിൻെറ മകനായ കണക്കു പത്മനാഭൻ പത്മനാഭൻ ബോധിപ്പിച്ച മൊഴി.

മുട്ടത്തറ പകുതിയിൽനിന്നും എൻെറ തള്ളയായ മേല്പറഞ്ഞ അരത്ത കൊച്ചുകുഞ്ഞുവിൻെറ പേക്കു ൨൧൯-ാംനമ്പരായി കിട്ടിയിട്ടുള്ള ശ്രീപണ്ടാര പട്ടയത്തിൽ ഉൾപ്പെട്ട സർവെ ൧൪൩-ാംനമ്പരിൽ കൊണ്ടു മുട്ടത്തറവട്ടത്തു ൩൭-ൽ കരുത്തെടത്തു വിളാകമാന വിളയിൽവിളാകം പുരയടം എൻെറ തറവാട്ടിലേക്കു ശ്രീപണ്ടാരവക കുഡുംബപ്പൊരുതി പതിഞ്ഞിട്ടുള്ളതാകുന്നു. ഇതു സംബന്ധിച്ചു മതിലകത്തു ദിവസേന നെല്ലു നെൽപ്പുരയിൽനിന്നും നെല്ലു വാങ്ങിച്ചു പൂജക്കു അരി അളക്കയും ആവൽ മലർ ഇതുകൾ കൊടുക്കയും ഉത്സവത്തിനു കൊടി എടു

പ്പിക്കയും പൂജമുറ മാസത്തിൽ അടിയന്ത്രം കെട്ടുകയും കൊടി എടുപ്പി ക്കയും അപ്പത്തിനു മാവു ഇടിച്ചുകൊടുക്കയും ചെയ്യുന്ന ജോലികൾ ഉ ള്ളതാകുന്നു. ഇതിലേക്കു തിരുവനന്തപുരത്തു ഈ വസ്തുവും ചോററുപുര യിൽ ദിവസം ഒന്നിനു മൂന്നുമട ചോറും പൂജമുറ മാസത്തിൽ വിശേഷാ ൽ കൂടുതലായി രണ്ടുമട ചോറും പൂ ഒന്നുക്കു നാഴിനാട്ടു മടപ്പാട്ടു സ ങ്കേതംവകയിൽ നിന്നും ൩൭ മുക്കാലെ അരയ്ക്കാൽ എഴുന്നാഴി ഉരി കോട്ട നെല്ലും പൂജമുറ മാസത്തിൽ പടിപ്പായസച്ചോറും മുണ്ടു ഉടുപ്പാൻവകയ്ക്കു ആണ്ടിൽ ൩൬ പണം മെൽകങ്ങാണത്തിൽനിന്നും അനുഭവങ്ങൾ ഉള്ള താകുന്നു. മേലും ഈ പ്രവൃത്തികൾ നടത്തുന്നതു പൂർണ്ണ സമ്മതമാകുന്നു. ഇതിലേക്കു മുട്ടത്തറ പകുതിയിൽനിന്നും തന്നിട്ടുള്ള ശ്രീപണ്ടാരവക ൨ ൧൯൦-ാംനമ്പർ പട്ടയവും അതിലേക്കുള്ള പണ്ടാരവക ൭൭൦-ാംന മ്പർ തെളിവുശീട്ടും ഹാജരാക്കിയിരിക്കുന്നു. പണ്ടാരവക തെളിവുശീട്ടും പട്ടയവും നോക്കിയതിൽ കാര്യമൊന്നില്ലാ എന്റെ തറവാട്ടിലേക്കു മേ ല്പറഞ്ഞതു കൂടാതെ ഇരണിയൽ താലൂക്കു നെയ്യൂരിൽ ൧ അരകോട്ട നി ലവും അല്ലാ രണ്ടേകാൽ കോട്ട നിലവും ആറു തട്ടു പുരയടവും കൽക്കു ളത്തു കോതനല്ലൂർ അധികാരത്തിൽ കൈതൊട്ടു രണ്ടു തട്ടു പുരയടവും ൧ മുക്കാൽകോട്ട നിലവും ഉള്ളതാകുന്നു.

മൊഴി ശരി.

കണക്കു പത്മനാഭൻ പത്മനാഭൻ (ഒപ്പ്).

(ശരിപകർപ്പ്)

൧൯൩൨ ൯ൻ.

മുദ്ര

മുട്ടത്തറ പകുതിവക രജിസ്ത്രേഷൻ.

൧൩൩൨-ാമതു നമ്പർ കേസിലേക്കു ൨-ാമതു തീർച്ച.

ഈ കേസിൽകൊണ്ടു വരുന്ന ൧൪൩-ാമത നമ്പർ വസ്തു കാഞ്ചീ പുരത്തുമഠംവക കുഡുംബപ്പൊറുതി ഇനമാകുന്നു. ഈ വസ്തുവിൽ വീട്ടു കാററിടെ പേരിൽ കുഡുംബപ്പൊറുതിയായി പതിഞ്ഞിട്ടുള്ളതല്ലാതെ പ്രവൃത്തിവിവരം ഗ്രന്ഥവരിയിൽ കാണുന്നില്ലെന്നും ടി വീട്ടുകാർ ദിവ സേന പൂജക്കു നെല്ലുകുത്തി അരിഅളവു മാക്കാപ്പു ഇടി ഈ വക ജോ

ലികൾ ചെയ്തുവരുന്നതായിട്ടും ശ്രീപണ്ടാരപ്പിള്ള സാക്ഷിപ്പെടുത്തിയിരിക്കുന്നു.

ഈ സംഗതിക്കു തിർച്ചപ്പേരുകാറിയുടെ മകൻ കണക്കു പത്മനാഭൻ പത്മനാഭനെ വരുത്തി ചോദിച്ചതിൽ മേല്പറഞ്ഞ വസ്തുക്കൾസംബന്ധിച്ചു മതിലകത്തു ദിവസേന പൂജക്കു നെല്ലുകുത്തി അരിയളക്കുക മാവു ഇടിച്ചുകൊടുക്കുക അവൽ മലർ ഉണ്ടാക്കികൊടുക്കുക ഉത്സവത്തിനു കൊടി എട്ടു[illegible]ിക്കുക പൂജമുറ മാസങ്ങളിൽ അടിയന്തിരം കെട്ടുക മുതലായ ജോലികൾ നടത്തിവരുന്നതായി ബോധിപ്പിച്ചു എഴുതിവച്ചും ഇരിക്കുന്നതിനാൽ ഇപ്പഴത്തെ നടപ്പു അനുസരിച്ചു പ്രവൃത്തിവിവരം പട്ടയം മുതലായ റിക്കാർട്ടുകളിൽ പതിച്ചുകൊടുക്കുന്നതിലേക്കു തീരുമാനിച്ചിരിക്കുന്നു.

വി. നാഗമയ്യാ, (ഒപ്പ്).
കണ്ടെഴുത്തു ദിവാൻപേഷ്കാർ.

പൊന്നുവയ്യർ, (അടയാളം).

(ശരിപകർപ്പ്)

വഞ്ചിയൂർപകുതി പേർപിടിക്കലുൾവിചാരണ പുസ്തകം

കേസുനമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേര്		പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ		ആക്ഷേപക്കാരന്റെ പേർ	ഡിമാരേക്ഷൻ പടി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	വാരം
൧	൨		൩		൪	൫	
൨൩൯		കടക്കാവീട്ടിൽ ഏമ്രേത്തി പെരുമാൾ		തിരുവനന്തപുരം കൊട്ടയ്ക്കകത്തു തെക്കെതെരുവിൽ വന്നു പാക്കുന്ന അരവംകുളംഗ്രാമത്തിൽ കൃഷ്ണയ്യൻമഹാദേവയ്യൻ	അപേക്ഷക്കാരനാകുന്നു	൩൧	൩൩

ഈവക വസ്തു ൻവ ൨൦ മാണ്ടു ടിവീട്ടിലെക്കു കുടുംബപ്പേരായിട്ടു പതിച്ചു കൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്നു പ്രവർത്തിവിവരം ടിയിൽ കാണുന്നില്ല ടി വീട്ടുകാർ മതിലകത്തുൾവിവസേന പൂജക്കു നെല്ലുകുത്തുഅരിഅളവും മറ്റും ഇതി ഈവക ജോലികളും നടത്തിവരുന്നു.

മതിലകത്തു ശ്രീപണ്ടാരക്കണക്ക അയ്യപ്പൻ ഗോവിന്ദൻ (ഒപ്പു)

൧൦൭൦മാണ്ടു വൈകാശിമാസം ൨൨നു

വഞ്ചിയൂർ അധികാരം ചെങ്ങഴശ്ശേരി പകുതിയിലെ [illegible] വിചാരണപുസ്തകം (തുടർച്ച)

ജന്മം	നിലമൊ പുരയിടമൊ എന്നും മുഴുകമ്പടിയെക്കവും പേരും	വിസ്തീർണ്ണം: മുൻകണക്കിൻപടി ഏ.	മുൻകണക്കിൻപടി സെ.	സർവ്വെയിൻപടി ഏ.	സർവ്വെയിൻപടി സെ.	ബാദ്ധ്യതയുടെ സ്വഭാവവും സാരവും
൩	൧	൨				൯
ഇരയിമ്മൻമഠംവക കുഡുംബപ്പാരതി	നെല്ലമൺഅധികാരത്തിൽ മുട്ടത്തറമുറിയിൽ കെട്ടു സ്ഥലത്തു ൮൦വ-ൽ മണ്ണറക്കാട്ടുപുരയിടം					൧ - മതുകാളത്തിൽ കാണിച്ചിരിക്കുന്നവസ്തുവും വേറെവസ്തുവുംകൂടി തിരുവനന്തപുരം കൊട്ടക്കകത്തു തെക്കെതെരുവിൽ ശേഷാദ്രിഅയ്യങ്കാർ രാമസ്വാമിഅയ്യങ്കാരോടു ഞാൻ ൩൨ ൫ പണത്തിനു ൧൦൩൯-ാമാണ്ടു ആനിമാസം ൧-നു എഴുതി ൧൫൯-ാമതു നമ്പരായി രജിസ്റ്റർ ചെയ്തുവാങ്ങിച്ചിട്ടുള്ള വിലയാധാരത്തിൻപ്രകാരം വസ്തു അനുഭവിച്ചുവരുന്നതിനാൽ എന്റെപേർക്ക പട്ടയം കിട്ടുവാറാകണം എനിക്ക വിലതന്ന ആളിനു നെല്ലമൺ അധികാരത്തിൽ ശ്രീവരാഹത്തു കടക്കറവീട്ടിൽ കണക്ക കാളി ഇരവിയോടുംകണക്ക മാതേവൻ കൃഷ്ണനോടും അവരുടെ രണ്ടുപേർക്കും ടിവീട്ടിൽ മാതേവി അയ്യിമുതൽപേർക്കും ശ്രീപണ്ടാരവകയിൽനിന്നു കുഡുംബപ്പാരതി തേട്ടംഉള്ളതിനെ വിലവാങ്ങിച്ചു അനുഭവിച്ചുവരുന്നതായിട്ടു വിവരിച്ചു കാണുന്നു അല്ലാതെ ട്രിയാന്നസിദ്ധിച്ചതിലേക്കുള്ള പ്രമാണം എനിക്കകിട്ടിയിട്ടില്ല എനിക്കസിദ്ധിച്ച വിലയാധാരം ഹാജരാക്കിയിട്ടു വാങ്ങിച്ചിരിക്കുന്നു എനിക്ക വില എഴുതിതന്നവൻ മരിച്ചുപോയി എഴുതിതന്നവന്റെ മകൻ രഘുപതിഅയ്യങ്കാർ തിരുവനന്തപുരംകോട്ടക്കകം തെക്കെതെരുവിൽ പാർത്തുവരുന്നു തണ്ടപ്പേരുകാരുടെവിവരംഒന്നും എനിക്കറിഞ്ഞുകൂടാ എനിക്ക വില സിദ്ധിച്ച പ്രമാണത്തിൽ അപേക്ഷവസ്തുവും ൧൦൧-ൽ പണ്ടാരപ്പാട്ടവും ഉൾപ്പെട്ടു കാണുന്നു ൧൦൧-ാമതുലക്കം അപേക്ഷ വസ്തുവിന്റെ കിഴക്കവശമാകുന്നു ഓരോഇനത്തിലും ഉള്ള വസ്തുക്കൾ ഇത്ര ഏന്നു അളവുംപറയുന്നില്ല ആകെവ്തിട്ടപ്പെടുത്തി പട്ടാകിട്ടുവാറാകണം വായിച്ചുകേട്ടു ശരിഅപേക്ഷക്കാരനായ കൃഷ്ണയ്യൻ മഹാദേവയ്യൻ (ഒപ്പു)

പഞ്ചിയൂർഅധികാരം ചെങ്ങഴശ്ശേരിപകുതിയിലെ പേർപിടികളുടെ
വിചാരണ പുസ്തകം (തുടർച്ച)

കേസ് നമ്പർ	ആധാരമുഖാന്തരസാക്ഷ്യം	പേർപിടിക്കസമ്മതിക്കുന്ന കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
	൧൦	൧൧	൧൨
൨൬൪		ലക്കവും ഇനവും പേരിൽ പതിവും ശരി സർക്കാർ സമ്മതിച്ചു (പൊടിവും) കെട്ടു അന്യംനിന്നുപോയ ഈ വക ഇനത്തിൽ ഉൾപ്പെട്ടതായി സ്ഥലത്തു കണക്കുകളാൽ കാണുന്നില്ലാ നെല്ലുമൺ അധികാരത്തിൽ കണക്ക നാരായണപിള്ള. (ഒപ്പ്) ൧൦൯൧ ൧൧ ൨൨	

അഭിപ്രായം	അവസാന തീർപ്പ്
൧൩	൧൪
അപേക്ഷവസ്തു ഇരയിമ്മൻമഠംവക കുഡുംബപ്പാറതി എന്നുകാണുന്നതിനാൽ ഈ വസ്തുവെ ക്രയവിക്രയംചെയ്യുന്നതിനും അതനുസരിച്ച പട്ടയംകൊടുക്കുന്നതിനും ഇടയുള്ളതായി കാണുന്നില്ലാത്തതിനാൽ ൭-ാമതു കാളത്തിൽ പറയുന്നവസ്തുവിനു തണ്ടപ്പേരുകാരനുടെ അവകാശിയായ കണക്കു കാളി ഇരവിയുടെ പേരിൽ പട്ടയം കൊടുപ്പാനുള്ളതെന്നു തോന്നുന്നു. എ. ഉ. കൃഷ്ണപിള്ള (ഒപ്പ്) ൭-൮-൯൩	തണ്ടപ്പേരുകാരന്റെ അവകാശികളിൽ ഇപ്പോഴും തറവാട്ടുമൂപ്പായുള്ളതു കടക്കരവീട്ടിൽ കണക്കു കാളി ഇരവിതന്നെ എന്നു വേറെ കേസുകളിൽ കാണുന്നുണ്ട് അതിനാൽ ഈ അപേക്ഷവസ്തുവിനും കണക്കു കാളി ഇരവിപേരിൽ പോക്കുവരവ് ചെയ്തു പട്ടയംകൊടുക്കണം ഡിപ്ടിസൂപ്പർവൈസ്സർ നാരായണപിള്ള (ഒപ്പ്) ൧൩-൪-൯൩ ഇരയിമ്മൻമഠം വക കുഡുംബപ്പാറതി ൧൦൯൦-ലെ ലക്കംപുരയിടംകൂടി ഈ കേസിൽ ഉൾപ്പെട്ടുസർവെ ൧൫൦-ൽ ൧൯-ാമതു കീഴ്നമ്പ്ര സബ്ഡിവിഷനിൽ അടയുന്നതായികണ്ടു ആ ലക്കത്തെക്കുറിച്ച് ശരിപ്പെടുത്തി പട്ടയംകൊടുത്തിരിക്കുന്നതായി റിക്കാർട്ടുകളിൽ കാണുന്നു. ശിരസ്തദാർ (ഒപ്പ്) ൧൯-൧൧-൯൬ കൊടുക്കുന്നതിലേക്ക തീരുമാനിച്ചിരിക്കുന്നു ഇതുസംബന്ധിച്ചു വാങ്ങീട്ടുള്ളമൊഴി മുട്ടത്തറപകുതിവക ൧൯൯-ാമതു കെസിൽ ചേർത്തിട്ടുണ്ട് കണ്ടെഴുത്തുദിവാൻ പേഷ്കാർ വി. നാഗമയ്യാ (ഒപ്പ്) പൊന്നുവയ്യൻ ശരിപകർപ്പ് അസൽനോക്കി പകർത്തിയതു ക്ലർക്ക് സുബ്രഹ്മണ്യയ്യൻ

൩൫

വഞ്ചിയൂർപകുതിവക രജിസ്ട്രേഷൻ ൪൩൯, ൪൩൮, ൩൩൨, ൩൦൩, ൨൩൯-ാം നമ്പർ കേസുകൾക്കു രണ്ടാമത്തുതീർച്ച

ഈ കേസുകളിൽകൊണ്ടു സർവ്വെ ൩൩൦-ൽ ൭൯൭ ബി ൩൩൦-ൽ ൭൯൯ ൩൩൦-ൽ ൭൯൮ ൬൩൦-ൽ ൩൦൨ ൩൩൦-ൽ ൩൦൨ ൩൩൦-ൽ ൩൦ ൦-ാം നമ്പർവസ്തുക്കൾ ഇരയിമ്മൻമഠം വക കുഡുംബപ്പൊറുതി ഇനമാകുന്നു. ഈവസ്തുക്കൾ കട്ടക്കരെവീട്ടുകാററുടെ പെരിൽ കുഡുംബപ്പൊറുതി പതിഞ്ഞുട്ടുള്ളതല്ലാതെ പ്രവൃത്തിവിവരം ഗ്രന്ഥവരിയിൽകാണുന്നില്ലെന്നും ടി വീട്ടുകാർ മതിലകത്തു ദിവസേന പൂജക്കുനെല്ലുകുത്തി അരിഅളവു മാക്കാപ്പുഇടി ഈവകജോലികൾ ചെയ്തു വരുന്നതായിട്ടും ശ്രീപണ്ടാരപ്പിള്ള സാക്ഷിപ്പെടുത്തിയിരിക്കുന്നു.

ഈ സംഗതിക്കു തീർച്ചപ്പെടുകാററന്റെ അവകാശിഎന്നു കാണുന്ന കണക്കു കൃഷ്ണൻ മാതെവനെ വരുത്തിചോദിച്ചതിൽ മെല്പറഞ്ഞ വസ്തുസംബന്ധിച്ചു മതിലകത്തു പൂജക്കു നെല്ലു ഏററുവാങ്ങി അരിഅളവു കൊടുക്കുക മാവുഇടിച്ചുകൊടുക്കുക അവലും മലരും തയ്യാറാക്കി കൊടുക്കുക അടിയന്ത്രംകെട്ടുക പൂജമുറമാസത്തിൽ ദിവസെനയും വിശേഷാൽ ഉത്സവാദിഅടിയന്ത്രങ്ങൾക്കും കൊടിഎടുപ്പിക്കുക ഈവകജോലികൾ നടത്തിവരുന്നതായി ബൊധിപ്പിച്ചു എഴുതിവച്ചും ഇരിക്കുന്നു. അതിനാൽ ഇപ്പഴത്തെ നടപ്പുഅനുസരിച്ചു പ്രവൃത്തിവിവരം പട്ടയംമുതലായ റിക്കാർട്ടുകളിൽ പതിച്ചു.

Document No. XVI (d)

വഞ്ചിയൂർ അധികാരത്തിൽ ചെങ്ങഴശ്ശേരി പകുതിയിലെ പേർ പിടിക്കലുള്ള വിചാരണ പുസ്തകം

നമ്പർ ൨ ൧ ൮ ൧ - ാമത മല

കേസ് നമ്പർ	തണ്ടപ്പേരിൻ പതിവുകാരന്റെ പേർ — നമ്പർ	തണ്ടപ്പേരിൻ പതിവുകാരന്റെ പേർ — പേർ	പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ — നമ്പർ	പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ — പേർ	അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻ പട്ടി — നമ്പർ	ഡിമാർക്കേഷൻ പട്ടി — ക്ലാസ്	ഇനം
൧	൨		൩		൪	൫		൬
൧൩൬൩	൭൫൨൫	ശംഖുചക്രത്തു വീട്ടിൽ മാതെവി കാളി മുതൽപേർ		പാൽക്കുളങ്ങര അധികാരത്തിൽ പെരുന്താന്നിയിൽ കാഞ്ചീ മഠത്തിൽ ചെന്ന ശംഖുചക്രത്തുവീട്ടിൽ ആനന്തംപിള്ള ഭഗവതിപ്പിള്ള ടി യാളിടെ വക്കീൽ ക്രിമിനാൽ വക്കീൽ എം. നാരായണപിള്ള	നെയ്യാറ്റിൻകര അധികാരത്തിൽ ചാലയിൽ കടയിൽ വെങ്കിലപാത്രം കച്ചവടം ...വുക്കാരു പിള്ള ചെയ്തു ഹേമ്മജ എന്നു പറയുന്ന അവുക്കാരുപിള്ള ചെയ്തുകണ്ണു	൨൧൮൧	൫	പണ്ടാരത്തുംവക കുടുംബപ്പൊരുതി

വഞ്ചിയൂർ അധികാരത്തിൽ ചെങ്ങഴശ്ശേരി പകുതിയിലെ നമ്പർ ൨൦൫൫-ാമത
പേർ വിടികളുള്ള വിചാരണ പുസ്തകം

കേസ് നമ്പർ	നിലമൊ പുരയിടമൊ എന്നും ഒഴുകുമ്പടി ലക്കവും പെരും	വിസ്തീർണ്ണം — മുൻ കണക്കു പടി ഏ.	മുൻ കണക്കു പടി സെ.	സർവ്വെയിൻ പടി ഏ.	സർവ്വെയിൻ പടി സെ.	ബാദ്ധ്യതയുടെ സ്വഭാവവും സാരവും	ആധാരമൂലമായസാക്ഷ്യം
	൧	൨				൩	൪൦
൧൫൬൩	ആറന്തൂർ ചാല ൨൦൫ പാലവിളാകം പുരയിടം	...	൩൦			൧-ാമത കാലത്തിൽ എഴുതിയിരിക്കുന്ന ൨൦൫-ൽ പാലവിളാകം പുരയിടം എന്റെ കക്ഷിയുടെ അമ്മൂമ്മ മരിച്ചുപോയ മാതേവി കാളി മുതൽ പേരിടെ പേരിൽ പതിഞ്ഞിട്ടുള്ളതാകുന്നു ഈ വസ്തു ൧൧ പണം അർത്ഥം വച്ചു ൧൦൯൯-ാം ആണ്ടിൽ കണ്ണാളൻ കൃഷ്ണൻ നാരായണനു ഒറ്റിയുംകുഴിക്കാണമായി രജിസ്റ്റർ മാസ്റ്റ് എഴുതി കൊടുത്തിട്ടുള്ളതിനെ അവൻ നാളു അനുഭവക്കാരനായി മേത്തൻ അവുക്കാരപിള്ള ചെയ്തുകൊണ്ട പേർക്ക് ഒറ്റിവില എഴുതി കൊടുത്തു അവൻ അനുഭവിച്ചു വരുന്നതു ശരിതന്നെ ഈ വസ്തുവിനു കൊടുപ്പിട്ടുള്ള പതിവു മുതലായ പ്രമാണങ്ങൾ ബോധപ്പെടുത്തുവാൻ തക്കമൊശം വന്നുപോയി ഇതിലേക്കു സർക്കാർ കണക്ക അല്ലാതെ വേറെ പ്രമാണം ഇല്ലാ ഈ വസ്തു എന്റെ കക്ഷി അല്ലാതെ വേറെ സമവകാശികളാരും ഇല്ലാ തറവാട്ടു മൂപ്പും ഗ്രഹഭരണവും എന്റെ കക്ഷിക്കു തന്നെ ആകുന്നു ഈ വസ്തുവിനുള്ള മതിലകത്തെ പ്രവൃത്തി എന്റെ കക്ഷി തന്നെ നടത്തി വരുന്നു ഈ വസ്തുവിനു എന്റെ കക്ഷിയുടെ പേർക്ക് പട്ടയം കിട്ടണമെന്നു അപേക്ഷിക്കുന്നു എന്റെ പേർക്കു വക്കാലത്തു ഫയൽ ചെയ്തിരിക്കുന്ന മൊഴി ഇതു പൊഴിവു. നോക്കി ശരിതന്നെ ക്രിമിനാൽ വക്കീൽ എം. നാരായണപിള്ള (ഒപ്പ്) ൧൦൯൯-ാമാണ്ടു കാർത്തികമാസം ൩൦-	൧൦൯൧ മാണ്ടു പൈംകുനി മസം ൧൯നു- ശംഖു ചക്രത്തുവീട്ടിൽ മാതേവി കാളി വകക്കു ൧൯ണ്ടാണി പണം അധികാരത്തിൽ കരംതീർത്തടുക്ക ഒന്നം

വഞ്ചിയൂർ അധികാരത്തിൽ ചെങ്ങഴശ്ശേരി പകുതിയിലെ നമ്പർ [illegible]
പേർപിടിക്കുള്ള വിചാരണ പുസ്തകം [illegible]

പേർ പിടിക്ക സമ്മതിക്കുന്ന കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷിപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാറരുടെ പേരും ഒപ്പും	സാക്ഷിമൊഴി
൧൧	൧൨
തണ്ടപ്പേരിൽ പതിവും ഇനവും ലക്ഷവും ശരി ഈ വസ്തു പേരുമാറി പതിക്കുന്നതിനുവച്ചു സർക്കാർസമ്മന്തമായി യാതൊരു വിരോധവും ഉള്ളതായി കണക്കുകളാൽ കാണുന്നില്ലാ ൧൦൩൨-മാണ്ടു പുരട്ടാതി മാസം ൨൪-നു വഞ്ചിയൂർ അധികാരത്തിൽ കണക്ക വേലുപ്പിള്ള (ഒപ്പ്). കക്ഷിയെയും വസ്തുവിനെയും വളരെ അറിയും ഞങ്ങൾ അയൽക്കാറരാകുന്നു ഈ വസ്തു അപേക്ഷയിൽ ബോധിപ്പിച്ചിട്ടുള്ളതുപോലെ മേത്തൻ അവുക്കാരുപിള്ള ചെയ്തുകണ്ണുപിള്ള അനുഭവിച്ചുവരുന്നു ഈ വസ്തുവിന്റെ തണ്ടപ്പേരിൽ പതിവുകാറരു മരിച്ചുപോയി അവരുടെ അവകാശി കക്ഷിയാകുന്ന തറവാട്ടു മൂപ്പും ഗ്രഹഭരണവും കക്ഷിക്കുതന്നെ ആകുന്നു ഈവസ്തുവിനുവേറെ സമഅവകാശികൾ ആരും ഇല്ലാ മൊഴികെട്ടു ശരി വഞ്ചിയൂർ അധികാരത്തിൽ കുന്നംപ്രത്തു രാമനവിളാകത്തുവീട്ടിൽകൃഷ്ണൻഗോവിന്ദൻ (ഒപ്പ്) ടി അധികാരത്തിൽ ചാലയിൽ കമുകുംവിളാകത്തുവീട്ടിൽ താമസിക്കുന്നകൃഷ്ണരാമസ്വാമി(ഒപ്പ്). ൧൦൩൨-മാണ്ടു കാർത്തികമാസം [illegible]ന്നു-	൧൦൨൯-ാമതു കാലത്തിൽ എഴുതിയിരിക്കുന്നവസ്തു ശംഖചക്രത്തുവീട്ടിൽ അനന്തമ്മപിള്ള ഗോവിന്ദപ്പിള്ളയോടു വഞ്ചിയൂർഅധികാരത്തിൽ വല്യശാലയിൽ പുമിറ്റം പുരയിടത്തിൽ കണ്ണാരുൻകൃഷ്ണൻനാരായണനു ൨൧ൻ പണത്തിനു രജിസ്തർമാർഗ്ഗം ഒററിയുംകുഴിക്കാണവും അയാളോടു ൧൦൨൩-മാണ്ടു പൈങ്കുനിമാസം ൩൦-നു ൨൧ പണം അത്ഥംവച്ചു ൧൦൨൨-ാംനമ്പരായി രജിസ്തർചെയ്തു എന്റെപേർക്കു കിട്ടിയിട്ടുള്ള ഒററിക്കുവായോല ആധാരത്തുമ്പടി ഈ വസ്തു നാളതുവരെ ഞാൻ തന്നെ അനുഭവിച്ചുകരംതീർത്തു നടന്നുവരുന്നു കൃഷ്ണൻനാരായണനു ൧൦൨൭-മാണ്ടു പുരട്ടാതി മാസം ൧൯-നു ൨൪൯-ാംനു നമ്പരായി രജിസ്തർചെയ്തു കിട്ടിയിട്ടുള്ള ഒററിയും കുഴിക്കാണവും ആധാരവും എന്റെപേർക്കുള്ള ഒററിക്കുവായോല ആധാരവും ബോധപ്പെടുത്തിതിരിച്ചു വാങ്ങിച്ചിരിക്കുന്നു, ഇതിന്റെ ജന്മി അനന്തംപിള്ള ഗോവിന്ദപ്പിള്ളയാണു അവർ ഇപ്പോൾ പാൽക്കുളങ്ങര അധികാരത്തിൽ പാൽക്കുളങ്ങര കാഞ്ചീമഠത്തിൽ ശംഖചക്രത്തുവീട്ടിൽ താമസിക്കുന്നു എനിക്കു കിട്ടിയിട്ടുള്ള ആധാരത്തിൽ വസ്തു പണ്ടാരപ്പാട്ടം എന്നും ൨൦ന്നു-ൽ നങ്ങച്ചൻപിള്ള വീട്ടുവിളാകമെന്നും പറയുന്നു എനിക്കു എഴുതി തന്നിട്ടുള്ളതും ഞാൻ അനുഭവിച്ചുവരുന്നതും ഈ വസ്തു തന്നെ ആധാരം എഴുതിയ സമയത്തു കണക്കു തിട്ടം വരുത്തി എഴുതി വാങ്ങിക്കാഴികയാൽ വിത്ഥിയാസം വന്നിട്ടുള്ളതാകുന്നു, അനുഭവക്കാറനായ ചാലയിൽ വെങ്കലപാത്രക്കടയിൽ കച്ചവടം നെല്ലമൺ അധികാരത്തിൽ അയിക്കരെവീട്ടുമുറിയിൽ ഇടയല്ലിവിളാകം പുരയിടത്തിൽ മേത്തൻ ചെയ്തുമുഹമ്മതു എന്നു വിളിക്കുന്ന അവുക്കാരുപിള്ള ചെയ്തുകണ്ണു (ഒപ്പ്) ൧൦൩൨-ാമാണ്ടു പുരട്ടാതി മാസം ൨൪-നു

വഞ്ചിയൂർ അധികാരത്തിൽ ചെങ്ങഴച്ചേരി പകുതിയിലെ നമ്പർ ൨൦൮൯–ാമതു
ചേർ പിടികളിലെ വിചാരണപുസ്തകം.

കേസ് നമ്പർ	അഭിപ്രായം	അവസാന തീർപ്പ
	൧൩	൧൪
൧൭൩		൭–ാമതു കാളത്തിൽ പറയുന്ന വസ്തു കുഡുംബപ്പെരുവതി ആക കൊണ്ടു ഈ കേസു ഇവിടെ തീർച്ചക്ക ആയി വരപ്പെട്ട ഈ വസ്തു പേരിൽ പതിവുകാറി അപേക്ഷക്കാറിയുടെ അമ്മമ്മ മുതൽ പേർ എന്ന അപേക്ഷക്കാറിയുടെ തിരെക്ക അനുസരണയായി സാക്ഷിക്കാറരും പറയുന്ന അപേക്ഷക്കാറി ഒറ്റി ചെറ്റുവഴി ഇപ്പഴത്തെ അനുഭവക്കാറന നിശ്ചിച്ചു അനുഭവിച്ചു വരുന്നതായി കാണുന്നുണ്ടു. ആ ഭാഗം ഒറ്റിക്കാറനും സമ്മതിച്ചിരിക്കുന്നു ഈ കേസിലുൾപ്പെട്ട പക്കത്തിൽകൊണ്ട വസ്തു തന്നെ ൧൯൯൮–ാം നമ്പർ കേസിലും ഉൾപ്പെട്ടിരിക്കുന്നു, അതിലെക്ക വിളംബിപ്പേരിൽ പറഞ്ഞിട്ടുള്ള വിവരം ആ കേസു തീർച്ചയിൽ വിവരപ്പെട്ടത്തി പറഞ്ഞിട്ടുണ്ടു അതിനാൽ ഡിമാർക്കേഷൻ ൨൧൯൧–ാമതു നമ്പർ ഏലറരിൽകൊണ്ട വസ്തുവിനു പണ്ടാരവക കുഡുംബപ്പെരുവതിയായി അപേക്ഷക്കാറി ആനന്ദം ഭഗവതി പേക്കും പതിച്ചു പട്ടയം കൊടുക്കണം. ൧൦൫൨–മാണ്ടു ആനിമാസം ൩൧൩– കണ്ടെഴുത്തു ഡിപ്ടി പെഷ്കാർ സുബ്ബനാരായണയ്യൻ (ഒപ്പ്.) ഇതു ശരിപകർപ്പ്. അസൽ കേസ് നൊക്കിപകർത്തിയതും ഒത്തു നോക്കിയതു

ഈ വക വസ്തു ൯൨ വൃ-ാമാണ്ട ടി വീട്ടിലെക്ക കുഡുംബപ്പൊറുതിയായിട്ടു പതിച്ചുകൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്നു. പ്രവൃത്തി വിവരം ടിയിൽ കാണുന്നില്ലാ. ടി വീട്ടകാറർ മതിലകത്തു ദിവസേന പൂജക്ക നെല്ലുകുത്തു അരി അളവു മാക്കാപ്പു ഇടിപ്പ ഈ വക ജോലികളും ചെയ്തുവരുന്നു മതിലകത്തു ശ്രീപണ്ടാര കണക്ക അയ്യപ്പൻ ഗൊവിന്ദൻ (ഒപ്പ്.)

൧൦൨൬-മാണ്ട ചിത്തിരമാസം ൨൯-നു

ശരിപകർപ്പ.

൧൦൨൧-മാണ്ട ചിങ്ങം ൨൩-നു.

കണ്ടെഴുത്തു സെൻഡലൊപ്പീസ്സ മുമ്പാകെ.

പാൽക്കുളങ്ങര അധികാരത്തിൽ പെരുന്താന്നിയിൽ ശംഖചക്രത്തുവീട്ടിൽ കണക്ക തെവൻ പരമീശ്വരൻ ബൊധിപ്പിച്ച മൊഴി.

എന്റെ അമ്മ ആനന്തം ഭഗവതിപിള്ളക്കു ചെങ്ങഴശ്ശേരി, രണ്ടാമട, അഞ്ചാമട ഈ പകുതികളിൽനിന്നും കിട്ടിയിട്ടുള്ള ശ്രീപണ്ടാരപട്ടയത്തിൽ ഉൾപ്പട്ട ശ്രീപണ്ടാരവക കുഡുംബപ്പൊറുതി വസ്തുക്കൾ എന്റെ തറവാട്ടിലേക്ക മതിലകത്തു പ്രവൃത്തിക്ക പതിച്ചു തന്നിട്ടുള്ളതാണ. ഈ വസ്തുക്കളെ സംബന്ധിച്ചു മൂന്നമാസത്തിൽ ഒരിക്കൽ ഒരുമാസം പൂജക്കുള്ള നെല്ലു ഏററു വാങ്ങി അരി ആക്കിച്ചു അളവു കൊടുക്കയും മാവു ഇടിപ്പിച്ചു കൊടുക്കയും ചെയ്യുന്നപ്രവൃത്തിക്കായിട്ടുള്ളതാണ. ഇതു സ്ത്രീകൾക്കും, അടിയന്ത്രം കെട്ടു, കൊടിഎടുപ്പിക്ക തിരുമാടമ്പിന്ന തിരുവാഴി ഒണ്ടാക്കിച്ചുകൊടുത്തു അതു സംബന്ധിച്ചുള്ള അടിയന്ത്രങ്ങൾ ചുമതലായി നടത്തിക്ക മുതലായ ജൊലികൾ പുരുഷന്മാൎക്കും ഒള്ളതാകുന്നു. ഇതല്ലാതെ വെറെ പ്രവൃത്തികൾ ഒന്നും ഇല്ലാ. ഈവകക്ക വസ്തുക്കൾ കൂടാതെ മുത്തപിള്ളക്ക ദിവസം രണ്ട പറ നെല്ലും മുണ്ടഉടുപ്പുവകക്ക ആണ്ടിൽ ൩൬ പണവും, കൊടി എടുപ്പിക്കുന്നവകക്ക ചൊററുപുരയിൽനിന്നും ൪ കട്ടി ചോറും ഉത്സവത്തിന കൊടി എടുപ്പിക്കുന്നതിന, ആണ്ടിൽ ൪൪ പണവും, പുരുഷന്മാൎക്കും പൂജമുറമാസങ്ങളിൽ ദിവസം ഒന്നിന സ്ത്രീകൾക്ക ൩൬ കട്ടി ചൊറും പൂജമുറ ഇല്ലാത്ത മാസത്തിൽ ദിവസം ൩ കട്ടി ചൊറും അനുഭവം ഒള്ളതാകുന്നു. ഈ ജോലികൾ മേൽ നടത്തുന്നതു സമ്മതം തന്നെ എന്റെ അമ്മ ഹാജരായിട്ടില്ല. അമ്മയിടെ പെൎക്കുള്ള രണ്ടാമട പകുതിവക, ൨൩൧-൦. ശ്രീപണ്ടാരവക ൧൯-൦. അഞ്ചാമട പകുതിവക ൧൧൧-൦ ശ്രീപണ്ടാരവക ൧൧-൦. ചെങ്ങഴശ്ശേരി പകുതി വക ൩൧൧-൦ ശ്രീപണ്ടാരവക ൧൧൨-൦ നമ്പർ തെളിവു ശിട്ടുകളും പട്ടയങ്ങളും ഹാജരാ

ക്കിയിരിക്കുന്നു. ഇതല്ലാതെ ശ്രീപണ്ടാരവക വസ്തുക്കൾ സംബന്ധിച്ചതെളിവു ശീട്ടും പട്ടയവും എന്റെ കൈവശമില്ലാ. കണക്ക തെവൻ പരമീശ്വരൻ (ഒപ്പ്).

ശരിപകർപ്പു.

൧൦൪൮-൪-൭൦.

ചെങ്ങഴിശ്ശേരി പകുതിവക രജിസ്ത്രേഷൻ ൧൭൩൦, ൧൭൩൧-ാം നമ്പർ കേസുകൾക്കു രണ്ടാമത തീർച്ച.

ഈ കേസുകളിൽ കൊണ്ട സർവെ ൨൧൦൭൧ ഏ. ൨൨൨൦-ാം നമ്പർ വസ്തുക്കൾ പണ്ടാരമാം വക കുഡുംബപ്പൊറുതി ഇനമാകുന്നു. ഇര വസ്തുക്കാം ശംഖചക്രത്തു വീട്ടുകാററിടെ പേരിൽ കുഡുംബപ്പൊറുതി പതിഞ്ഞിട്ടുള്ളതല്ലാതെ പ്രവൃത്തിവിവരം ഗ്രന്ഥവരിയിൽ കാണുന്നില്ലെന്നും ടിവീട്ടുകാർ മതിലകത്തു ദിവസെന പൂജക്കു നെല്ലുകുത്തി അരി അളവു കൊടുക്കയും മാക്കാപ്പു ഇടിച്ചു കൊടുക്കയും ചെയ്തുവരുന്നതായിട്ടും ശ്രീപണ്ടാരപ്പിള്ള സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഈ സംഗതിക്കു തീർച്ചപ്പേരുകാറിയിടെ മകനായ കണക്കു തേവൻ പരമീശ്വരനെ വരുത്തി ചോതിച്ചതിൽ മെല്പറഞ്ഞ വസ്തുക്കൾസംബന്ധിച്ചു. മതിലകത്തു മൂന്നുമാസത്തിൽ ഒരിക്കൽ ഒരു മാസം പൂജക്കുള്ള നെല്ലു ഏററു വാങ്ങിച്ചു കുത്തി അരി അളവു കൊടുക്കയും മാവു ഇടിപ്പിച്ചു കൊടുക്കയും ചെയ്യുന്ന ജൊലികൾ സ്ത്രീകളും അടിയന്തരംകെട്ടു, കൊടി എടുപ്പിക്കകെ തിരുമാടമ്പിനു തിരുവാഴി ഉണ്ടാക്കിച്ചു കൊടുത്തു അതു സംബന്ധിച്ചുള്ള അടിയന്തരങ്ങൾ മുതലായി നടത്തിക്ക മുതലായ ജോലികൾ പുരുഷന്മാരും നടത്തി വരുന്നതായി ബൊധിപ്പിച്ചു എഴുതിവച്ചും ഇരിക്കുന്നു. അതിനാൽ ഇപ്പൃതത്തെ നടപ്പും അനുസരിച്ചു പട്ടയം മുതലായ റിക്കാർട്ടുകളിൽ പ്രവൃത്തിവിവരം പതിച്ചു കൊടുക്കുന്നതിലെക്കു തീരുമാനിച്ചിരിക്കുന്നു.

കണ്ടെഴുത്തു ദിവാൻപെഷ്കാർ,
വി. നാഗമയ്യാ (ഒപ്പ്).

Document No. XVI.

പട്ടം അധികാരത്തിൽ മഠത്തുവിളാകം പകുതിയിൽ ൭-ാമത്തെ കണ്ടം
പേർപിടിക്കുള്ള വിചാരണ പുസ്തകം.

കേസ് നമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേർ		പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻ പടി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	[illegible]
൧	൨		൩		൪	൫	
൨൧൪		അട്ടറവീട്ടിൽ കണക്കകൃഷ്ണൻ പത്മനാഭൻ		കല്ലറമേലെവീട്ടിൽ കുമാരൻ പരമേശ്വരൻ	കല്ലറമേലെവീട്ടിൽ ൨ വ്യവ്യ കുമാരൻ പരമേശ്വരൻ		

പട്ടം അധികാരത്തിൽ കടത്തുവിള്ളാകം പകുതിയിൽ ഗ്രാമത്തു കണ്ടം
പേർ പിടിക്കുള്ള വിചാരണപുസ്തകം

കേസ് നമ്പർ	ഇനം	നിലമൊ പുരയിടമൊ എന്നും ഒഴുകംപടി ലക്കവും പേരു	വിസ്തീർണ്ണം: മുൻകണക്കു ബുക്കി ഏ.	വിസ്തീർണ്ണം: മുൻകണക്കു ബുക്കി സെ.	വിസ്തീർണ്ണം: സർവേയിൽ പടി ഏ.	വിസ്തീർണ്ണം: സർവേയിൽ പടി സെ.	ബാദ്ധ്യതയുടെ സ്വഭാവവും സാരവും
	൩	൪	൫				൬
൨൭൪	രാമനമഠംവക കുടുംബംവിരുത്തി	നിലം പുതുമന്നാർ വട്ടത്തു ൨ നാരങ്ങ.)	...	൯൨	...	...	൨-ാമത്തു പുരയിടം തണ്ടപ്പേരിൽ പതിവുകാരൻ മരിച്ചുപോയതിൽ പിന്നെ അയാളുടെ അവകാശികൾ തെക്കേവറത്തല വീട്ടിൽ കാർക്ക വാരപ്പാട്ടം കൊടുത്തതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഈ വസ്തുവും അതുകൂടാതെ ഏതാനും വസ്തുക്കളുമായി തെക്കേവറത്തലവീട്ടിൽ കുമാരൻ മാതേവനോടും ലക്ഷ്മി കൊച്ചുപെണ്ണിനോടും എന്റെ ജേഷ്ഠൻ കല്ലറമൂലവീട്ടിൽ കുമാരൻ രാമൻവിലവാങ്ങി അനുഭവിച്ചുവരുമ്പോൾ അയാൾ മരിച്ചുപോയി, അതിൽപിന്നീടു ഞാൻതന്നെ അനുഭവിച്ചു കരം മുതലായതു തീർത്തു അനുഭവിച്ചുവരുന്നു. സമ അവകാശിയായി ഈശ്വരി ഭഗവതി ഉണ്ട്. കല്ലറമൂലവീട്ടിൽ പാർക്കുന്നു. ഇതിലേക്കുള്ള പ്രമാണങ്ങൾ ഹാജരാക്കി തിരിച്ചു വാങ്ങിച്ചിരിക്കുന്നു. തണ്ടപ്പേരിൽ പതിവുകാരനു അവകാശിയായി ആരെല്ലാം ഉണ്ടു എന്നു എനിക്കു അറിവാൻപാടില്ല. ഇതിലേക്കു എന്റെ പേരിൽ പോക്കുവരവു ചെയ്തു പട്ടയം തരുവിക്കണമെന്നു അപേക്ഷിക്കുന്നു. കല്ലറമൂലവീട്ടിൽ കുമാരൻ പരമേശ്വരൻ. ടിയാന്റെ വക്കീൽ ടി വീട്ടിൽ രാമൻ നാരായണൻ (ഒപ്പ്) ൧൦൯൦-ാം കാർത്തികമാസം ...ന്നു-

പട്ടം അധികാരത്തിൽ മടത്തുവിളാകം പകുതിയിൽ ൭-ാമതു കണ്ടം
പേർ പിടിക്കുള്ള വിചാരണ പുസ്തകം (തുടർച്ച.)

ആധാരമൂലമായ സാക്ഷ്യം	പേർ പിടിക്ക സമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
൧൦	൧൧	൧൨
അപേക്ഷയിൽ പറയുന്ന വസ്തുവും അതുകൂടാതെ ഏതാനും വസ്തുക്കളുമായി തൊഴുവറത്തലവീട്ടിൽ കുമാരൻ മാതേവൻ മുതൽപേരോട്ട കല്ലറമൂലവീട്ടിൽ കുമാരൻ രാമൻ ൧൦൪൭-ാമാണ്ടു വൈകാശ് മാസം ൧൯-൦ ൹ ൨൨൦ പണം അർത്ഥംകൊടുത്തു ൨൧൫-മതു നമ്പരായി രജിസ്റ്റർ ചെയ്തു വില ആധാരം ൧	തണ്ടപ്പേരും ഇനവും ലക്കവും ശരി. അന്യൻ്റെ ചരമവിചാരണമുതലായതൊന്നും നടന്നിട്ടുള്ളതായി റിക്കാർട്ടുകളിൽ കാണുന്നില്ല. കണക്കെഴുത്തു വേലായുധൻപിള്ള (ഒപ്പ്) ൯൨-൨-൧൯. ഈ വസ്തു മുൻപേർ ആട്ടറവീട്ടിൽ മാതേവി വള്ളി പേരിൽ പതിഞ്ഞിട്ടുള്ളതായി കാണുന്നു. കണക്കു വേലായുധൻപിള്ള (ഒപ്പ്.) ഇനവും ലക്കവും ശരി. ശ്രീപണ്ടാരകണക്കുംപടി തൊഴുവറത്തല തെക്കേ വീട്ടിൽ കുഞ്ചിച്ചൻ പത്മനാഭൻ പേരിൽ തണ്ടപ്പേരുകാണുന്നു. ഈ വസ്തു ഇന്നാർക്കു വിട്ടുകൊടുത്തിട്ടുള്ളതാണെന്നു കണക്കുകളിൽ കാണുന്നില്ല. പട്ടം മേൽകണ്ടാണത്തിൽ കണക്കെഴുത്തു ഈശ്വരപിള്ള (ഒപ്പ്) ട്രാൻസ്ഫയർ നാവായിക്കുളം കൊച്ചുകുഞ്ഞുപിള്ള (ഒപ്പ്)	അപേക്ഷവസ്തുവും അപേക്ഷക്കാരനെയും ഞങ്ങൾ അറിയും. ഞങ്ങൾ അയൽക്കാരാകുന്നു. തണ്ടപ്പേരിൽ പതിവുകാരൻ മരിച്ചുപോയതിൽ പിന്നെ അയാളുടെ അവകാശികൾ തൊഴുവറത്തലവീട്ടുകാർക്കു രായോലകൊടുത്തതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഈ വസ്തുവും അതുകൂടാതെ ഏതാനും വസ്തുക്കളുമായി അപേക്ഷക്കാരൻ്റെ ജ്യേഷ്ഠൻ തൊഴുവറത്തലവീട്ടിൽ കുമാരൻ മാതേവൻ മുതൽപേരോട്ട വാരോലയായി വാങ്ങിച്ചു അനുഭവിച്ചുവരുമ്പോൾ അയാൾ മരിച്ചുപോയി അതിൽപിന്നീട്ട അപേക്ഷക്കാരൻതന്നെ അനുഭവിച്ചുവരുന്നു. അയാൾക്കു സമ അവകാശിയായി ഈശ്വരി ഭഗവതി ഉണ്ട് തണ്ടപ്പേരിൽ പതിവുകാരൻ്റെ അവകാശികളായി ആരെല്ലാം ഉണ്ട്. എന്നു ഞങ്ങൾക്കു അറിവാൻ പാടില്ല. ആട്ടറവീട് എന്നു പറയുന്നതു വഞ്ചിയൂർ അധികാരത്തിൽ പഴവങ്ങാടിയിൽ ആണ് കൊച്ചുകോട്ടവീട്ടിൽ അയ്യപ്പൻ കൃഷ്ണൻ (ഒപ്പ്) തൊഴുവറത്തല തെക്കെ വീട്ടിൽ രാമൻ പത്മനാഭൻ (ഒപ്പ്) ൧൦൯൦ കാർത്തികമാസം ൩-

പട്ടം അധികാരത്തിൽ മടത്തുവിളാകം പകുതിയിൽ ൭൦-ാമതു കണ്ടം
പേർ പതിക്കുള്ള വിചാരണ പുസ്തകം (തുടർച്ച)

കേസ് നമ്പർ	അഭിപ്രായം	അവസാന തീർച്ച
	൨൩	൨൪
൧൫൮		ഈ കേസിലേയും ഇതിനോടു ചേർത്തിരിക്കുന്ന രജിസ്റ്റർ ൩൧-ാമത് നമ്പ്ര കേസിലേയും വസ്തുക്കൾ രാമനമഠംവക കുഡുംബാധീനത്തിൽ ഇനവും മതിലകത്തു സംബന്ധപ്രവൃത്തിക്കായി ഒള്ളതും ആണെന്നും ഈ വസ്തുക്കൾ ആറ്റുറവീട്ടുകാരിടെ വകയും അവിടെ നിന്നും ഒററിക്കു കൈമറിഞ്ഞു വില സിദ്ധിച്ചു അനുഭവിച്ചുവരുന്നതും ആകുന്നു എന്നു അപേക്ഷക്കാരനും മതിലകത്തു പ്രവൃത്തി ഇപ്പോൾ ഇയാളുടെ കുടുംബത്തിൽ നോക്കിവരുന്നതായും അപേക്ഷക്കാരൻ പറയുന്നതുപോലെ ഒററി കൊടുത്തിട്ടില്ലെന്നും മാരായപ്പാട്ടം കൊടുത്തിട്ടുള്ളതായും പട്ടയത്തിനു അപേക്ഷിച്ചും ആയതു കൂട്ടു പതിവുകാറിയുടെ ശേഷകാരൻ മൂത്തപിള്ള കണക്കു രാമൻ പത്മനാഭൻ എഴുതിവച്ചിരിക്കുന്നതായും കാണുന്നു. അപേക്ഷക്കാരനു പട്ടയത്തിനു അവകാശമില്ലെന്നുള്ള ഭാഗത്തെ അയാൾ സമ്മതിക്കയും അപേക്ഷ വസ്തു പ്രവൃത്തിക്കായി കൊടുക്കപ്പെട്ടിട്ടുള്ളതായും പതിവുകാറിയുടെ ശേഷകാരൻ പട്ടയത്തിനു അപേക്ഷിച്ചിട്ടുള്ളതായിട്ടും കാണുകയും ചെയ്തിട്ടുള്ളതനുസരിച്ചു പട്ടാ ചെയ്‌വാൻ നിശ്ചയിച്ചിരിക്കുന്ന വിവരം കണ്ടു ൭൨ ാമത് നമ്പരായി ഈ മാസം ൩൧-൹- പരസ്യം അയച്ചതിൽ ആരിടെയും വിസമ്മതം ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. അതിനാൽ മുൻ പേരുകാറിയുടെ ശേഷകാരനായ പഴവങ്ങാടിയിൽ ആറ്റുറവീട്ടിൽ പാർക്കുന്ന മതിലകത്തു രാമനമഠത്തിൽ മൂത്തപിള്ള കണക്കു കുമാരൻ പത്മനാഭൻപേരിൽ ഏർപ്പാടിൻപ്രകാരം ഇനാമായി പതിച്ചു പട്ടയം കൊടുക്കണം. സുപർവൈസർ വീ. രംഗയ്യങ്കാർ (ഒപ്പു) ൧൦൩൧-൹-൩൧൨ ക്ലാസ്‌ഫിയർ ഹരിഹരയ്യർ. മൊഴി ചെങ്ങഴിശേരിപകുതിവക രജിസ്ട്രേഷൻ ൨൯൩-ാമതു നമ്പ്ര കേസ്സുകൂടി ചേർത്തിട്ടുണ്ട്. കാണെഴുത്തു ദിവാൻപേഷ്കാർ വി. നാഗമയ്യാ (ഒപ്പ്.) അടയാളം പൊന്നയ്യൻ. (ശരിപകർപ്പ്) (ശരി പകർപ്പ) അസൽ കേസ് നോക്കി പകർത്തി ക്ലാർക്ക് സുബ്രഹ്മണ്യപിള്ള (ഒപ്പ്) ഒത്തുനോക്കി, കെ. ജി. ഭാസ്കരമേനോൻ (ഒപ്പ്) സ്പെഷ്യൽ ആഫീസർ കെ. എൻ. കേശവപിള്ള (ഒപ്പ്)

ഈ വക വസ്തു ൯൨൮-ാമാണ്ടു ടി വീട്ടിലേക്ക പതിച്ചുകൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്നു. പ്രവൃത്തിവിവരം ടിയിൽ കാണുന്നില്ലാ. ടി വീട്ടുകാർ മതിലകത്തു ദിവസേന പൂജക്ക നെല്ലുകുത്തു അരി അളവു മാക്കാപ്പുഇടി ഈവക ജോലികളും ചെയ്തുവരുന്നു. മതിലകത്തു ശ്രീപണ്ടാരകണക്ക അയ്യപ്പൻ ഗോവിന്ദൻ (ഒപ്പ്.)

൧൦൧൦-ാമാണ്ടു വൈകാശിമാസം ൧൩-നു

൩൫.

മടത്തുവിളാകം പകുതിവക രജിസ്ത്രേഷൻ ൨൧൦-൨൧൪-൨൭൧-൧൭൩-ം നമ്പ്ര കേസുകൾക്ക രണ്ടാമത് തീർച്ച.

ഈ കേസുകളിൽ കൊണ്ട സർവെ ൨൮൩൩-൨൮൮൨-൨൮൭൭-൨൮൭൮-ം നമ്പർ വസ്തുക്കൾ രാമനാമഠംവക കുടുംബവസ്തുത്തി ഇനമാകുന്നു. ഈ വസ്തുക്കൾ ആട്ടറവീട്ടുകാരുടെ പേരിൽ പതിഞ്ഞിട്ടുള്ളതല്ലാതെ പ്രവൃത്തിവിവരം ഗ്രന്ഥവരിയിൽ കാണുന്നില്ലെന്നും ടി വീട്ടുകാർ മതിലകത്തു ദിവസേന പൂജക്ക നെല്ലുകുത്തി അരി അളവു മാക്കാപ്പുഇടി ഈവക ജോലികൾ ചെയ്തുവരുന്നതായിട്ടും ശ്രീപണ്ടാരപിള്ള സാക്ഷിപ്പെടുത്തിയിരിക്കുന്നു.

ഈ സംഗതിക്ക തീർച്ചപ്പേരുകാരന്റെ അവകാശി എന്നു കാണുന്ന കണക്ക വേലായുധൻ നാരായണനെ വരുത്തി ചോദിച്ചതിൽ ഈ വസ്തുക്കൾ സംബന്ധിച്ചു മതിലകത്തു ദിവസേന പൂജക്ക നെല്ലു ഏററു വാങ്ങിച്ചു കുത്തി അരി അളവു കൊടുക്കുക മാക്കാപ്പു ഇടിച്ചു കൊടുക്കുക അവൽ, മലർ ഇതുകൾ ഉണ്ടാക്കി കൊടുക്കുക വിശേഷാൽ അടിയന്തരങ്ങൾക്ക കൂടുതലായി നെല്ലുവാങ്ങിച്ചു അരി അളക്കുക, ദിവസേന രാത്രി ശീവേലിക്ക കൊടി എടുപ്പിക്കുക, അടിയന്തരം കെട്ടു മുതലായ ജോലികളും നടത്തിവരുന്നതായി ബോധിപ്പിച്ചു മൊഴി എഴുതിവച്ചും ഇരിക്കുന്നു. അതിനാൽ ഇപ്പോഴത്തെ നടപ്പു അനുസരിച്ചു പ്രവൃത്തിവിവരം, പട്ടയംമുതലായ റിക്കാർട്ടുകളിൽ പതിച്ചുകൊടുക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇതുസംബന്ധമായി വാങ്ങീട്ടുള്ള മൊഴി ചെങ്ങഴിശേരിപകുതിവക രജിസ്ത്രേഷൻ ൧൯൨-ാമത നമ്പ്ര കേസോടുകൂടി ചേർത്തിട്ടുണ്ട്.

കണ്ടെഴുത്തു ദിവാൻപേഷ്കാർ വീ. നാഗമയ്യാ (ഒപ്പു)

അടയാളം പൊന്നുവയ്യൻ.

ശരിപകർപ്പ്

അസൽ കേസ് നോക്കി പകർത്തി ക്ലാക്ക് സുബ്രഹ്മണ്യയ്യൻ (ഒപ്പു)

ഒത്തുനോക്കി കെ. ജി. ഭാസ്കരമേനോൻ (ഒപ്പ്)

സ്പെഷ്യൽആഫീസർ (ഒപ്പ്)

Document No. xvi (c)

പട്ടം അധികാരത്തിൽ മടത്തുവിളാകം പകുതിയിൽ ൧൦൨൭മാണ്ടത്തെ

പൊട്ടിവു പേർ പിടിക്കുള്ള വിചാരണപുസ്തകം.

കേസ് നമ്പർ	രണ്ടപ്പേരിൽ പതിവുകാരന്റെ പേർ		പേർ പിടിക്കാൻ അപേക്ഷക്കാരന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻപടി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	മറ്റേർ
൧	൨		൩		൪	൫	
൨൯൫		ആട്ടറവീട്ടിൽ കണക്കകൃഷ്ണൻ പത്മനാഭൻ		വഞ്ചിയൂർ അധികാരത്തിൽ ആട്ടറവീട്ടിൽ വള്ളിയമ്മ ചക്കിയമ്മ	കല്ലറമൂലവീട്ടിൽ കുമാരൻ പരമേശരൻ	൨ൻ൦൩ ൨൫൧൩	

പട്ടം അധികാരത്തിൽ നടത്തുവിള്ളാകം പകുതിയിൽ ഭാഗമശുകണ്ടെ ചെപ്പേടിൽ
പേർപതിക്കുള്ള വിചാരണപുസ്തകം

ഇനം	നിലമോ പുരയിടമോ എന്ന് ഒള്ളക്കം പടി ലക്കവുംപേരും	വിസ്തീർണ്ണം				ബാദ്ധ്യതയുടെസ്വഭാവവും സാരവും
		മുൻകണക്കിൻ പടി		സർവെയിൻ പടി		
		ഏ.	സെ.	ഏ.	സെ.	
൩	൪	൫				൬
രാമനമഠംവക ഒററി	നിലം ൧൭ മൊട മാവുങ്ങര	...	൩൦	...	+	൧൭-൧൨ലക്കങ്ങളിൽ കൊണ്ടിട്ടുള്ളവസ്തുക്കൾ പേരിൽ പതിവുകാരായ കൃഷ്ണൻ പത്മനാഭൻമരിച്ചുപോയിഅവരുടെകണാൻതരെ ശേഷക്കാരിയാകുന്നു. കുഡുംബത്തിൽ പ്രധാനിയും ഞാൻതന്നെ ആകുന്നു ഈവസ്തു മതിലകത്തുപ്രവൃത്തിക്കായി സ്ത്രീകളുടെ പേരിൽപതിച്ചു തന്നിട്ടുള്ളതാണ. ആയതുങ്ങപേരിൽ കൊള്ളിച്ചിട്ടുള്ള പുരുഷന്മാരുടെപേരും ഞാൻ സമഅവകാശിയായി വള്ളിയമ്മ പന്ത്രിപ്പിള്ളയുണ്ട ആറ്റുറവീട്ടിൽ പാർക്കുന്ന ഈ വസ്തുക്കളും ഏതാനും വസ്തുവുമായികല്ലറ മൂലവീട്ടിൽ മാതേവൻ പരമേശ്വരനഎന്റെ അമ്മയും ഉടപ്പിറന്നവനുമായി ൨൭ ൧൭പണംഅത്ഥംവെച്ചുഒററിയായികൊടുത്തിട്ടുണ്ട. ഈവസ്തുക്കൾ എന്റെ പേരിൽ പൊക്കവരവുചെയ്തുപട്ടയം തരുവിക്കണമെന്നു അപേക്ഷിക്കുന്നു ഇതിനുലക്കുള്ള പ്രമാണങ്ങൾ ബോധപ്പെടുത്തിതിട്ടു വാങ്ങിച്ചിരിക്കുന്നു ആറ്റുറവീട്ടിൽ വള്ളിയമ്മ ചക്കിയമ്മപിള്ള ടിയാളുടെവക്കീൽ പുളിമൂട്ടുവീട്ടിൽ കണക്കു അയ്യപ്പൻ അയ്യപ്പൻ (ഒപ്പ്) ൧൦൩൦മാണ്ടുകാർത്തികമാസം ൨൭-നു-
രാമനമഠംവക കുഡുംബപ്ലൊരുതി	൧൨ കളപറ	...	൨൦	...	...	

..ട്ടംഅധികാരത്തിൽ മടങ്ങുവിളാകം പകുതിയിൽ ഓംമെങ്കണ്ടപൊടിവു പേർ പിടിക്കുള്ള വിചാരണപുസ്തകം (തുടർച്ച)

കേസ് നമ്പർ	ആധാരമൂലമായ സാക്ഷ്യം	പേർ പിടിക്കസമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
	൧൦	൧൧	൧൨
[illegible]	അപേക്ഷയിൽപറയുന്നവസ്തുക്കൾക്ക ൦൯൨ മാണ്ടു ആവണിമാസം ൧൯-ആട്ടറവീട്ടിൽ കണക്കഅയ്യപ്പൻ മാതേവൻ പേരിൽപട്ടയം ൭-ാമതുകാളത്തിൽ പറയുന്ന ൧൫-ാമതലക്കത്തിനു ലക്കവും ഇനവും ശരിപറയട്ടെമടമ്മതലി നങ്ങേലി പാർവതി പേരിലും ൧൨-ാം മതലക്കം അനുഭോഗമെന്നും കല്ലറമൂലവീട്ടിൽ മാതേവൻരാമൻ പേരിലും ശ്രീപണ്ടാരവക കണക്കബുക്കിൽ കാണുന്നു ഇന്നപ്രവൃത്തിക്കവിട്ടു കൊടുത്തിട്ടുള്ളതാകണ്ണു കണക്കുകളിൽ കാണുന്നില്ലാപട്ടം മേൽകണ്ടിണത്തിൽ കണക്ക ഈശ്വരപിള്ള (ഒപ്പ്) ൧൦൨-൧൨-൨൧	സമ്മതകക്ഷിയായ വള്ളി പാർവതിപ്പിള്ളക്ക ൻ-മതുവകവകപൊടിവു കാർത്തികമാസം ൨൮-ന്നു ൭ാമതനമ്പരായിനോട്ടീസ കൊടുത്തതിൽ കക്ഷിഹാജിരായില്ലാ മുറക്ക നടത്തി ൧൦൯൦ മാർകഴിമാസം ൯ന്നു- ഇനവും ലക്കവുംപേരിൽ പതിവു ശരിയാണ്ട്യം അന്യംനറുപ്പു മുതലായയാതൊന്നും ഇല്ലുകണക്ക എഴുത്തുഭഗവതിപ്പിള്ള (ഒപ്പ്) തണ്ടപ്പേരും, ഇനവും ലക്കവും ശരിപേർമാറി പതിച്ചു പട്ടയം കൊടുക്കുന്നതുകൊണ്ടു സർക്കാർ സമ്പന്തിച്ച വിരോധം ഇല്ലാകണക്ക എഴുത്തു വേലായുധൻ പിള്ള (ഒപ്പ്) ൯൧ മാണ്ടു ചിത്തിര മാസം ൧൦ന്നു-	൧൦ ൧൨ ലക്കംവസ്തുക്കൾതണ്ടപ്പേരിൻപതിവുകാരൻറ അവകാശിയായ ആട്ടറവീട്ടിൽ ലക്ഷ്മിവള്ളിയോടും ടി കണക്ക പത്മനാഭൻ നാരായണനോടും ഞാൻഈവസ്തുക്കളും ഏതാനുംവസ്തുക്കളുമായി ൧൦൨൯-മാണ്ടു കാർത്തികമാസം ൨൯ന്നു ൯൦൧ പണം അർത്ഥം കൊടുത്തു ൧൧൧൯ നമ്പരായി എഴുതിയഅച്ചിട്ടോലയിൽ ഒററി. ആധാരത്തുമ്പടി ഒററിയായി അനുഭവിച്ചുവരുന്ന കല്ലറമൂലവീട്ടിൽ മാതേവൻ. പരമീശ്വരൻ ടിയാന്റെ വക്കീൽ ടി വീട്ടിൽ രാമൻ നാരായണൻ ൧൦൯൦ കാർത്തികമാസം ൧൫ന്നു- അപേക്ഷവസ്തുക്കളെയും അപേക്ഷക്കാരിയെയും ഞങ്ങൾഅറിയും ഞങ്ങൾ അയൽക്കാരാകുന്നു പേരിൽ പതിവുകാരൻ മരിച്ചുപോയിഅപേക്ഷാക്കാരിപേരിൽപതിവുകാരന്റെ ശേഷക്കാരിയാകുന്നു സമാവകാശിയായി വള്ളിയമ്മ പാർവതിപ്പിള്ള ഉണ്ടു അല്ലാതെ വേറെ ആരുമില്ലാ ഈവസ്തു ഒററിക്കാരനാണ് ഇപ്പോൾ അനുഭവിച്ചുവരുന്നതു , ചെറിയ ആട്ടറവീട്ടിൽ നാരായണൻ കൃഷ്ണൻ (ഒപ്പ്) തൊഴുക്കാറത്തല വീട്ടിൽ രാമൻ പത്മനാഭൻ (ഒപ്പ്) ൧൦൯൦ കാർത്തികമാസം ൨൮ന്നു- ക്ലാസിഫയർ നാരായണപിള്ള കൊച്ചുകുഞ്ഞുപിള്ള (ഒപ്പ്)

പട്ടം അധികാരത്തിൽ മടത്തുവിളാകം പകുതിയിൽ ഓഹരി കണ്ട പൊടിവു പേർ പിടിക്കുള്ള വിചാരണപ്പുസ്തകം (തുടർച്ച).

അഭിപ്രായം	അവസാനതീർച്ച
൧൩	൧൪
പൊടിവു ദിവസത്തെ അവ്ധി വച്ചു പൊടിവുമെടം ൻറ- അപേക്ഷവസ്തു അവകാശമാഴി അപേക്ഷക്കാരിക്ക സിദ്ധിച്ചു ഒററിക്കൊടുത്തു ഒററിക്കാരൻ അനുഭവിച്ചുവരുന്നതായിട്ടും വിചാരണകളാൽ കാണുന്നതിനാൽ അപേക്ഷക്കാരിയായ ആട്ടറവീട്ടിൽ വള്ളിയമ്മപിള്ളപേരിൽ പട്ടയം കൊടുക്കാനുള്ളതെന്നു തോന്നുന്നു. ക്ലാസിഫയർസാംബയ്യർ ൯൧-൯-൨൯	കേസ് എണ്ണം ൧ സമ്മതനോട്ടീസ് ൧ ൨ അതിന്മണ്ണം അപേക്ഷക്കാരിയായ ആട്ടറവീട്ടിൽ വള്ളിയമ്മചക്കിയമ്മ പേരിൽ പട്ടയം കൊടുക്കണം ക്ലാസിഫയർതാണുവയ്യൻ സൂപ്രവൈസർ വി. രങ്കയ്യങ്കാർ (ഒപ്പ്) ൯൧-൧൬-൯൧

ശരിപകപ്പു
അസൽകേസു നോക്കി പകർത്തി ക്ലാർക്ക് സുബ്രഹ്മണ്യയ്യൻ
ഒത്തുനോക്കി

ഈ വകകൾ പ്പെട്ടൊരുതിവസ്തു ൯൨ ാം മാണ്ടു ടിവീട്ടിലേക്കു കുഡുംബപ്പെട്ടൊരുതിയായിട്ടു പതിച്ചുകൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്ന പ്രവർത്തി വിവരം ടിയിൽകാണുന്നില്ലാ ടി വീട്ടുകാർ മതിലകത്തു ദേവസേനവ്പൂജക്കുനെല്ലു് കുത്തു അരിഅളവുമാക്കാപ്പുഇടി ഈവകജോലികളും ചെയ്തുവരുന്നു. മതിലകത്തു ശ്രീപണ്ടാരകണക്കു

അച്യുപ്പൻ ഗോവിന്ദൻ (ഒപ്പു)

൧൦൯൦ മാണ്ടു വൈകാശിമാസം ൧ ൧൩-

സർവെ ൨൯൦ ാമതനമ്പരിൽ ൧൩-ൽമുടമാവുങ്ങൽ തടി ൧ നിലം ൩൨൪റയും പാല്പായസമാംവക ഒററിയായിട്ടും സർവെ൨൭൧൩ മതനമ്പരിൽ രാമനമാംവക കുഡുംബപ്പെട്ടൊരുതിയായിട്ടും കൊള്ളിച്ചുപട്ടയം കൊടുത്തിരിക്കുന്നതായി ചിട്ടാമുതലായ പുസ്തകത്തിൽകാണുന്നു

ശിരസ്തദാർ (ഒപ്പു്)

൧൨-൯-൩൨

പട്ടംഅധികാരത്തിൽ മഠത്തുവിളാകം പകുതിയിൽ ൫-ാമതക്കണ്ടം
പേർപിടിക്കുന്ന വിചാരണ പുസ്തകം:

കേസ് നമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേർ		പേർപിടിക്കാൻ അപേക്ഷകന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻ പടി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	ഏക്കർ
൧	൨		൩		൪	൫	
൨൩൮		തൊഴുവത്തുവീട്ടിൽ ആമിച്ചൻ ആമിച്ചൻ		ആട്ടാവീട്ടിൽ വള്ളിയമ്മ ചക്കിയമ്മ പിള്ള	കല്ലറമൂലവീട്ടിൽ മാതേവൻ പരമേശ്വരൻ	൨൨൯൩	...

പട്ടം അധികാരത്തിൽ മാഞ്ഞുവിളാകം പകുതിയൽ രണ്ടാമതകുണ്ടും
പേർപിടിക്കുള്ള വിചാരണ പുസ്തകം (തുടർച്ച)

കേസ് നമ്പർ	ഇനം	നിലമൊ പുരയിടമൊ എന്നും ഒഴു കുംചാലി ലക്കവും വിവരം	വിസ്തീർണ്ണം				വാദ്യുതയുടെ സ്വഭാവവും സാരവും
			മുൻകണക്കിൻ പടി		സർവെയിൻ പടി		
			ഏ.	സെ.	ഏ.	സെ.	
	ന്ന	൧	വ്വ				ൻ
പന്നവ്വ	രാമനമഠംവക കുഡുംബപ്പൊരുതി	നിലംപെട്ടിയറ വരമ്പ്	...	...	...	ഫ൩	൭—ാമഴകാളം നിലം തണ്ടപ്പേരിൽ പതിവകാരനായ ആമിച്ചൻ ആമിച്ചന ഒററികൊട്ടത്തിരുന്നപ്പോൾ അയാളുടെപേരിൽ തണ്ടപ്പേരിൽ കൊള്ളിച്ചിട്ടുള്ളതാണു. അയാളെഒഴിപ്പിച്ചു കല്ലുക്കൽവീട്ടിൽ മാതേവൻ പത്മേശ്വരൻ എന്റെ അമ്മയും ഉടപ്പിറന്നവനുമായി എഴുതികൊടുത്തു അയാൾ അനുഭവിച്ചുവരുന്ന ഈ വസ്തു എന്റെപേരിൽ പോക്കുവരവുചെയ്തു പട്ടയം തരുവിക്കണമെന്നു അപേക്ഷിക്കുന്ന എനിക്കു സഹവകാശിയായി വള്ളിയമ്മ പാർവതി ഉണ്ടു ആറ്റുവീട്ടിൽ പാക്കുന്ന ഇതിലെക്കുള്ള പ്രമാണങ്ങൾ ഹാജരാക്കി തിരിച്ചുവാങ്ങിച്ചിരിക്കുന്ന ആറ്റുവീട്ടിൽ വള്ളിയമ്മ ചക്കിഅമ്മപിള്ള മിയാളുടെവക്കീൽ പുളിമൂട്ടുവീട്ടിൽ അയ്യപ്പൻ അയ്യപ്പൻ കൂടുതൽമൊഴി തണ്ടപ്പേരിൽ പതിവകാരന അവകാശിയായി അയ്യപ്പൻ രാമൻകുമാരൻ മാതേവനും ഉണ്ടു പുളിമൂട്ടുവീട്ടിൽ അയ്യപ്പൻ അയ്യപ്പൻ (ഒപ്പ്) ൧൦൩൦ കാർത്തികമാസം ൨൨-ാംനു-

പട്ടം അധികാരത്തിൽ മറ്റത്തുവിളാകം പകുതിൽ ൯-ാമതു കണ്ടം
പേർപെട്ടിട്ടുള്ള വിചാരണ പുസ്തകം.

ആധാരമൂലമായ സാക്ഷ്യം	പേർപിടിക്കസമ്മതി കൊണ്ടെ കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷ്യപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാരുടെ പേരും ഒപ്പും	സാക്ഷി മൊഴി
൧൦	൧൧	൧൨
അപേക്ഷയിൽ പറയുന്നവസ്തുക്കൾ ൧൦൫൧-ാമാണ്ട ആവണിമാസം ൧-ാംനു ആട്ടറവീട്ടിൽ കണക്ക അയ്യപ്പൻ മാതേവൻപേരിൽ പട്ടയം ഉണ്ട്	സമഅവകാശിയായ വള്ളിപാർവ്വതിക്ക ൧൯-ാമതു വകുപ്പ ൩-ാമതു ഭാഗം അനുസരിച്ച ൧൦൫൨-ാമാണ്ട കാർത്തികമാസം ൨൫-നു ൧൯മതു നമ്പരായി നോട്ടീസകൊടുത്തതിൽ ഹാജരായില്ലാ ൧൦൫൨ മാർകഴി ൧൪-നു നോട്ടീസനോക്കിയതിൽ കക്ഷി കൈപ്പറ്റി വന്നുകാണുന്ന അടയാളം ഇനവും ലക്കവും പേരിൽ പതിവും ശരിയാകുന്നു മുതൽഏറ്റപ്പ മുതലായി യാതൊന്നും ഇല്ലാ. കണക്കെഴുത്തു ഭഗവതിപ്പിള്ള തണ്ടപ്പേരുകാരന്റെ അവകാശികൾക്ക ൧൯-ാം വകുപ്പ ൩-ാംഭാഗപ്രകാരം സമ്മതനോട്ടീസുകൊടുത്തു ൨൬൦-ം മതുനമ്പ്രിൽ മെടം ൧൫-നു അവധിവച്ചു നോട്ടീസകൊടുത്തു മുടക്കനടത്തിവന്നു ഇനവും ലക്കവുംശരിയാ വസ്തു ഇന്നപ്രവൃത്തിക്ക വിട്ടുകൊടുത്തിരിക്കുന്നു എന്നു കണക്കുകളാൽ കാണുന്നില്ലാ പട്ടംമേൽകണ്ടാണിത്തിൽ കണക്ക ഈശ്വരപിള്ള (ഒപ്പു)	൯-ാമതുലക്കംനിലം തണ്ടപ്പേരിൽ പതിവകാരനു ഒററിയായി കൊടുത്തിരുന്നപ്പോൾ അയാളുടെപേരിൽ കൊള്ളിച്ചിട്ടുള്ളതാണ അയാൾക്ക അർത്ഥംകൊടുത്തു ഒഴിപ്പിച്ചു ആട്ടറവീട്ടിൽ ലക്ഷ്മിപിള്ളയും ടികണക്ക പത്മനാഭൻ നാരായണനൊട്ട ഞാൻ ഈവസ്തുവും മറ്റുംവസ്തുക്കളുമായി ൧൦൫൨-ാമാണ്ട കാർത്തികമാസം ൨൯൦-ാംനു ൩൦൦ പണം അർത്ഥംകൊടുത്തു, ൭൦൮-മതു നമ്പരായിഎഴുതിയ ആച്ചടി ഓലയിൽ ഒററിയാധാരത്തുമ്പടി ഞാൻ ഒററിയായി അനുഭവിച്ചുവരുന്നു കല്ലറമുലവീട്ടിൽ മാതേവൻ പരമേശ്വരൻ മിയാന്റെ വക്കീൽ ടിവീട്ടിൽ രാമൻ നാരായണൻ (ഒപ്പു) ൧൦൫൨ കാർത്തികമാസം ൧൫-നു അപേക്ഷവസ്തുവും അപേക്ഷക്കാരിയേയും തങ്ങൾ അറിയുംതങ്ങൾ അയൽക്കാരാകുന്നു പേരിൽ പതിവുകാരൻ മരിച്ചുപോയി അയാൾക്ക അപേക്ഷക്കാരിയുടെ കാരണവൻ ഒററികൊടുത്തിരുന്നപ്പോൾ തണ്ടപ്പേരിൽ കൊള്ളിച്ചിട്ടുള്ളതാണ അയാൾക്ക അർത്ഥംകൊടുത്തു ഒഴിപ്പിച്ചു കല്ലറമുലവീട്ടുകാർക്കു ഒററിയായികൊടുത്തിട്ടുണ്ട. അപേക്ഷക്കാരിക്ക സമഅവകാശിയായി വള്ളിയമ്മ പാർവ്വതിപ്പിള്ളയുണ്ട്പേരിൽ പതിവുകാരനു അവകാശിയായി അയ്യപ്പൻ രാമനും കുമാരൻ മാതെവനുംഉണ്ട. ചെറിയ ആട്ടറവീട്ടിൽ നാരായണൻകൃഷ്ണൻ ഒപ്പു. വലിയവീട്ടിൽ കണക്ക പത്മനാഭൻ ഒപ്പു. "൧൦൫൨" കാർത്തികമാസം ൨൯-ാംനു ക്ലാസിഫൈയർ നാവായിക്കുളം കൊച്ചുകണ്ടപിള്ള (ഒപ്പ്)

പട്ടം അധികാരത്തിൽ മഠത്തുവിളാകം പകുതിയിൽ ൭-ാമതകണ്ടം
ചേർപ്പട്ടികളുടെ വിചാരണ പുസ്തകം,

കേസ് നമ്പർ	അഭിപ്രായം	അവസാനതീർച്ച കേസ്സ് എണ്ണം ൧
	൧൨	൧൩
൨൱൪	൧൦൮൧ മേടം ൧൭-ാം ൧൫ ദിവസത്തെ അവധിവച്ചു പരസ്യം അയച്ചു അപേക്ഷവസ്തു അവകാശവഴി അപേക്ഷക്കാരിക്ക സിദ്ധിച്ചു നടന്നുവരുന്നതായി വിചാരണകളാൽ കാണുന്നതിനാൽ അപേക്ഷവസ്തു അപേക്ഷക്കാരിയായ ആട്ടറവീട്ടിൽ വള്ളിയമ്മ ചക്കിയമ്മപ്പിള്ള പേരിൽ പട്ടയം കൊടുക്കാവുന്നതാണെന്നു തോന്നുന്നു ക്ലാസിഫയർ സാമ്പയ്യൻ (ഒപ്പു) ൮൧-൧൦-൧൦.	ഈ കേസിലെക്ക മുറക്ക നടപടി നടത്തി കാണുന്നതിനാൽ അപേക്ഷക്കാരിയായ വള്ളിയമ്മ ചക്കിയമ്മപ്പിള്ള പേരിൽ പട്ടാ ചെയ്യണം സൂപ്രവൈസർ പി രംഗയ്യങ്കാർ (ഒപ്പു) ശരിപകർപ്പ് അനൽകേസുനെംബ്ബി പകർത്തി ക്ലാർക്ക സുബ്രഹ്മണ്യയ്യൻ (ഒപ്പു)

ഈവസ്തു ൯൨ വ്യ-ാംമാണ്ടു ടി ആട്ടറവീട്ടിലെക്കു കുഡുംബപ്പൊറുതിയായിട്ടു പതിച്ചുകൊടുത്തതായി ഗ്രന്ഥവരിയിൽ കാണുന്നു പ്രവൃത്തിവിവരം ടിയിൽ കാണുന്നില്ലാ ടിവീട്ടുകാർ മതിലകത്തു ദിവസേന പൂജക്കു നെല്ലുകുത്തു അരി അളവു മാക്കാപ്പു ഇടി ഇവകജോലികളും ചെയ്തുവരുന്നു

മതിലകത്തു ശ്രീപണ്ടാരകണക്കു അയ്യപ്പൻ ഗോവിന്ദൻ (ഒപ്പ്)

൧൦൧൦ മാണ്ടു വൈകാശിമാസം ൧൯-നു-

സർവ്വെ ൨ വ്യ ൭ ൭ മെതനമ്പ്രിൽ ഇനം രാമനാമഠംവക കുഡുംബവിരുത്തിയായിട്ടു കൊള്ളിച്ചു പട്ടയംകൊടുത്തിരിക്കുന്നതായി ചിട്ടാമുതലായ പുസ്തകത്തിൽ കാണുന്നു.

ശിരസ്തദാർ (ഒപ്പ്.)

മടത്തുവിളാകംപകുതിവക രജിസ്ത്രേഷൻ ൨൧൫-ാം ൨൭വ്യ-ാം നമ്പ്രകേസുകളിൽകൊണ്ടു ഇനാം വസ്തുക്കൾക്കു രണ്ടാമത തീർച്ച

ഈ കേസുകളിൽകൊണ്ടു സർവെ ൨ വ്യ ൭ ൭-ാം ൨൫ ൧൯-ാം നമ്പർ വസ്തുക്കൾ രാമനാമഠംവക കുഡുംബപ്പൊറുതി ഇനമാകുന്നു ഈ വസ്തുക്കൾ ആട്ടറവീട്ടുകാറരുടെ പേരിൽ കുഡുംബപ്പൊറുതി പതിഞ്ഞിട്ടുള്ളതല്ലാതെ പ്രവൃത്തിവിവരം ഗ്രന്ഥവരിയിൽ കാണുന്നില്ലന്നും ടി വീട്ടുകാർ മതിലകത്തു ദിവസെന പൂജക്കു നെല്ലുകുത്തി അരിഅളവു മാക്കാപ്പ് ഇടി ഈവക ജോലികൾ ചെയ്തുവരുന്നതായിട്ടും ശ്രീപണ്ടാരപ്പിള്ള സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഈ സംഗതിക്കു തീർച്ചപ്പേരുകാറിയുടേ മകൻ കണക്കു വേലായുധൻ നാരായണനെവരുത്തി ചോദിച്ചതിൽ ഈ വസ്തുക്കൾസംബന്ധിച്ചു മതിലകത്തു ദിവസെന പൂജക്കു നെല്ലു ഏററുവാങ്ങിച്ചു കുത്തി അരി അളക്കുക അപ്പത്തിനു മാവുഇടിച്ചു കൊടുക്കുക അവൽ മലർ ഇതുകൾ ഉണ്ടാക്കികൊടുക്കുക വിശേഷ അടിയന്തരങ്ങൾക്കു കൂടുതലായി നെല്ലു വാങ്ങിച്ചു അരി അളക്കുക ദിവസേന രാത്രി ശീവേലിക്കു കൊടി ഏടുപ്പിക്കുക അടിയന്തരംകെട്ടു മുതലായ ജോലികളും നടത്തിവരുന്നതായി ബോധിപ്പിച്ചു എഴുതിവച്ചും ഇരിക്കുന്നതിനാൽ ഇപ്പൊഴത്തെ നടപ്പ് അനുസരിച്ചു പ്രവൃത്തി വിവരം പട്ടയം മുതലായ റിക്കാർട്ടുകളിൽ പതിച്ചുകൊടുക്കുന്നതിലേക്കു തീരുമാനിച്ചിരിക്കുന്നു ഇതു സംബന്ധമായി വാങ്ങിച്ചിട്ടുള്ളമൊഴി ചെങ്ങഴശ്ശേരിപകുതിവക രജിസ്ത്രേഷൻ ൧൯൨ ാം മത നമ്പർ കേസോടു ചേർത്തിട്ടുണ്ടു.

കണ്ണെഴുത്തു ദിവാൻപേഷ്ക്കാർ വീ. നാഗമയ്യാ (ഒപ്പ്.)

അടയാളം പൊന്നു അയ്യൻ

ശരിപകർപ്പ് അസൽകേസുനൊക്കി പകർത്തി ക്ലാർക്ക്

സുബ്രഹ്മണ്യയ്യൻ.

Document No. XVI (b)

ആശ്ലർപകുതി പേർപിടിക്കുള്ള വിചാരണപുസ്തകം.

കേസ് നമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേര്		പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻ പടി		ഇനം
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	ഏറക്	
൧	൨		൩		൪	൫		൬
൨൦൪൩	൪൩൭	തിരുവനന്തപുരം ആറിയക്കുഴിവീട്ടിൽ പെരുമാൾ ഈശ്വരി മുതൽപേർ ഒഴുകുംപെടിടി വീട്ടിൽ രാമ ഉമയും പെരുമാൾ ദേവിയും മുതൽപേർ		ചെനല്ലമൺഅധികാരത്തിൽ അറയികര വീട്ടുമുറിയിൽ ആയ്യൻകുഴിവീട്ടുപൊരുള്ള കരിഞ്ഞാം കോട്ടുപിള്ള വീട്ടിൽ കണക്കുതറ്റൻനായ്യപ്പൻ	സ്സാരജിസ്തരിൽ തന്നുപരമായി നല്ലതായും പരമായി കുടുബ്ബക്കാരും സ്വാന്വരജിസ്തരിൽ ട്ടിയാർ	൧൩൬൪ ൧൩൬൩	... ...	രാമനാമഠംവക കുഡുംബപ്പൊറുതി ടി

ആലുർ പകുതി പേർപിടിക്കുള്ള വിചാരണപുസ്തകം.

നിലമൊ പുരയിടമൊ ഏന്നും ഒക്കും പടിലക്കവും പേരും	വിസ്തീർണ്ണം				ബോധ:നയുടെ സ്വഭാവവും സാരവും
	മുൻകണക്കിൻപടി		സർവെയിൻപടി		
	ഏ.	സെ.	ഏ.	സെ.	
൧	൨				൩
തച്ചക്കുളംപുരവിൽ ൩ൽ പന്തിരു കുറുണി തടി ഒന്നു ചിരകലനെ മുക്കുറുണി ടി കുളംപുരവിൽ ൨-ൽ വള്ളിവാലം തടി ഒന്നു ചിരക്കുറുണി					൫൦൧൦-ാമാണ്ടു മകരമാസം ൫൦-ാംനു അപേക്ഷക്കാരനായ കണക്കു തേവൻ അയ്യപ്പൻ ബോധിപ്പിച്ചതു ൧-ാം കാളത്തിൽ ചേൎത്തിരിക്കുന്ന ൩-ം ൨-ം ലക്കം വസ്തുക്കളുടെ ൫ൽക മുതലായുള്ള മേബാധപ്പെട്ട ശരിതന്നെ തണ്ടപ്പേരിൽ മുതൽപേർ എന്നു കാണുന്നതു ഇന്നാരെല്ലാമെന്നു എനിക്കു നല്ലനിശ്ചയമില്ല അവർ എല്ലാപേരും മരിച്ചുപോയി അവൎക്കു എല്ലാപേൎക്കും അവകാശിയായി കുഡുംബത്തിൽ മൂപ്പായിട്ടു ഞാനല്ലാതെ എനിക്കു സമാവകാശിയായി വേറെ ആരും ഇല്ലാ. പിൽക്കാലക്കാരെയുള്ള, കുഡുംബകാൎയ്യാദികൾ നടത്തി വരുന്നതും ഞാൻതന്നെ ആണ്ടു രജിസ്തരിലും അനുഭവം എഴുതികാണുന്ന പരമായി നല്ലതയും പരമായി കുളത്തൂരാളും ഞാൻ ഒററികൊടുത്തു അവർ അനുഭവിച്ചു വന്നു. അതിനെ ഞാൽ രജിസ്തർ മാറ്റും വീണ്ടെടുത്തു ഇപ്പോൾ ഇരട്ടപ്പേരു നിശ്ചയമില്ലാ. ഇരണിയൽ കിഴക്കെതെരുവിൽ ചെട്ടി കുറവാചം മുതൽപേൎക്കു ഒററികൊടുത്തു അവർ അനുഭവിച്ചുവരുന്നു. കരം തിക്കുന്നതും അവർതന്നെ ജന്മബാദ്ധ്യതയ്ക്കു എന്റെ പേൎക്കു പട്ടയം തരുവാറാകണം തണ്ടപ്പേരിൽ കാണുന്ന മുതൽപേരിടെ ദായ്ക്രമവിവരം അറിഞ്ഞും അയൽക്കാർ സഹിതവും ഹാജരായി കൂട്ടതൽ മൊഴി ബോധിപ്പിച്ചുകൊള്ളും. മൊഴികേട്ടു ശരി (ഒപ്പു്)

ആധാരപകർപ്പുകൾ പേർപിടിക്കുള്ള വിചാരണപുസ്തകം.

കേസ് നമ്പർ	ആധാരമെഴുതാത്ത സാക്ഷ്യം	പേർപിടിക്ക സമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സമക്ഷപ്പെടുത്തുന്ന സ്ഥലത്തു ജീവിതക്കാരുടെ പേരും ഒപ്പും	സാക്ഷിമൊഴി
൧൦		൧൧	൧൨
൨൦൪൬		൭൦–ാമതു കാലത്തിൽ കാണുന്ന വസ്തുക്കൾക്കു അധികാരം വകക്കു കരമുടമസ്ഥർ ഇല്ലാ. മനിയംവക തണ്ടപ്പേരും ഒഴികെ പേരും ലക്കവും ശരി. പേരുമാറി പതിക്കാൻ സർക്കാർ സംബന്ധമായി ആക്ഷേപം ഇല്ലാ. കണക്ക മലപ്പിള്ള (ഒപ്പ്)	൧൦൭൧–ാമാണ്ടു കന്നിമാസം ൨൮–ാനു തക്കലയിൽ വെച്ചു മായി കുളത്തൂരാം ബോധിപ്പിച്ച മൊഴി. ൭൦–ാമതു കാലത്തിൽ പേർക്കാരൻ കുളത്തൂരാം ഞാനും എന്റെ സഹോദരിയും ആകുന്നു. ഈ വസ്തു എനിക്കും സഹോദരിക്കും ഒറ്റി ഉണ്ടായിരുന്നു. അർത്ഥം പറ്റി വസ്തു ഒഴിഞ്ഞു കൊടുത്തു പോയതിനാൽ അപേക്ഷപ്രകാരം പട്ടയം പതിക്കുന്നതു സമ്മതം. കുന്നു മൊഴി ശരി (ഒപ്പ്) ൧൦൭൧–ാമാണ്ടു വൃശ്ചികമാസം ൧൭–ാനു ഇരണിയൽ കച്ചേരിയിൽ സുബ്രഹ്മണ്യൻ ബോധിപ്പിച്ച മൊഴി ഈ കേസിൽ കൊണ്ട വസ്തുക്കളെയും മറ്റു വസ്തുക്കളെയും ചേർത്തു അല്ലാ ഈ കേസിൽകൊണ്ട വസ്തുക്കളുടെ സർവെ ൧൧൩–ാമതു നമ്പറിൽ കൊണ്ട ന്യായവും വേറെ വസ്തുക്കളും ചേർത്തു ൧൦൫൯–ാമാണ്ടു ൨൭–ാനു മുതൽ അർത്ഥം ചെലവായി ൧൦൦൦ പണത്തിനു രജിസ്റ്റർ ചെയ്ത ഒറ്റി എഴുതിവാങ്ങിച്ചു അനുഭവിച്ചുവരുന്നു. ഇതിലേക്കു ജന്മി അരയന്മാർ ആറൻ തന്നെ രണ്ടു രജിസ്റ്ററിലും പേരുകാരായ പരമായി നല്ലയ്യാ പിള്ളയും കുളത്തൂരാം ഇവരോടു ൧൦൬൯–ാമാണ്ടു ൨൨–ാനു മുതൽ ജന്മി അർത്ഥംകൊടുത്തു അർത്ഥപറവശിട്ടു വാങ്ങീട്ടുണ്ട്. ആ അർത്ഥപറവശിട്ടു ബോധപ്പെടുത്തി തിരിച്ചു വാങ്ങിച്ചിരിക്കുന്നു. മൊഴി ശരി. സർവെ ൧൧൩–ാമതു നമ്പർക്കൂടി ഒറ്റി അളവും ഒണ്ടു. ഒറ്റിയാധാരത്തിൽ ൧൦൫–ാമതു പകുതിക്കു പകരം ൧൨–ാമതു ലക്കം എഴുതിയിരിക്കുന്നതുകൊണ്ടു ഒറ്റിയിലുള്ളതെന്നു ബോധിപ്പിച്ചതാണ്. ഇപ്പോൾ പട്ടൻപടി ഏൽകയും തലായതു നോക്കിയതിൽ ൧൧൩–ാമതു നമ്പരിൽകൊണ്ട ൧൦൫–ാമതു ലക്കവും കൂടി അളവുമുള്ളതായി സ്ഥിരപ്പെട്ടിരിക്കുന്നു. ൧൨–ാമതു ലക്കം എനിക്കു അനുഭവം ഇല്ല. ൧൦൫–ാമതു ലക്കം അനുഭവമുള്ളതിനു കണക്കു തിട്ടംവരുത്താതെ ൧൨–ാമതു ലക്കം എന്നു എഴുതിപ്പോയതാണ്. മൊഴി ശരി (ഒപ്പ്)

അഭിപ്രായം	അവസാനതീർപ്പ്
൧൩	൧൪
൯-൪-൧൦൯൧ ഈ കേസിൽ വെട്ടും തിരുത്തും വിചാരണക്കാറവും ഇല്ലാ. (ഒപ്പ്) ൧൦൯൧-ാമാണ്ടു വൃശ്ചികമാസം ൯-ാനു അപേക്ഷവസ്തുവിനേയും അപേക്ഷക്കാറനായ കണക്ക തേവൻ അയ്യപ്പനേയും ഞങ്ങൾ അറിയും. ഞങ്ങൾ അയൽക്കാറരാകുന്നു. ഈ വസ്തുവിനെ കീഴത്തെരുവിൽ അണ്ണാമലെ സുബ്രഹ്മണ്യൻ ഒററിപ്പടി അനുഭവിച്ചു വരുന്നു. ജന്മബാധ്യത ഈ അപേക്ഷക്കാറനായ കണക്ക തേവൻ അയ്യപ്പനുതന്നെ തണ്ടപ്പേർകാറന്റെ അവകാശികളിൽ മൂപ്പും ഗൃഹകരണവും അപേക്ഷക്കാറനുതന്നെ. മൊഴി ശരി അയൽക്കാറരായ പരശ്ശേരിയിൽ കൃഷ്ണൻവക നാരായണൻ അയ്യപ്പൻ (ഒപ്പ്) ആശാരി പള്ളംപണ്ടാരം കൃഷ്ണൻ (ഒപ്പ്) ൧൦൯൧-ാമാണ്ടു വൃശ്ചികമാസം ൯-ാനു തിരുവനന്തപുരം വല്ലമൺഅധികാരത്തിൽ അയിക്കരവീട്ടുമുറിയിൽ ആളുംകുഴി വീട്ടുമുള്ള കരിഞ്ഞാംകോട്ടപിള്ളവീട്ടിൽ കണക്ക തേവൻ അയ്യപ്പൻ ബോധിപ്പിച്ച മൊഴി. ഈ കേസിലെ തണ്ടപ്പേർകാറിയായ പെരുമാൾ ഈശ്വരി എന്റെ അമ്മൂമ്മയാണ്. മുതൽപേർ ടി ആളിന്റെ വലിയകാരണവൻ കണക്ക തേവൻ നാരായണനാകുന്നു. അവർ രണ്ടുപേരും മരിച്ചുപോയി അവകാശികളിൽ തറവാട്ടുമൂപ്പും കുടുംബഭരണവും ഞാനാകയാൽ മുൻ അപേക്ഷ അനുസരിച്ചു പട്ടയം കിട്ടുമാറാകണം. ഈ കേസിൽ കണ്ട വസ്തുവിനെ ഒററിയായിട്ടു ഇരണിയൽ കീഴത്തെരുവിൽ ചെട്ടി അണ്ണാമലെ സുബ്രഹ്മണ്യൻ തന്നെ അനുഭവിച്ചുവരുന്നു. മൊഴി ശരി (ഒപ്പ്)	ഈ കേസിൽ സർവെ ൧൩൯൧ ൧൩൯൩ ഈ നമ്പർകൾ ഉൾപ്പെട്ടിരിക്കുന്ന ഈ വസ്തുക്കൾക്കു ഈ പകുതിവക ൨൦൪൧-ാമതു നമ്പർ കേസിൽ തീർപ്പയെ അനുസരിച്ചു ജന്മബാധ്യതക്കു തറവാട്ടുമൂപ്പനും അപേക്ഷക്കാറനുമായ കരിഞ്ഞാംകോട്ടു പിള്ളവീട്ടിൽ കണക്ക തേവൻ അയ്യപ്പൻ പേരിൽ പതിച്ചു പട്ടയം കൊടുപ്പാൻ തീരുമാനിച്ചിരിക്കുന്നു. ഡിപ്ടിസൂപ്രവൈസർ (ഒപ്പ്) ൧൪-൪-൯൧ (ശരിപകർപ്പ്) അപേക്ഷക്കാറൻ സുബ്രഹ്മണ്യപിള്ള [illegible] അ. വന്നതു ൩-൧൨-൦൯൧ വശം അയച്ചുകൊടുത്തതു ൪-൧൨-൦൯൧ ടി ഹാജരാക്കിയതു ടി പകർപ്പിനു ഹാജരാക്കിയതു ടി ടി തയ്യാറായതു ടി ടി കൊടുത്തതു ടി വശം ന്നു കാപ്പിസ്റ്റ് (ഒപ്പ്) ര. ഗു. (ഒപ്പ്) തഹശീൽദാർ (ഒപ്പ്) പകരം ഡിപ്ടി തഹശീൽദാർ (ഒപ്പ്)

Document No. XVI (g)

അള്ളൂർ പകുതി പേർപിടിക്കുള്ള വിചാരണപുസ്തകം.

കേസ്നമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേർ		പേർപിടിക്കാൻ അപേക്ഷക്കാരന്റെ പേർ		അനുഭവക്കാരന്റെ പേര്	ഡിമാർക്കേഷൻപടി		ഇനം	നിലമോ പുരയിടമോ എന്നും ഒഴുകംപെറി മക്കവും പോതും
	നമ്പർ	പേര്	നമ്പർ	പേര്		നമ്പർ	ലാറർ		
൧	൨		൩.		൪	൫		൬	൭
൨൦൪൧	൪൬൨	തിരുവനന്തപുരം ആശ്ശംകഴിവീട്ടിൽ പെരുമാൾ ഈശ്വരി മുതൽപേർ ഒഴുകിൻപടി പണ്ടാരവക അതിൽ ആശ്ശംകഴിവീട്ടിൽ മാമ ഉമയമ്മ മുതൽപേർ		നിണ്ടകര അധികാരത്തിൽ കരിഞ്ഞാറുകോട്ട പിള്ളവീട്ടിൽ കനക തേവൻ അയ്യപ്പൻ	രണ്ടു രജിസ്റ്ററിലും തകല ചെട്ടിച്ചി പരമായി കുളത്തൂർ കട്ട. (ഒപ്പ്.)	൧൬൩൧		നാലാമതു കമ്പുബോളൊപ്പുരതി	തമ്മകെട്ടും പുരവിൽ ൧൧-ൽ നേടിയ നാല്പത്തിനാഴി തടി ഒന്നു വിര നാകരണി

വിസ്തീർണ്ണം: ഷ്ട. സെ. മുൻകണക്കിൻപടി	വിസ്തീർണ്ണം: ഷ്ട സെ സർവെയിൻ പടി	ബാദ്ധ്യതയുടെ സ്വഭാവവും സാരവും	ആധാരമൂലമായ സാക്ഷ്യം	പേർപിരിക്ക സമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സാക്ഷിപ്പെടുത്തുന്ന സ്ഥലത്തു ജീവനക്കാറരുടെ പേരും ഒപ്പും
൮		൯	൧൦	൧൧
		൧൦൭൦-ാമാണ്ട മകരമാസം ൩൦-ാനു- അപേക്ഷക്കാറനായ കണക്ക തേവൻ അയ്യപ്പൻ ബോധിപ്പിച്ചത്. ൭-ാമതുകാളത്തിൽ ചേർത്തിരിക്കുന്ന ൧൮-ാമതു ലക്കം വസ്തുവിന്റെ ഏർൽക്ക മുതലായതു ബോധിപ്പിച്ചതു ശരി തന്നെ തണ്ടപ്പേരിൽ മുതൽപേർ എന്നു കാണുന്നതു ഇന്നാരെല്ലാമെന്നു വല്ലനിശ്ചയമില്ല. അവർ എല്ലാപേരും മരിച്ചുപോയി അവർക്ക എല്ലാപേർക്കും അവകാശിയായി കുഡുംബത്തിൽ മൂപ്പായിട്ട ഞാനല്ലാതെ എനിക്ക സമാവകാശിയായി വേറെ ആരും ഇല്ലാ പിൽക്കാലക്കാറരെ ഒള്ള കുഡുംബകാര്യാദികൾ നടത്തിവരുന്നതും ഞാൻതന്നെ. രണ്ട രജിസ്റ്റരിലും അനുഭവം എഴുതികാണുന്ന ചെട്ടിച്ചി പരമായി കുളത്തൂരാൾക്ക ഞാൻ ഒററികൊടുത്തു അനുഭവമുണ്ടായിരുന്നു. അതിന്റെ രജിസ്റ്റർമാർഗ്ഗം വീണ്ടെടുത്തു ഇപ്പോൾ വിള്ളക്കിായിൽ ചെട്ടി ഷൺമുഖം ഭഗവതിക്ക ഞാൻ രജിസ്റ്റർമാർഗ്ഗം ഒററികൊടുത്തു അവൻ അനുഭവിച്ചുവരുന്നു. കരം തീർത്തുവരുന്നതും ഒററിക്കാറൻതന്നെ. ജന്മബാദ്ധ്യതക്ക എന്റെപേർക്ക പട്ടയം തരുവാറാകണം. തണ്ടപ്പേരിൽ കാണുന്ന മുതൽപേരിടെ താവഴി വിവരം അറിഞ്ഞും അയൽക്കാർസഹിതവും പത്തുദിവസത്തിനകം ഹാജരായി കൂട്ടതൽ മൊഴി ബോധിപ്പിച്ചുകൊള്ളാം. മൊഴി കേട്ടു ശരി (ഒപ്പ്)		൭-ാമതു കാളത്തിൽ കാണുന്ന ൧൮-ാമതു ലക്കത്തിനു അധികാരവകക്ക കരവും തണ്ടപ്പേരും ഇല്ല. മണിയംവക തണ്ടപ്പേരും ആധാരപ്പെട്ടപേരും ലക്കവും ഇതും ശരി. പേരുമാറി പതിക്കാൻ സർക്കാർസംബന്ധമായ ആക്ഷേപമില്ല. കണക്ക മാലുപ്പിള്ള (ഒപ്പ്)

൧൦൭൫-ാമാണ്ടു വൃശ്ചികമാസം ൧൧-ാം൹ തിരുവനന്തപുരം നല്ലമൺ അധികാരത്തിൽ അയിക്കരവീട്ടുമുറിയിൽ ആയ്യൻകുഴി വീട്ടുമുള്ള കരിഞ്ഞാംകോട്ടുപിള്ള വീട്ടിൽ കണക്ക തേവൻ അയ്യപ്പൻ ബോധിപ്പിച്ച മൊഴി. ഈ കേസിലെ തണ്ടപ്പേരുകാറിയായ പെരുമാറം ഈശ്വരി എന്റെ അമ്മൂമ്മയാണ്. മുതൽപേർ എന്നത് എന്റെ വലിയകാരണവൻ കണക്ക തേവൻ നാരായണനാകുന്നു. അവർ രണ്ടുപേരും മരിച്ചുപോയി. അവകാശികളിൽ തറവാട്ടുമൂപ്പും കുടുംബഭരണവും ഞാനാകയാൽ മുൻ അപേക്ഷപ്രകാരം പട്ടയം കിട്ടുമാറാകണം. ഈ വസ്തുവിനെ ആറുമുഖം ഭഗവതിക്ക ഒറ്റികൊടുത്തതായി ബോധിപ്പിച്ചതു ഓൎമ്മക്കേടിനാണ്. ഇരണിയൽ കീഴത്തെരുവിൽ ചെട്ടി അണ്ണാമല സുബ്രഹ്മണ്യൻതന്നെ ഒറ്റിയായി അനുഭവിച്ചുവരുന്നു. മൊഴി ശരി. (ഒപ്പ്.)

സാക്ഷിമൊഴി

൨൧.

൧൦൭൧-ാമാണ്ടു വൃശ്ചികമാസം ൭-ാംനു അപേക്ഷവസ്തുവിനെയും അപേക്ഷക്കാരനായ കണക്ക തേവൻ അയ്യപ്പനെയും ഞങ്ങൾ അറിയും ഞങ്ങൾ അമൽക്കാരരാകുന്നു. ഈ വസ്തുവിനെ ഒറ്റിപ്പിടി അണ്ണാമല സുബ്രഹ്മണ്യൻ അനുഭവിച്ചുവരുന്നു. ജന്മബാദ്ധ്യത അപേക്ഷക്കാരനായ കണക്ക തേവൻ അയ്യപ്പൻ തന്നെ തണ്ടപ്പേരുകാരൻെറ അവകാശികളിൽ ഉൾപ്പെടും ഗൃഹഭരണവും അപേക്ഷകനെന്ന് അറിയുന്നു. തണ്ടപ്പേരുകാരനും അപേക്ഷക്കാരനും മലയാളശൂദ്രനാകുന്നു. മൊഴി ശരി അമൽക്കാരരായ പരശേരിയിൽ കൃഷ്ണൻവക. നാരായണൻ അയ്യപ്പൻ (ഒപ്പ്) ആ രാരി പട്ടം പണ്ടാരം കൃഷ്ണൻ (ഒപ്പ്.)

൧൦൭൯-ാമാണ്ടു ആനിമാസം ൨൨-ാംനു വില്ലുക്കുറിയിൽ ആറുമുഖം ഭഗവതി ബോധിപ്പിച്ച മൊഴി ഈ കേസിൽകൊണ്ട വസ്തുക്കൾക്ക കണക്ക തേവൻ അയ്യപ്പൻ ബോധിപ്പിച്ചിട്ടുള്ള മൊഴി വായിച്ചതു കേട്ടു. ഈ ലക്കം വസ്തു എനിക്ക ഒറ്റി അനുഭവമില്ലാ. ഈ തമ്മകളും പുരവിൽ ൨൪-ാമതു ലക്കം വസ്തു [illegible] ഒറ്റിപ്രകാരം ഞാൻതന്നെ അനുഭവിച്ചുവരുന്നു. ഈ വസ്തു അനുഭവിക്കുന്നതു ഇരണിയൽ കിഴക്കേതെരുവിൽ ചെട്ടി കുറ്റാലം എന്നവനാകുന്നു. അവനെൻറ ഇരട്ടപ്പേർ അറിയാൻപാടില്ല മൊഴികേട്ടു ശരി (ഒപ്പ്)

൧൦൭൯-ാമാണ്ടു കന്നിമാസം ൨൯-ാംനു-നാഞ്ചിനാട്ടു കാളത്തിലെ പേരുകാരിയായ പരമയി കുളത്തൂരാൾ ബോധിപ്പിച്ച മൊഴി ഈ വസ്തു എനിക്ക ഒറ്റി ഉണ്ടായിരുന്നു. അത്ഥംപററി വസ്തു ഒഴിഞ്ഞുകൊടുത്തുപോയതിനാൽ അപേക്ഷ പേരിൽ പട്ടയംചെയ്യുന്നതു സമ്മതമാകുന്നു. മൊഴി ശരി (വര.)

൧൦൭൯-ാമാണ്ടു അല്പശിമാസം ൧൪-ാംനു ഇരണിയൽ കിഴക്കേതെരുവിൽ അണ്ണാമല സുബ്രഹ്മണ്യൻ ബോധിപ്പിച്ച മൊഴി. ഈ കേസിൽകൊണ്ട വസ്തുവിനെയും വേറെ വസ്തുക്കളെയുംചേത്തു ൧൦൬൪-ാമാണ്ടു ൨൨-ാംനു അപേക്ഷക്കാരനായ തേവൻ അയ്യപ്പനോടു ൩൦൦൦ പണത്തിനു ഒറ്റി ചാത്തി വാങ്ങിച്ചു അനുഭവിച്ചുവരുന്നതിനാൽ ഒറ്റിയെ [illegible] പേക്ക ഗധിരപ്പെടുത്തി ജന്മിയിടെ പേരിൽ പട്ടയം കൊടുക്കുന്നതു സമ്മതമാകുന്നു. രണ്ടു രജിസ്തരിലും അനുഭവക്കാറിയായി പരമായി കുളത്തൂരാൾ മുൻ ഒറ്റിക്കാറിയാണ്. അവരാൾ ജന്മിയോടു അത്ഥം പററിക്കൊണ്ടു ൧൦൬൪-ാമാണ്ടു വക ൨൨-ാംനമ്പ്രായി എഴുതിക്കൊടുത്ത രജിസ്തർ അത്ഥംപററചീട്ടു ബോധ്യപ്പെടുത്തി തിരിച്ചു വാങ്ങിച്ചിരിക്കുന്നു. ൧൨-ാമതു കളത്തിൽ ആറുമുഖം ഭഗവതിയിടെ മൊഴിയിൽ ഇരണിയൽ കുറ്റാലത്തിനു ഒറ്റി ഉള്ളതായി ബോധിപ്പിച്ചുകണ്ട കുറ്റാലം എന്നത് ഒരു ജ്യേഷ്ഠനാണ്. ഞാൻ ഒറ്റി വാങ്ങിച്ചിരുന്നതുകൊണ്ട ജ്യേഷ്ഠൻെറ പേരിനെ പറഞ്ഞതാണ്. മൊഴി ശരി (ഒപ്പ്)

കേസുനമ്പർ	അഭിപ്രായം	
		അവസാനിപ്പിച്ചു
	൧൩	൧൪
൨൦൪൨	൧-൪-൧൦൭൧ ഈ കേസിന്റെ വെട്ടം തീരുമാനം വിചാരണക്കാരനും ഒപ്പു. (ഒപ്പ്)	രജിസ്റ്ററുംപടി പേർമാറിയും മുൻ ഒറ്റിക്കാരിയുമായ പരമായി കുളത്തൂരാളിടെയും ഇപ്പഴത്തെ ഒറ്റിക്കാരനായ അണ്ണാമല സുബ്രഹ്മണ്യന്റെയും സമ്മതങ്ങളെ അനുസരിച്ചും ജന്മപ്പേരു അവകാശവും തറവാട്ടുമൂപ്പിനേയും സ്ഥാപിച്ചും ഈ കേസിൽ ഉൾപ്പെട്ട സർവെ ൧൨൩൬.ാമതു നമ്പർ വസ്തുവിന് ജന്മബാദ്ധ്യതക്കു അപേക്ഷക്കാരനായ കരിഞ്ഞാംകോട്ട പിള്ളവീട്ടിൽ കണക്കു തേവൻ അയ്യപ്പൻപേരിൽ പതിച്ചു പട്ടയം കൊടുപ്പാൻ തീരുമാനിച്ചിരിക്കുന്നു. ഡിപ്യൂട്ടി സൂപ്രവൈസർ (ഒപ്പ്) ൧൪-൭-൬൧ (ശരിപകർപ്പു) അപേക്ഷക്കാരൻ — സുബ്രഹ്മണ്യപിള്ള മാധവൻപിള്ള അപേക്ഷവന്നതു — ൩-൧൨-൦൭ വശം ആവശ്യപ്പെട്ടതു — ൪-൧൨-൦൭ ഹാജരാക്കിയതു — ടി പകർപ്പിനു ഹാജരാകേണ്ടതു — ടി ടി തയാറായതു — ടി ടി കൊടുത്തതു — ടി വശം ൩ ഒ. ഗു. (ഒപ്പ്) തഹശീൽദാർക്കുപകരം ഡിപ്യൂട്ടി തഹശീൽദാർ (ഒപ്പ്)

Document No. XVI (h)

ആളൂർ പകുതി പേർ പിടിക്കുള്ള വിചാരണപുസ്തകം.

കേസുനമ്പർ		൧	൨൦൪൭
തണ്ടപ്പേരിൽ പതിവുകാരന്റെ പേർ	നമ്പർ	൨	൪൱൰
	പേർ		തിരുവനന്തപുരം ആയ്യംകുഴിവീട്ടിൽ പെരുമാൾ ഈശ്വരി മുതൽപേർ. ഒഴുകംപടി ടി വീട്ടിൽ രാമ ഉമയമ്മയും പെരുമാൾ തേവിയും മുതൽപേർ
പേർപിടിക്കാരൻ അപേക്ഷക്കാരന്റെ പേർ	നമ്പർ	൩	
	പേര്		നല്ലമൺ അധികാരത്തിൽ അയിക്കര വീട്ടുമുറിയിൽ ആയ്യംകുഴിവീട്ടുപേരുള്ള കരിഞ്ഞാംകോട്ടു പിള്ളവീട്ടിൽ കണക്ക തേവൻ അയ്യപ്പൻ
അനുഭവക്കാരന്റെ പേരു		൪	ക്ലാ രജിസ്തരിൽ കരിഞ്ഞാംകോട്ടു കുഞ്ചുവീട്ടിൽ അയ്യപ്പൻ അയ്യപ്പൻ ലാൻറ് രജിസ്തരിൽ ആയ്യംകുഴി വീട്ടിൽ കണക്കുതേവൻ അയ്യപ്പൻ
ഡിമാർക്കേഷൻ പടി	നമ്പർ	൫	൫൱൭൩
	ഫറർ		
ഇനം		൬	രാമനാമഠം വക കുഡുംബപ്പേരതി
നിലമോ പുരയിടമോ എന്നും ഒഴുകുപടി ലക്കവും പേരും		൭	മൈലംകുളം പുരവിൽ പഴൽ മാവടി തടി ഒന്നു വിര ഒൻപതും കുരുണി

കേസ്സുനമ്പർ	വിസ്തീർണ്ണം				ബാദ്ധ്യതകളുടെ പേരു … വും സാരവും
	മുൻകണക്കിൻപ്രകാരം		സർവ്വേപ്രകാരം		
	ഏ.	സെ.	ഏ.	സെ.	
	൪				൫
൧൦൪൮					൧൦൯൦-ാമാണ്ടു മകരമാസം ൧൦-നു അപേക്ഷക്കാരനായ കണക്ക ദേവൻ അയ്യപ്പൻ ബോധിപ്പിച്ചതു. ൧൦൩൭-മാണ്ടു കാലത്തിൽ ചെത്തിട്ടിക്കുന്ന ൧൦൩൭-മാണ്ടു … വസ്തുവിന്റെ ഏതാണ്ട് … ബോധിപ്പിക്കുന്നതുതന്നെ തണ്ടപ്പേരിൽ മുതൽപേർ എന്നതാണെന്നു … എല്ലാമെന്ന് എനിക്കു നല്ല നിശ്ചയമില്ലാ. അവർ എല്ലാപേരും മരിച്ചുപോയി. അവർക്കു … അവകാശിയായി കുടുംബത്തിൽ മൂപ്പായിട്ടു ഞാനല്ലാതെ … സമാവകാശി വേറെ ആരും … ഉള്ളതു. കുടുംബകാര്യങ്ങൾ നടത്തിവരുന്നതു ഞാൻ തന്നെ … രജിസ്റ്ററിൽ പേരുകാരൻ ഞാനാകുന്നു. എന്റെ … തിരുവനന്തപുരത്തു, അരശുംമൂട് … വീടുമായുള്ളതും അവിടെ താമസിച്ചുവന്നതും … പേരു വച്ചു … ഇപ്പോൾ ഞാൻ പാർത്തുവരുന്നതു കരിഞ്ഞോട്ടുകോട്ട പിള്ളവീട്ടിലാണു്. ഈ വസ്തുവിൽ ഞാൻ രജിസ്റ്റർ മാറ്റം ക്ലാർ രജിസ്റ്ററിൽ പേരുകാരനോ ഒറ്റിക്കാരനോ … അനുഭവിച്ചുവരുന്നു. … ഒറ്റിക്കാരൻ തന്നെ ജന്മ ബാദ്ധ്യതക്കു ഞാൻ പാർത്തുവരുന്ന കരിഞ്ഞോട്ടുകോട്ട പിള്ളവീട്ടു … എന്റെ പേർക്കു പട്ടയം തരുവാറാകണം. തണ്ടപ്പേരിൽ മുതൽപേർ എന്നതാണെന്ന … വിവരം അറിഞ്ഞും അയൽക്കാരുസഹിതവും പത്തു ദിവസത്തിനകം ഹാജരായി കൂടുതൽ മൊഴി ബോധിപ്പിച്ചുകൊള്ളാം. മൊഴികേട്ടു ശരി (ഒപ്പു) ൧൦൯൦-ാമാണ്ടു വൃശ്ചികമാസം ൬-നു തിരുവനന്തപുരം നെല്ലനാട് അധികാരത്തിൽ അയിക്കരവീട്ടുമുറിയിൽ … കുഴിവീടുമുള്ള കരിഞ്ഞോട്ടുകോട്ട പിള്ളവീട്ടിൽ കണക്ക ദേവൻ അയ്യപ്പൻ ബോധിപ്പിച്ചമൊഴി. ഈ കേസ്സിലെ തണ്ടപ്പേരുകാരിയായ പെരുമാൾ ഈശ്വരി എന്റെ അമ്മൂമ്മയാണു് മുതൽപേർ എന്നതു എന്റെ വലിയ കാരണവൻ കണക്ക ദേവൻ നാരായണനാകുന്നു. അവർ രണ്ടുപേരും മരിച്ചുപോയി. അവകാശികളിൽ കാരണവസ്ഥാനവും കുടുംബ…ണവും ഞാനാകയാൽ മുൻ അപേക്ഷയനുസരിച്ചു പട്ടയം കിട്ടുവാറാകണം. ഈ വസ്തുവിനെ ഒറ്റിയായിട്ടു ഇപ്പോൾ ഉരണിമൽ കിഴക്കതിൽ ചെട്ടി അണ്ണാമല സുബ്രഹ്മണ്യൻ അനുഭവിച്ചുവരുന്നു. മൊഴി ശരി (ഒപ്പു).

ആധാരമുഖാന്തിരമുള്ള സാക്ഷ്യം	പേർപിടിക്ക സമ്മതിക്കേണ്ട കക്ഷികളുടെ സമ്മതവും അതിനെ സാക്ഷ്യപ്പെടുത്തുന്നവരുടെ വല്ലതുമുണ്ടെങ്കിൽ പേരും ഒപ്പും	സാക്ഷിമൊഴി
൧൦	൧൧	൧൨
	൧-ാമതു കാളത്തിൽ കാണുന്ന ൨-ാമതു ലക്കത്തിനു അധികാരം വെക്കുക കരപ്പം തണ്ടപ്പേരും ഇല്ലാ മണിയം ൧ കണ്ടപ്പേരും ഒഴുക തണ്ടപ്പേരും ലക്കവും ഇനവും ശരിപ്പെടുത്തി മാറി പതിക്കാൻ സക്കാർ സംബന്ധമായി യാതൊരു തടസ്ഥമില്ല കണക്ക മാളപ്പിള്ള (ഒപ്പ്)	അപേക്ഷ വസ്തുവിനേയും അപേക്ഷക്കാരനായ കണക്ക തേവൻ അയ്യപ്പനേയും ഞങ്ങൾ അറിയും ഞങ്ങൾ അയൽക്കാരാകുന്നു. ഈ വസ്തുവിനെ ഇരണിയൽ കീഴത്തെരുവിൽ അണ്ണാമല സുബ്രഹ്മണ്യൻ ഒറ്റിപ്പിടിച്ചനുഭവിച്ചു വരുന്നു. ജന്മബാദ്ധ്യത അപേക്ഷക്കാരനായ കണക്ക തേവൻ അയ്യപ്പനു തന്നെ തണ്ടപ്പേരു അവകാശികളിൽ മുപ്പും ഗ്രഹണവും അപേക്ഷക്കാരനാകുന്നു. മൊഴിശരി അയൽക്കാരനായ പാറശ്ശേരിയിൽ കൃഷ്ണൻ വക നാരായണൻ അയ്യപ്പൻ (ഒപ്പ്) ടി ശേരിപ്പുള്ള പണ്ടാരൻ കൃഷ്ണൻ (ഒപ്പ്). ൧൦൧൦-ാമാണ്ടു ആനിമാസം ൨൦-ാനു ക്ലാ രജിസ്തരിൽ പേഷ്കാരായ കരിത്തൊഴക്കോട്ടുകണ്ടുവിട്ടിൽ അയ്യപ്പൻ അയ്യപ്പൻ ബോധിപ്പിച്ചമൊഴി. ഈ കേസിൽ കൊണ്ട വസ്തുവിന്റെ അപേക്ഷക്കാരനായ കണക്ക തേവൻ അയ്യപ്പൻ ബോധിപ്പിച്ചിട്ടുള്ള മൊഴിവായിച്ചു കേട്ടു. അതിൽ വിവരിക്കുന്നതുപോലെ ഈ വസ്തു എനിക്കു ഒറ്റി അനുഭവമുണ്ടായിരുന്നു. എന്റെ പക്കൽനിന്നും കഴിഞ്ഞാണ്ടു അപേക്ഷക്കാരൻ ഒറ്റി കെട്ടിമീണ്ടു അപേക്ഷക്കാരൻ തന്നെ ഈ വസ്തുക്കളേയും വേറെ വസ്തുക്കളേയും ചേർത്തു ഇരണിയൽ കീഴത്തെരുവിൽ ചെട്ടി കുററാലം എന്നവനു ഒററികൊടുത്തിരിക്കുന്നതിനാൽ അവനെ വരുത്തിപ്രമാണം കാണേണ്ടതാകുന്നു. അതിനാൽ ജന്മബാദ്ധ്യതക്കു അപേക്ഷക്കാരനായ കണക്ക തേവൻ അയ്യപ്പൻ പേരിൽ പട്ടയം കൊടുക്കുന്നതു എനിക്കു പൂർണ്ണസമ്മതം തന്നെ. മൊഴിവായിച്ചു കേട്ടു ശരി (ഒപ്പ്). ൧൦൩൭-ാമാണ്ടു അല്പശിമാസം ൧൯-ാനു ഇരണിയൽ കീഴത്തെരുവിൽ അണ്ണാമല സുബ്രഹ്മണ്യൻ ബോധിപ്പിച്ചമൊഴി ഈ കേസിൽ കൊണ്ട വസ്തുവിനേയും വേറെ വസ്തുക്കളേയും ചേർത്തു ൧൦൩൪-ാമാണ്ടുവക നവംബർ ൩-ാം നമ്പ്രായി അപേക്ഷക്കാരനായ തേവൻ അയ്യപ്പനോടു ൧൦൦൦ പണത്തിനു ഒറ്റി എഴുതിവാങ്ങിച്ചു അനുഭവിച്ചു വരുന്നു. ഇതിലേക്കു ജന്മി അപേക്ഷക്കാരൻ തന്നെ. ക്ലാ രജി. അനുഭവക്കാരനു ഒറ്റി ഉണ്ടായിരുന്നു. അയാൾ അതിനെ പററിപ്പോയതായി ൧൨-ാമതു കാളത്തിൽ മൊഴി കൊടുത്തിട്ടുണ്ടു. ഞാൻ രജിസ്തരും പട്ടി പേഷ്കാരൻ ജന്മിയാകുന്നു. ഈ വസ്തു ഒറ്റിയുള്ളതായി ബോധിപ്പിച്ചിരിക്കുന്ന കുററാലം ജ്യേഷ്ഠനാണു. എന്റെ പേർക്കു ഒററിഉള്ളതുകൊണ്ടു ജ്യേഷ്ഠന്റെ പേരിൻ ഒററിഉള്ളതായി ബോധിപ്പിച്ചിരിക്കുന്നതായിരിക്കും ഒറ്റിപ്രമാണം ബോധപ്പെടുത്തി തിരിച്ചു വാങ്ങിച്ചിരിക്കുന്നു. മൊഴിശരി (ഒപ്പ്.)

ആക്ഷേപക്കതിപ്പേർ പിടിക്കുള്ള വിചാരണപുസ്തകം.

കൈവശക്കാർ	അഭിപ്രായം	
		അവസാനതീർച്ച
	൧൨	൧൨
൧൦൭൭	൧-൧൨-൧൦൭൭ -ാം ഈ കേസിൽ വെച്ചും തിരുത്തും വിചാരണക്കുറിപ്പ് (ഒപ്പ്)	ഈ കേസിൽ സർവ്വേ ൧൨൬ നമ്പർ ഉൾപ്പെട്ടിരിക്കുന്നു. ഈ വസ്തു അപേക്ഷക്കാരനു അവകാശവഴി സിദ്ധിച്ച അവന്റെ ഒറ്റി പ്രകാരം ഇരണിയൽ കീഴത്തെതറവിൽ ചെട്ടി അണ്ണാമല സുബ്രഹ്മണ്യൻ ഒറ്റി ബാദ്ധ്യമായില്ലെപ്പോഴും വസ്തു അനുഭവിച്ചുവരുന്നതായും രജിസ്തരിലെ പേരുകാരന് മുൻ ഒറ്റി ഉണ്ടായിരുന്നതായിട്ടും ഒഴിപ്പിച്ചിട്ടുള്ളപ്രകാരവും ബന്ധപ്പെട്ടവരായ തറവാട്ട് അവകാശിയും തറവാട്ടുമൂപ്പും അപേക്ഷക്കാരനാണെന്നും വിചാരണകളാൽ വ്യവസ്ഥപ്പെട്ടിരിക്കുന്നു. അപേക്ഷപ്രകാരം പട്ടയം കൊടുക്കുന്നതിനു രജിസ്തരിലെ പേരുകാരനും ഇപ്പോഴത്തെ ഒറ്റിക്കാരനും സമ്മതിച്ചു എഴുതിക്കൊടുത്തും പേരു മാറി പതിക്കുന്നതിൽ വിരോധമില്ലെന്നു പിള്ള സാക്ഷിപ്പെടുത്തിയും കാണുന്നുണ്ട്. അതിനാൽ മേൽപ്പറഞ്ഞ വസ്തുവിന് തെളിവനുസരിച്ചു ജന്മബാദ്ധ്യതക്ക അപേക്ഷക്കാരനായ നല്ലമൺ അധികാരത്തിൽ അയിക്കരവിളമുറിയിൽ ആയ്യംകുഴി വീട്ടുപേരുകൂട്ടിയുള്ള കരിഞ്ഞാംകോട്ട പിള്ളവീട്ടിൽ കണക്ക തേവൻ അയ്യപ്പൻ പേരിൽ പതിച്ചു പട്ടയം കൊടുപ്പാൻ തീരുമാനിച്ചിരിക്കുന്നു. ഡിപ്പുടി. സൂപ്രവൈസർ. വി. നാരായണയ്യൻ (ഒപ്പ്) ൧൨-൭ ൧൨, (ശരിപ്പകർപ്പ്) അപേക്ഷക്കാരൻ സുബ്രഹ്മണ്യപിള്ള മാധവൻപിള്ള അപേക്ഷവന്നതു ൩-൧൦-൦൭ വരം ആവശ്യപ്പെട്ടതു ൭-൧൦-൦൭ ടി ഹാജരാക്കിയതു ടി പകർപ്പിനു ഹാജരാക്കേണ്ടതു ടി ടി തയാറായതു ടി ടി കൊടുത്തതു ടി വരം ൭ കാപ്പീസ്റ്റ്. (ഒപ്പ്) മ. ഉ. (ഒപ്പ്). ഡിപ്പ്ടിതഹശീൽദാർ (ഒപ്പ്). പകരം തഹശീൽദാർ.

Document No. XVI (i).

കൊല്ലംകോട്ടപകുതി.

കേസ് നമ്പർ	തണ്ടപ്പേരിൽ പതിവുകാരന്റെ പേർ		പേർപിടിക്കാരൻ അപേക്ഷകന്റെ പേർ		അനുഭവക്കാരന്റെ പേർ	ഡിമാർക്കേഷൻ പടി	
	നമ്പർ	പേർ	നമ്പർ	പേർ		നമ്പർ	ബററർ
൧	൨		൩		൪	൫	
൧൨ [illegible]						൧൯൨൩	...

കൊല്ലംകോട്ടു പകുതി (തുടർച്ച).

കേസ് നമ്പർ	ഇനം	നിലമോ പുരയിടമോ എന്നും ഏതുകരയിൽ ഉള്ള വസ്തുവെന്നും	വിസ്തീർണ്ണം — മുൻ കണക്കിൻ പടി — ഏ.	സെ.	സർവേയിൻ പടി — ഏ.	സെ.	ആവശ്യപ്പെട്ടവരുടെ പേരും	ആധാരമുണ്ടോ ഇല്ലയോ എന്നും	പേർപതിക്കാൻ സമ്മതമുണ്ടോ എന്നും കക്ഷികളുടെ സമ്മതവും ഒപ്പും അതിനെ സംബന്ധിച്ചുള്ള ന്യായങ്ങളും സാക്ഷികളുടെ പേരും ഒപ്പും
൩	൭		൮				൯	൧൦	൧൧
കന്നാരംവക കുഴിപ്പൊരുതി	പുത്തൻ കരപ്പുറത്തിൽ ൧൮ ൽ തെക്കേകരയിൽ പുരയിടം ൧൩൮ ൽ തെക്കേകരയിൽ വിളാകം		൨	൧൦	...	...			ഈ കേസ്സിൽപ്പെട്ട വസ്തുവിന്റെ ഇനവും ലക്ഷ്യവും ശരിതിരുവനന്തപുരത്തു മാമൂലക്കിൽ നമ്പ്യാമ്പത്തുവീട്ടിൽ മാതേവി ശാസ്ത്രയും ചക്കികളിയും വള്ളിപ്പാർപ്പതിയും പേരിൽ ആയക്കെട്ടിൽ പതിഞ്ഞും ടി ഷെപ്പേർക്കാരൻ പേരിൽ ഒററിപ്പെട്ടി തണ്ടപ്പേർ കൊണ്ടിട്ടുള്ളതാണെന്നും കാണുന്നു. പേർമാറി പതിക്കുന്നതിൽ സർക്കാർസംബന്ധമായി വിരോധം ഇല്ല. കണക്കെഴുത്തു രാമൻപിള്ള (ഒപ്പ്) ൧൦-൫-൯൦.

അദാലത്തുപക്ഷക്കാർ അന്യസ്ഥലമാകയാൽ സാക്ഷിമൊഴിയാതിരിത്തു ക്ലാർക്ക് (ഒപ്പ്)

സാക്ഷിമൊഴി

൧൨

൧൦൯൦-ാമാണ്ടു മീനമാസം ൧൨-ാനു ചൂഴാൽദേശത്തു കല്ലുഴമഠത്തിൽ അഗ്രമർ അഗ്രമർ ബോധിപ്പിച്ച മൊഴി.

ഈ കേസിൽ വിവരിച്ച സർവെ ൧൯൨-നമ്പ്ര വസ്തുവിന്റെ പടിഞ്ഞാറ് വച്ചു ചുററുംഉള്ള എൽക്കൽ ഉണ്ടായതു വേധപ്പെടുത്തിയതിൽ വസ്തു ശരിതന്നെ. ഈ വസ്തു പേരിൽ പതിവു കുഡുംബത്തിൽനിന്നു. ഓറിപ്പതിഞ്ഞാൻ അനുഭവിച്ചു തണ്ടപ്പേരിൽ കൂട്ടി കരവുംതീർത്തുവരുന്നു, പ്രമാണം ഇമാസം ൧൪-ാനു ഹാജരാക്കി വിപരമായി കൊടുത്തുകൊള്ളാം. മൊഴികേട്ടു ശരി അഗ്രമർ അഗ്രമർ (ഒപ്പ്). ൯൧ ധനു ൨-നു

ചൂഴാൽ കല്ലുഴമഠത്തിൽ അഗ്രമർ അഗ്രമർ ബോധിപ്പിച്ച മൊഴി. ഈ കേസിൽ കൊണ്ട സർവെ ൧൯൨-ാമതുനമ്പർ വസ്തു ആയ കെട്ടിൽ പതിവുകാററിടെ അവകാശിയായ വഞ്ചിയൂർ അധികാരത്തിൽ പഴവങ്ങാടിയിൽ നന്താവനത്തുവീട്ടിൽ പാർവതി പാർവതിപ്പിള്ളയോടു എന്റെപേർക്ക് ൧൦൮൧ പുരട്ടാശി ൨൮-നു (അസ്സൽ) ൧൫ പണത്തിനും ൧൯൦-ാമതുനമ്പരിൽ എഴുതിയിരുന്ന ഒററിയും കുഴിക്കാണവും ആധാരപ്രകാരം നികത്തി വൃക്ഷാദികളുംവച്ചു അനുഭവിച്ചു കരംതീർത്തു നടന്നുവരുന്നു. തണ്ടപ്പേരുകാരൻ കഴിഞ്ഞുപോയി എനിക്കു പൂർവീകന്മാണു ഒററിപ്പടി തണ്ടപ്പേരിൽ കൊണ്ടതാണ്, മുമ്പ് ഒററി ഉണ്ടായിരുന്നതിനെ പൊളിച്ചെഴുതിയാണു വാങ്ങിച്ചിട്ടുള്ളത്. എഴുതിതന്ന കക്ഷി ഒണ്ടു് പട്ടയം അവളിടെ പേരിൽ കൊടുപ്പാറാകണം മൊഴി ശരി അഗ്രമർ അഗ്രമർ (ഒപ്പ്). ക്ലാക്ക് (ഒപ്പ്).

൧൦൯൧-ാമാണ്ടു ആനിമാസം ൧൮-ാനുലെ കേസ്സിലെ അപേക്ഷവസ്തുവെയും ഒററികൊടുത്തിട്ടുള്ളതായി കാണുന്നു. ആയതുകൂട്ടു അവകാശിയായ പാർവതിപ്പിള്ളപാർവതിപ്പിള്ളയെയും ഞങ്ങളറിയും അയൽക്കാരാകുന്നു. ഈ വസ്തു ഒററിബാദ്ധ്യതയിന്മേൽ തനമേനിയുംകൈപ്പുഴയും മഠത്തിൽ അഗ്രമർ അഗ്രമർ അനുഭവിച്ചുവരുന്നു. ആയതുകൂട്ടു അവകാശികൾക്കു പട്ടയം കൊടുക്കുന്നതിൽ വിരോധം ഇല്ല മൊഴികേട്ടു ശരി തെക്കുംഞ്ചേരിയിൽ ഇടവിളാകത്തുവീട്ടിൽ കണക്ക ഈശ്വരൻ അഴകൻ (ഒപ്പ്). കല്ലുവിളവീട്ടിൽ പെരുമാൾ അയ്യപ്പൻ (ഒപ്പ്).

സെക്ഷൻ നമ്പർ അഭിപ്രായം	അവസാനതീർച്ച ചെയ്ത പൈന്നം ൧
൧൩	൧൪
൧൮൭ വെട്ടത്തുനാട്ടു വാർജിയും കരുനാഗപ്പള്ളി ക്ലാർക്ക് കെ. നാരായണപിള്ള (ഒപ്പ്) ൮-൮-൮൭	തീർച്ച് ഈ കേസിൽ അടങ്ങിയ വസ്തുവിനെ ജന്മംപാട്ടിൽ പതിവുകാരിടെ അവകാശിയായ പാർവതിപ്പിള്ളയോടു തണ്ടപ്പേരവകാശിയായ രജിസ്റ്ററിൽ പേരുകാരൻ രജിസ്റ്റർമാറ്റം ഒഴിവാക്കി അനുഭവിച്ചുവരുന്നതെന്നു ജന്മബാധ്യതയ്ക്കു ആയക്കെട്ടവകാശിയുടെ പട്ടയം കൊടുക്കുന്നതു സമ്മതമെന്നും തണ്ടപ്പേരുകാരൻ പൂർവീകനായിരുന്ന മരിച്ചുപോയതാണെന്നും രജിസ്റ്ററിൽ അനുഭവക്കാരനായ അഗ്രമർ അഗ്രമനും അനുകൂലമായി അന്യസാക്ഷികളും മൊഴി കൊടുത്തു കാണുന്നുണ്ട്. അപേക്ഷക്കാരിയായ പാർവതിപ്പിള്ള അന്യസ്ഥലത്തുകാരിയാകയാൽ സാക്ഷിയെ ഹാജരാക്കി കേസിനെ അവസാനിപ്പിച്ചിട്ടുള്ളപ്രകാരം ക്ലാസിഫയറിടെ സാക്ഷ്യത്താൽ കാണുന്നുണ്ട്. പാർവതിപ്പിള്ളയുടെ രജിസ്റ്റർ ഒഴിവുപ്രകാരം അനുഭവമെന്ന പ്രമാണം ബോധിപ്പിച്ചതിൽ തണ്ടപ്പേർ അവകാശി സമ്മതിച്ചിരിക്കുന്നസ്ഥിതിക്കു അന്യസ്ഥലത്തു നിന്നും കക്ഷിയെവരുത്തി അപേക്ഷ മൊഴി വാങ്ങിക്കാതെ തീരുമാനിക്കുന്നതിൽ ബാധകം ഇല്ലെന്നു തോന്നുന്നതും ഒഴിവുകൊടുക്കപ്പെട്ട കക്ഷിക്കു സമാവകാശി ഇല്ലെന്നു വെളിവായിട്ടില്ലാത്തതും ആകുന്നു. ഈ വസ്തുവിന്റെ ഇനം കരാണ്മ. മറുവക കുഴിക്കാണപ്പാട്ടതിയെന്നു കാണുന്നു: പട്ടയബാധ്യത സ്വകുടുംബത്തിൽ വെക്കുന്നതായും കാണുന്നുണ്ട്. അതിനാൽ സർവെ ൧൭ ന്യൂമെഷർനമ്പ്ര വസ്തുവിനു ആയക്കെട്ടവകാശിയായ പഴവങ്ങാടിയിൽ നന്താവനത്തുവീട്ടിൽ ചാവ്വതിപാർവ്വതിപ്പിള്ളയിടെ പേരിൽ പേരുമാറിപതിച്ചു പട്ടയംകൊടുപ്പാൻ തീരുമാനിച്ചിരിക്കുന്നു, വെട്ടിത്തിരുത്തിൽ അടയാളം ഉണ്ട്. ഉത്തരവുംപ്രകാരം ചെക്കിംഗ് അസിസ്റ്റന്റ് പി. തൊമ്മസ്സുപിള്ള (ഒപ്പ്). ൧൦-൮-൮൭. (ശരിപകർപ്പ്)

Document No. XVII.

നംബർ ൨൩൫൨ / ഡി.

ഹജൂർക്കച്ചേരി,
തിരുവനന്തപുരം.

൧൨ / ൧൧—. വൃ ൭. / ൧൩

മതിലകത്തു മാൎത്താണ്ഡമഠത്തിൽ പ്രവൃത്തി ശ്രീവരാഹത്തുവിള യിൽവീട്ടിൽ കാളിയമ്മപ്പിള്ള ഈശ്വരിപ്പിള്ള.

മതിലകത്തു നടത്തേണ്ട പ്രവൃത്തിക്കായി കുഡുംബപ്പൊരുതിപ തിഞ്ഞിട്ടുള്ള മുട്ടത്തറപകുതിയിൽ സൎവ്വെ ൧൪൧-൦ ൧൪൩-൦ നമ്പ്ര വസ്തുക്കൾ കാരണവന്മാർ അന്യാധീനപ്പെടുത്തിയിട്ടുള്ളതിനെ ഒഴിപ്പിച്ചു കൊടുക്കണമെന്നു ൧൦ വൃന്ന കൎക്കടകം ൧൩-ന്നു ബോധിപ്പിച്ച ഹ ൎജിക്കു

ഇണ്ടാസ്.

ഹർജി തള്ളിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഗവൺമെൻറു അണ്ടർ സെക്രട്ടറി,
എം. രാജരാജവൎമ്മരാജ (ഒപ്പ്.)

Document No. XVIII.

R. Dis. No 36/30/Rev.

Huzur Cutcherry,
Trivandrum, 9th January 1930.

Endorsement on petition dated the 11th Thulam 1101 from V. Gouri Amma Pillai of Attara house, Pazhavangady praying for the resumption and reattachment to the services of the Kudumbaporuthi lands comprised in Survey No. 2740 of the Chengalacherry Pakuthi, Trivandrum Taluk, granted to her family.

The petitioner is informed that the proper course for her is to settle her rights in a court of law. The petition is rejected.

(Sd.) T. P. RAMASUBBA AIYAR,
For *Chief Secretary to Government.*

To

V. Gouri Amma Pillai,
Attara house, Pazhavangady,
Trivandrum.

R. Dis. No. 36/30/Rev.

Huzur Cutcherry,
Trivandrum, 9th January 1930.

Copy forwarded to Mr. V. Achutha Menon, B. A., B. L., on behalf of the Counter-petitioner J. Rukmini Amma of Palippura Veedu, Pazhavangady, Trivandrum.

(Sd.) T. P. RAMASUBBA AIYAR,
For *Chief Secretary to Government.*

(True copy.)
N. A. GANGADHARA MENON,
Vakil.

Document No. XIX.

C. No. 2529/30.

Office of the Land Revenue and Income
Tax Commissioner, Trivandrum, 1-3-1932.

From

The Land Revenue and Income Tax Commissioner,
Trivandrum.

To

The Chief Secretary to Government,
Trivandrum.

Sir,

With reference to your letter R. O. C. No. 2431/30/Rev., dated 26-7-1930, *re*: petition from Valli Amma Gouri Amma praying for the resumption of certain Kudumbaporuthi lands granted to Attara Veedu I have the honor to forward herewith copy of letter R. O. C. No. 5846 of 1105, dated 29-1-1931 with its enclosures, received from the Dewan Peishkar, Trivandrum on the subject. It will be seen therefrom that many properties granted to the petitioner's family including Survey No. 2740 of the Chengazhaseri Pakuthi referred to in *G. O. Dis No. 36/30, dated 9-1-1930,* are found to have been alienated and that all of them may be resumed. It is seen that the petitioner had applied in 1101 for the resumption of the Kudumbaporuthi land comprised in the above Survey Number and that Government ordered *in their G. O. quoted above,* that the proper course was to leave the petitioner to

settle her rights in a Court of law and rejected the petition. The Dewan Peishkar is of the opinion that the G. O. may be made to apply to all the properties involved in the petition. I agree with him. There appears to be no special grounds why the Government order should be revised. I request orders in the matter.

I have etc.,

(Sd.) S. C. H. ROBINSON,

Land Revenue and Income Tax Commissioner.

(True copy.)

K. N. KESAVA PILLAI,

Kudumbaporuthi Special Officer

Document No. XX.

തിരുവുചുരുണനമ്പർ ൪ ൧.

: മലയാഴ്മ

ഇരാമജയം

നീട്ടുകൊടുത്ത വകക്ക അന്നവു.

തിരുവനന്തപുരത്തു പെരുമാൾ ശ്രീപത്മനാഭപെരുമാൾ ക്ഷേത്രത്തിൽ ശ്രീപത്മനാഭൻ തിരുമഠത്തിൽ പാറക്കാട്ടുവീട്ടിൽ പിള്ളമാർ നിത്ത്യപ്പടിയും നടത്തിപ്പൊന്ന പൂജയും സ്ഥാനവും കല്പിച്ചു ടി വീട്ടിൽ കണക്ക തേവൻ മാത്താണ്ഡനേയും ടി യാൻെറ അനന്തിരവനെയും ആക്കകയിൽ നീട്ടുകൊടുത്ത വകക്ക അന്നവു.

൯൨൯-മാണ്ടു ആടിമാസം ൧൬-

